REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

# ചിത്രവാരിക

4th VRISCHIGOM 1110

19th NOVEMBER 1934.




'മിസ്സ് ലണ്ടൻ'

സൌന്ദര്യമത്സരത്തിൽ ഹാമർസ്മിത്തിൽവച്ചു 'മിസ്സ് ലണ്ടൻ' ആയി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മിസ്സ് ബെററി താർ. U. P. S.

VOL. VII. NO. 11

Price As. 2. വില ൨ ണ.

# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൭ | ൧൧൧൦ വൃശ്ചികം ൪-ാംനു- തിങ്കളാഴ്ച. | ലക്കം ൧൧.



നൂർജിഹാനും കെമിസ്റവം.

(ദിഗ്‌വിർ സിനെടോൺ കമ്പനി വക "നെകി-കാ-രാജ്" എന്ന ഹിന്ദിചരിത്രത്തിലെ ഒരു രംഗം)

# വി. സി. ബാലകൃഷ്ണപ്പണിക്കരുടെ കവിത.

കെ. ഗോവിന്ദൻ ബി. എ.

ഭാഷാകവികളുടെ കൂട്ടത്തിൽ പ്രശസ്തമായ ഒരു സ്ഥാനത്തെ അർഹിക്കുന്ന ഒരാളാണു ചരിതമാത്രശേഷനായ ശ്രീമാൻ വി. സി. ബാലകൃഷ്ണപ്പണിക്കർ. ബാല്യകാലത്തിൽതന്നെ കവിതാവാസന വികാസദശയെ പ്രാപിക്കയാൽ സ്വല്പകാലംകൊണ്ടുതന്നെ കൈരളീഭക്തന്മാരുടെ വാത്സല്യഭാജനമായിത്തീൎന്ന അദ്ദേഹം തന്റെ അകാലചരമംകൊണ്ടു ഭാഷാദേവിയേയും മലയാളികളേയും വ്യാകലചിത്തരാക്കിത്തീൎത്തു. അകാലചരമംകൊണ്ടും, കവിതാവാസനാവിശേഷംകൊണ്ടും പ്രസ്തുത കവി ഇംഗ്ലീഷ് ഭാഷാനഭോമണ്ഡലത്തിലെ പ്രസ്തുത്യതാരമായിരുന്ന കീററ്സ് (Keats) എന്ന കവിയോടു് സാധൎമ്മ്യം വഹിക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

ദേവീസ്തവം, സാമ്രാജ്യഗാഥ, ഒരു വിലാപം, ഭൂപാലമംഗളം, വിശ്വരൂപം, ഹാനോവർവംശാവലി, ദുൎഗ്ഗാഷ്ടകം, ചില നീതിസാരങ്ങൾ, മങ്കിഗീത, നാഗാനന്ദം, നിശ, ശ്രീവാസുദേവാഷ്ടകം, ഇന്ദുമതീസ്വയംവരം തുടങ്ങിയവയാണു് പണിക്കരുടെ കൃതികളായിട്ടു് ശ്രീമാൻ പി. വി. കൃഷ്ണവാൎയ്യർ അവർകളുടെ മഹനീയമായ പ്രസാധകത്വത്തിൽ പ്രസിദ്ധീകൃതമായിട്ടുള്ളതു്. കുമാരസ്തോത്രമാല, കുമാരചരിതം, മാനവിക്രമീയം, എന്നു മൂന്നു കൃതികൾ അജ്ഞാതപ്രായമായിട്ടുണ്ടെന്നും പ്രസ്തുത പ്രസാധകൻ അഭിപ്രായപ്പെടുന്നു. ഓരോസന്ദർഭങ്ങളിലായിട്ടു് പണിക്കരവർകൾ എഴുതിയിട്ടുള്ള ഒററ ശ്ലോകങ്ങൾ ഒന്നുംതന്നെ ഈ കവിതാസമുച്ചയത്തിൽ ചേൎത്തുകാണാത്തതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ കവിതാവാസനാവാസിതമായ ഹൃദയത്തിൽനിന്നും ഉൽഭൂതമായിട്ടുള്ള സ്വച്ഛന്ദവാഗ്വീചികളായ ഒററശ്ലോകങ്ങളിൽ അതിയായ ആശയധാടിയും ചമൽക്കാരപാരമ്യവും ഉണ്ടെന്നു എവിടെനോക്കിയാലും അയത്നം കാണ്മാൻ സാധിക്കുന്നതാണു്. ദ്വിതീയാക്ഷരപ്രാസവാദകോലാഹലവേളയിൽ വലിയകോയിത്തമ്പുരാനെ അകാരണമായി ആക്ഷേപിച്ചുകൊണ്ടു് ഒരു ലേഖനം ആരോ പണിക്കരുടെ ആധിപത്യത്തിൽ നടന്നുവന്ന പത്രത്തിൽ പ്രസിദ്ധീകരിച്ചുവെന്ന കാരണവശാൽ പരിഭ്രതനായ വലിയകോയിത്തമ്പുരാന്റെ പരിഭവശമനത്തിനുവേണ്ടി പണിക്കർ എഴുതിഅയച്ച ഒരു ശ്ലോകം തന്റെ സാമാന്യഭിന്നമായ കവനവൈദഗ്ദ്ധ്യത്തിനും വാക്യനിശിതത്വത്തിനും മകുടോദാഹരണമാണു്.

"മൂന്നാണങ്ങേയ്ക്കുപണ്ടേ ദയിതകളവരിൽ
സ്വസ്ഥയായ് ഏക,കഷ്ടം!
പിന്നീടുള്ളോൾപുകൾപ്പെണ്ണവളപരപുരാന്തങ്ങളിൽസഞ്ചരിപ്പൂ
ഭാഷായോഷിത്തുപെററിപ്രജകളധികമായ് അങ്ങനൎത്ഥത്തിലായി,
വാൎദ്ധക്യംകൊണ്ടവററിൽചിലതിനു
ചിലവേകാനുമാകാതെയായോ?".

എന്നാണു് ആ ശ്ലോകം. ഇതിൽ കോയിത്തമ്പുരാനെ ത്രികളത്രനായി സങ്കല്പിക്കുന്നു. അവരിൽ വഞ്ചിരാജകുലവൎദ്ധിനിയും, അക്ഷീണലാവണ്യധാമവുമായ "ഇഷ്ടപ്രാണേശ്വരി" ആദ്യംതന്നെ സ്വൎഗ്ഗസ്ഥയായി. ദ്വിതീയപത്നിയായ 'യശസ്സ്' സകലലോകവ്യാപിനിയാകയാൽ, അപരപുരസഞ്ചാരിണിയായിത്തീൎന്നു. തൃതീയപത്നിയായ "മലയാള"ഭാഷയാണെങ്കിൽ വൎദ്ധിതസന്താനയായും പരിലസിക്കുന്നു. പൊരുളില്ലാതായി എന്നുമാത്രമല്ല വൃദ്ധനുമാകയാൽ സന്തതികൾക്കു് ചിലവിനുകൊടുക്കുന്നതിനുപോലും സാധിക്കാതെയായോ എന്നു ചോദ്യം. ഇത്രയുമാണു ശ്രവണമാത്രയിൽതന്നെ ഉണ്ടാകുന്ന അൎത്ഥയോജന. പക്ഷേ സൂചനാജന്യമായ ഉത്തേജകത്വത്തിന്റെ ഭംഗി ഒന്നു വേറേതന്നെയാകുന്നു. ആദ്യത്തെ പത്നിയായ "ലക്ഷ്മിഭായി" സ്വസ്ഥയാകുകയാണു ചെയ്തതു് തിരുമനസ്സിലെ ധൎമ്മപത്നിയായി ഭവിക്കനിമിത്തം, ബ്രഹ്മൈക്യത്തിൽമാത്രമുള്ള ആ സ്വാസ്ഥ്യതയെ ആ സ്ത്രീമതല്ലിക പ്രാപിച്ചുവെന്നു് വന്നതു് റാണിയെസംബന്ധിച്ചിടത്തോളം വലിയ സിദ്ധിതന്നെ. എങ്കിലും ആ ശുഭചരിതയുടെ വിയോഗം ജനങ്ങൾക്കു് വ്യസനജനകംതന്നെ എന്ന സംഗതി സ്മരിക്കയാൽ കവിയിൽനിന്നു കഷ്ടം! എന്ന നിർവേദസൂചന പുറപ്പെടുന്നു. യശസ്സിന്റെ അപരപുരസഞ്ചാരംകൊണ്ടു തിരുമനസ്സു് ദിഗന്തവിശ്രാന്തകീൎത്തിയായിതീരുന്നതും ഭാഷയെസംബന്ധിച്ചു് നോക്കുന്നതായാൽ അനവധി പ്രബന്ധസന്താനങ്ങൾ ഉത്ഭവിച്ചു് ബഹുപ്രസവയായി പ്രശോഭിക്കുന്നതും കോയിത്തമ്പുരാന്റെ ഭാഷാപോഷണവിഷയമായ യത്നവും തന്നിമിത്തം ലബ്ധമായ യശസ്സും എത്രമാത്രം ഉൽക്കർഷാതിശയത്തെ പ്രാപിക്കുന്നുണ്ടെന്നുള്ളതിനെ ഘോഷിക്കുന്നു. ഇതുപോലെ ചമൽക്കാരസാരമയമായ വാഗ്വിലാസധാരയെഅധികകാലം ആസ്വദിക്കുന്നതിനു സാധിക്കാതെ വന്നതിൽ ഖേദിക്കയേ്തരമുള്ളൂ. പണിക്കരുടെ കൃതികളിൽവച്ചു് പ്രമുഖപ്രശംസയെ അർഹിക്കുന്നവ, 'ദേവീസ്തവം', 'ഒരു വിലാപം', 'വിശ്വരൂപം' ഇവയാകുന്നു. ഇവയാണു് സാഹിത്യലോകത്തിൽ അദ്ദേഹത്തെ ലബ്ധപ്രതിഷ്ഠനാക്കിത്തീൎത്തതു്. ബാക്കിയുള്ളവ അദ്ദേഹത്തിന്റെ ബാല്യകവനങ്ങളും മററുമാകയാൽ ഗുണാംശം അധികം ഉണ്ടായിരിക്കുമെന്നു പ്രതീക്ഷിക്കാവുന്നവയല്ല. അവയിൽ 'സാമ്രാജ്യഗാഥ' 'ഡില്ലി'ദർബാറിനെസംബന്ധിച്ചും, 'ഭൂപാലമംഗളം' ജോർജ്ജ് ചക്രവൎത്തിയുടെ മഹിമാതിശയത്തെ വൎണ്ണിച്ചുകൊണ്ടും, ഹാനോവർവംശാവലി, ഖ്യാതമായ ഹാനോവർവംശ (The House of Hanoever) പരമ്പരയെ പുരസ്കരിച്ചും എഴുതിയിട്ടുള്ളവയാകുന്നു. "ചില നീതിസാരങ്ങൾ" ബാലന്മാരുടെ അപഥപ്രവൃത്തിപ്രസക്തിയെ നിയന്ത്രിക്കുന്നതിനുവേണ്ടി രചിച്ചിട്ടുള്ളതും, "മങ്കിഗീത" മഹാഭാരതത്തിൽനിന്നും എടുത്തു് കിളിപ്പാട്ടാക്കിയിട്ടുള്ളതും ആകുന്നു. 'നാഗാനന്ദ'ത്തിലെ കഥാവസ്തു ശ്രീഹർഷന്റെ 'നാഗാനന്ദം' നാടകത്തിന്റേതിൽനിന്നും വ്യത്യസ്തമല്ല. 'കേശവാഷ്ടകം'എന്ന പേരിൽ ഭാഷാപോഷിണിയിൽ കെ. സി. കേശവപിള്ള പ്രസിദ്ധംചെയ്തിരുന്ന കാവ്യഖണ്ഡത്തെ അനുകരിച്ചു് പണിക്കർ എഴുതിയിട്ടുള്ളതാണു് 'ശ്രീവാസുദേവാഷ്ടകം'. നിശ, ദുൎഗ്ഗാഷ്ടകം തുടങ്ങിയവ സ്വതന്ത്രകവനങ്ങളുടെ കൂട്ടത്തിൽതന്നെ ഉൾപ്പെടുന്നു.

ഇന്ദുമതീസ്വയംവരം നാടകം ചെറുപ്പകാലത്തിൽ എഴുതിയിട്ടുള്ളതാകുന്നു. കഥാബന്ധത്തിന്റെ വൈചിത്ര്യംകൊണ്ടോ കവിതയുടെ വൈശിഷ്ട്യംകൊണ്ടോ പറയത്തക്ക ഗുണാധിക്യം അതിനുണ്ടെന്നു തോന്നുന്നില്ല. ഇതിലെ ചില ഭാഗങ്ങൾക്കു ശാകുന്തളത്തിലെ ചില ഭാഗങ്ങളുമായി ദൃശ്യമായ സാദൃശ്യമുണ്ടെന്നുപറയാതെ തരമില്ല. ഉദാഹരണമായി മൂന്നാംഅങ്കത്തിൽ മന്മഥതാപാതുരയായ ഇന്ദുമതിയെ 'കാന്തകൻ' കാണുന്നഭാഗം ശാകുന്തളത്തിൽ ദുഷ്ഷന്തൻ ഇതേരീതിയിൽതന്നെ ശകുന്തളയെ കാണുന്ന ഭാഗത്തോടു താരതമ്യപ്പെടുത്താം.

'പാരംഗണ്ഡം വിളൎത്തും പനിമതിസമമാ-
മാസ്യമേററംകരിഞ്ഞും
സാരം പൂമേനിവാടിസ്സരസിജബിസമെ-
ന്നുള്ള വൎണ്ണം കുഴഞ്ഞും
താരമ്പൻതട്ടിവിട്ടീടിന കടുകണകൾ-
ക്കൊക്കെയുംലക്ഷ്യമായി
സൈ്വരംക്രൂടാതെതാനെൻപ്രിയരമണികിട
ക്കുന്നു പൂമെത്തയിന്മേൽ.

(ഇ. സ്വ. 3—14.)

എന്ന ശ്ലോകം ശാകുന്തളത്തിലെ

"ഒട്ടിഹന്ത!കവിൾത്തടം കുചമതിൽകാ-
ഠിന്യമസ്പഷ്ടമായ്
തട്ടീവാട്ടമരയ്ക്കുതോളുകൾതുലോം
താഴ്ന്നു വിളർത്തുനിറം
കോട്ടംമന്മഥനാലണഞ്ഞിടുകിലും
തന്വംഗിരമ്യാംഗിതാൻ
കോടക്കാററടിയേററു വെള്ളിലകൊഴി-
ഞ്ഞിട്ടുള്ളവാസന്തിപോൽ."

(ശാ. 3—7.)

എന്ന ശ്ലോകത്തിന്റെ ഛായമാത്രമാണു് എന്നുതോന്നിപ്പോകും. അതുപോലെതന്നെ

ഇന്ദുമതീസ്വയംവരം നാലാം അങ്കാരംഭത്തിലെ

"ഉണ്ടയെൻപിറകിലുണ്ടതേത്തുംനരണ്ട-
 കൊണ്ടുതലയെത്തിരി-
ച്ചിണ്ടലോടു മമബാഹുവിൽചതുര-
 നോട്ടമിട്ടു പലവട്ടവും
കണ്ടമൂർഛ പടികളൊക്കെയുംനിജ ജവത്തി-
 നാലിഹ തകർത്തുതൻ
നീണ്ടതാംചെവിയുയർത്തി മാനിതു കതി-
 ച്ചിട്ടുന്നുബത!കാറ്റുപോൽ
 5—2.

എന്ന ശ്ലോകം ശാകുന്തളത്തിലെ

പിന്നിട്ടെത്തുന്നതേരിൽ ഗളമഴകിൽവള-
 ച്ചിട്ടു നോട്ടങ്ങൾചെയ്തും
പിൻഭാഗംമിക്കവാറും ശരവരവുഭയന്നു-
 ള്ളിലേക്കായ്ചുളിച്ചും
വക്ത്രംവിടർത്തുന്നുവീഴുന്നൊരുതൃണകബളം
 മാർഗ്ഗമധ്യേ പൊഴിച്ചും
പാർത്താലുയർന്നുചാഞ്ഞതിടുന്നു നെടിയകുതിക-
 ളാൽ ഭുവിലേക്കാൾ നഭസ്സിൽ.
 1—7.

എന്ന ശ്ലോകത്തോടും

ഇന്നിതിന്റെവലുതായവേഗമതുകൊണ്ടു
 കണ്ടിട്ടുകനിശ്ചയം
നിന്നിട്ടുന്നതരുസഞ്ചയം സകലമോടി
 ടുന്നവിധമായിതേ
മുന്നിലുള്ളപശുപക്ഷിവൃക്ഷസരസീഗ-
 ണങ്ങളുമാത്രയിൽ
പിന്നിലായിഹ വരുന്നഹന്ത!ബഹുദൂരവഗി-
 യിക്കുതിര നിശ്ചയം
 ഇന്ദു. 4—4.

എന്ന ശ്ലോകം ശാകുന്തളത്തിലെ

നോട്ടത്തിൽ ചെറുതായ്നിനപ്പതുടനേ
 തോന്നുന്നു വമ്പിച്ചതായ്
നേരേ ത്താല ടവിട്ടുനില്പതുനിക-
 ന്നീട്ടുന്നതൊന്നിച്ചപോൽ
വക്രിച്ചുള്ളൊരു വസ്തുദൃഷ്ടിയിൽനിവ-
 ന്നീടുന്നു,റേഗത്തിനാൽ
പക്കത്തില്ലൊരുകാണിനേരവുമെനി-
 ക്കൊന്നെങ്കിലും ദൂരെയും
 ഭാ. ശാ. 1—9

എന്ന ശ്ലോകത്തോടും ഛായാസാമ്യം വഹിക്കുന്നു. ഉത്കടമായ സാമ്യത്തിന്നു ശാകുന്തളവുമായുള്ള കവിയുടെ ദൃഢപരിചയം ഒരുപക്ഷേ കാരണമായി ഭവിച്ചിരിക്കാം.

ഭാവിയിൽ സംഭവിക്കാനിരിക്കുന്ന സർവ്വസംഗതികളുടേയും സൂക്ഷ്മമായ അംശങ്ങൾ ബാല്യത്തിൽതന്നെ മനുഷ്യരിൽ ലീനമായി സ്ഥിതിചെയ്യുന്നുണ്ടെന്നും പരിസരങ്ങൾ അനുകൂലങ്ങളായിത്തീരുമ്പോൾ അവ പരിപക്വാവസ്ഥയെ പ്രാപിച്ച് പുഷ്ടിപ്പെടുക മാത്രമേ ചെയ്യുന്നുള്ളൂ എന്നും അഭിജ്ഞന്മാർ പ്രകടിപ്പിക്കുന്ന അഭിപ്രായത്തിലെ സാരാംശം പണിക്കരുടെ കാര്യത്തിലും മാനദണ്ഡമായി സ്വീകരിക്കുന്നപക്ഷം ഭാവിയിൽ ഒരു വിശിഷ്ടകവിയായിത്തീരുന്നതിനുള്ള സർവ്വസൂക്ഷ്മാംശങ്ങളും അദ്ദേഹത്തിന്റെ ബാല്യകവനങ്ങളിൽതന്നെ തെളിഞ്ഞും മാഞ്ഞും കാണുന്നുണ്ടെന്ന് വാദിക്കാവുന്നതാണ്.

പണിക്കരുടെ യശഃസ്തംഭസ്ഥാപനത്തിനു സുസ്ഥിരാധാരമായിത്തീർന്നിട്ടുള്ള തന്റെ ശ്രേഷ്ഠകാവ്യങ്ങളെപ്പറ്റിയുള്ള ചിന്തയാണ് തുടർന്നതായി വേണ്ടിയിരിക്കുന്നത്. 'ദേവീസ്തവം', 'വിലാപം', 'വിശ്വരൂപം' എന്ന മൂന്നു കവനങ്ങളും നിസ്തുലമായ കവിതാവാസനയുടേയും, പ്രകടമായ പാണ്ഡിത്യത്തിന്റേയും സന്ദർഭോചിതമായ അലങ്കാരപ്രയോഗത്തിന്റേയും പ്രദർശനശാലകളാകുന്നു. 'ദേവീസ്തവ'ത്തിൽ ആകപ്പാടെ വെറും ശ്ലോകങ്ങളേ ഉള്ളൂ എങ്കിലും അവ സാരസ്യസംപൂർണ്ണങ്ങളും, ഭക്തിരസനിഷ്യന്ദികളുമാകുന്നു. കവികൾ സാധാരണയായി ദേവിഭക്തന്മാരായിട്ടാണ് കാണപ്പെടുന്നതു. ഭക്തിലഹരിയിൽ കവിതാസരിത്ത് ഉദ്വേലമായി പ്രവഹിക്കുമെന്നാണല്ലോ ഭക്തന്മാരുടെ വിശ്വാസം. ഭക്തിശക്തികൾ യുക്തികൾതമ്മിൽ വലിയ യോജിപ്പെന്നും കാണാറില്ല. 'ദേവീസ്തവം' പൂർവ്വകവികളുടെ രീതിയെ അടിസ്ഥാനമാക്കി എഴുതിയിട്ടുള്ളതാണ്. 'ഒറവങ്കരയുടെ ദേവീസ്തവ'വും ഇതുപോലെയുള്ള ഒന്നാണ്. എന്നാൽ പണിക്കരുടെ സ്തവത്തിനാണ് മാറ്റ് കൂടുതലുള്ളത്.

ഭിന്നഭിന്നങ്ങളായ ജീവരാശികളെ പരസ്പരബന്ധനത്തോടുകൂടി സൃഷ്ടിചക്രത്തിൽ വർത്തിപ്പിക്കുന്നതിനു കാരണഭൂതവും രോഗദാരിദ്ര്യാദിപീഡകളിൽപ്പെട്ടുഴലുന്ന മനുഷ്യവർഗ്ഗത്തിനു ആലംബനരത്നവുമായ സർവ്വാതീതമഹാശക്തി പ്രാരബ്ധക്ലേശങ്ങളിൽ നിന്നും മുക്തിയെ പ്രദാനംചെയ്യുന്നതിനുള്ള പ്രാർത്ഥനാപരമായ പദ്യങ്ങളാണ് പ്രസ്തുതകൃതിയിൽ ഉള്ളതു. ഇവയിൽ 'ഒന്നായ്കാണംപ്രപഞ്ചച്ചെടിയുടെ മുരടാണെങ്കിലും' 'സാരസ്ത്രവമാംബുഭാണ്ഡചുള്ളി' 'ശ്രീചക്രത്തിൽതട്ടക്കം', "കാലാഗ്നിപോലെ" എന്നുതുടങ്ങുന്ന പദ്യങ്ങൾ അതിയായ പ്രശംസയെ അർഹിക്കുന്നവയാകുന്നു.

ദൃഢാനുരാഗിണിയും, വിശിഷ്ടഗുണസമ്പന്നയുമായ പ്രിയതമ വിഷൂചികാരോഗം നിമിത്തം പരലോകഗതയാകയാൽ പ്രിയതമൻചെയ്യുന്ന വിലാപനമാണ് 'ഒരു വിലാപ'ത്തിലെ വിഷയം. ഇതിന്റെ ആദ്യംതന്നെ

"തിങ്ങിപ്പൊങ്ങുംതമസ്സിൽകടലിലൊരുകുടം
 പോലെ ഭൂചക്രവാളം
മുങ്ങിപ്പോയീമുഴക്കെക്കളിനിളകുമിളം
 കാറ്റുതാനേനിലച്ചു
മങ്ങിക്കാണുന്നാലോകപ്രകൃതിയുടെപക-
 പ്പെന്നമട്ടന്നുമൌനം
താങ്ങിക്കൊണ്ടർദ്ധരാത്രിക്കൊരുപുരുഷനിരു-
 ന്നീടിനാനാടലോടെ"

എന്നുതുടങ്ങുന്ന പദ്യത്തിൽതന്നെ ശോകച്ഛായയുടെ നിഴലാട്ടത്തിനു അനുകൂലമായ ഒരു യവനിക കവി സൃഷ്ടിച്ചുകാണുന്നു. നിബിഡമായ തമസ്സിൽ ഭൂചക്രവാളം ആകപ്പാടെ ആണ്ടുകഴിഞ്ഞു. അന്തരീക്ഷം നിർവ്വാതമായി മങ്ങിയ പ്രകൃതിയുടെ പകപ്പെന്നപോലെ മൗനമായി, പ്രിയതമയുടെ മൃതശരീരവുംതാങ്ങിക്കൊണ്ടു അർദ്ധരാത്രിസമയത്തു ഏകനായിരിക്കുന്ന അവസ്ഥയെയാണ് കവി പഠികയായി സ്വീകരിച്ചു വർണ്ണിച്ചിരിക്കുന്നത്. പ്രകൃതിയുടെ ഭയാനകത്വം, എത്ര മനോഹരമായി വർണ്ണിച്ചിരിക്കുന്നുവെന്നു നോക്കുക. ആശയങ്ങളെ ആവഹിക്കുന്നതിനു ഉപയോഗിച്ചിരിക്കുന്ന പദങ്ങൾക്കു സവിശേഷകോമളമായ യോജിപ്പു ഇവിടെ കാണുന്നതും പ്രത്യേകം ഗൗനിക്കത്തക്കതാകുന്നു.

സന്ദർഭാനുസൃതമായി ചലിക്കുന്നതിനുള്ള മനുഷ്യഹൃദയത്തിന്റെ ശക്തിവിശേഷം ഒന്നു പ്രത്യേകമാണ്. ഏതെങ്കിലും ഒരു വസ്തുവിനേയോ സംഭവത്തേയോ ദർശനംചെയ്യുമ്പോൾ തദനുസരണമായ ഒരു വികാരം മനുഷ്യനുണ്ടാകുന്നു. ആ പദാർത്ഥമതമനുസരിച്ച് ഇവയ്ക്കു ഭാവങ്ങൾ എന്നു പറയാം. നിസ്സഹായസ്ഥിതിയിൽ വകപ്പെട്ടിരിക്കുന്ന ഒരാളിന്റെനേരെ അനുകമ്പാദിവികാരങ്ങൾ തോന്നുന്നതു സമാനജീവിതം എന്ന ധർമ്മവിശേഷത്തിന്റെ പ്രസരണംകൊണ്ടാകുന്നു. പ്രസ്തുതസ്ഥിതിയെ ആരെങ്കിലും അനുകരിച്ചുകാണുമ്പോൾ അതു അനുകരണമാണെന്നുള്ള ബോധം ആകപ്പാടെ നീങ്ങി ഹൃദയം വീണാതന്ത്രികൾ മീട്ടിയാലെന്നപോലെ ചലിക്കയും രസാസ്വാദദശയിൽ എത്തിച്ചേരുകയും ചെയ്യുന്നു. സർവ്വലോകസാധാരണങ്ങളായ അവസ്ഥകളെ വിഭാവങ്ങളുടെ ആശ്രയങ്ങളോടുകൂടി വ്യാഖ്യനിക്കയും, അവയുടെ സാധാരണീകരണംനിമിത്തം താനെന്നും അന്യനെന്നുമുള്ള വിഭാഗം കാണികളുടേയും ഹൃദയത്തിൽ നിന്നു നിശ്ശേഷം മറഞ്ഞു വികാരം ഹൃദയത്തിൽ ആനന്ദമായി നിറകയും ചെയ്യുന്നതുകൊണ്ടാണ് മുൻപറഞ്ഞതുപോലുള്ള അനുഭവവിശേഷം നമുക്കുണ്ടാകുന്നതു.

വർഷകാലത്തിലെ അന്ധകാരനിബിഡമായ ഒരു രാത്രിയിൽ നീട്ടാനുംകൂടി വയ്യാതെ ഉയർന്ന ഒരു ചിതക്കിന്റെ സമീപത്തു പ്രിയതമയുടെ അചേതനജഡവുംതാങ്ങിക്കൊണ്ട് ഏകാകിയായിട്ടാണ് നായകൻ സ്ഥിതിചെയ്യുന്നതു. കഠോരമായ ആ പ്രകൃതിരംഗത്തിലെ പാട്ടുകാരൻ എന്ന നിലയിൽ ക്രമൻ മൂളുന്നു. ചിറകടിയോടുകൂടി കാറിച്ചുളാനും കൂവുന്നു. ഈ വസ്തുതകൾതന്നെ വിവിധവികാരങ്ങൾക്കടിമപ്പെട്ട ഏകനായിട്ടിരിക്കുന്ന ആ കഥാപുരുഷൻ അറിയുന്നേയില്ല. ഈ അവസ്ഥയിലെ രംഗരസം ഏതുപ്രകാരമായിരിക്കുമെന്നു വായനക്കാർക്ക് ആലോചിക്കാവുന്നതാണ്. സ്വല്പസമയം ഈ സ്ഥിതിയിൽ ഇരുന്നതിനുശേഷം തത്വചിന്തയ്ക്കു വശംവദനാകയും അധികകാലം ദുഃഖിച്ചുകഴിച്ചുകൂട്ടുന്നതു ശരിയല്ലെന്നുള്ള ബോധം ജനിക്കയാൽ നായികയുടെ വിശിഷ്ടഗുണങ്ങളേയും സ്വർഗ്ഗോന്മുഖമായി പ്രയാണംചെയ്ത ആത്മാവിന് വാനോർവനിതകൾ അരുളുന്ന സ്വാഗതത്തേയുംമറ്റും പറ്റി ചിന്തചെയ്തു ഒടുവിൽ ഹൃദയത്തെ ആശ്വസിപ്പിക്കയും ചെയ്യുന്നു.

മലയാളഭാഷയ്ക്ക് ഇംഗ്ലീഷുഭാഷയുമായി ലഭിച്ച പരിചയത്തിൽനിന്ന് അനേകം സൌഭാഗ്യങ്ങൾ ലഭിച്ചിട്ടുള്ളവയിൽ ഒന്നാണ് വിലാപകാവ്യപ്രസ്ഥാനം. മലയാളഭാഷയിൽ ആദ്യം ഉണ്ടായ വിലാപകാവ്യം സി. എസ്സ്. സുബ്രഹ്മണ്യൻപോററി അവർകളുടെ "ഒരു വിലാപം" എന്ന കൃതിയാകുന്നു. അതിനുശേഷം അനേകകവികൾ പ്രസ്തുതപ്രസ്ഥാനത്തിൽ പൂർണ്ണനൈപുണ്യം പ്രകടിപ്പിച്ചിട്ടുണ്ട്. പണിക്കരുടെ 'വിലാപം' സുദീർഘമായ ഒന്നല്ലെങ്കിലും എണ്ണത്തിൽ ഉൾപ്പെട്ടവതന്നെ ആകുന്നു. മിൽട്ടൻ (Milton) ടെന്നിസൺ (Tennyson) ഷെല്ലി (Shelley) ഗ്രേ (Gray) തുടങ്ങിയവരാണ് വിലാപകാവ്യങ്ങൾകൊണ്ട് ഇംഗ്ലീഷുഭാഷയെപോഷിപ്പിച്ചിട്ടുള്ളവർ (തുടരും)

# റേഡിയം.

പി. ഗോവിന്ദപ്പിള്ള ബി. ഏ. ബി. എൽ.

മനുഷ്യസമുദായത്തിന് ഏററവും ഉപയോഗമുള്ളതും, വൈദ്യശാസ്ത്രത്തിന് ഗുണപ്രദമായി തീർന്നിട്ടുള്ളതും, ഭൂലോകത്തിൽ കുറവായിമാത്രം ഉള്ളതും, അത്യധികം വിലയുള്ളതുമായ ഒരു സാധനം ആകുന്നു "റേഡിയം". ഭൂലോകത്തിൽ ആകപ്പാടെ 3-4 ഔൺസു റേഡിയം മാത്രമേയുള്ളൂ. ഒരു മില്ലിഗ്രാം റേഡിയത്തിന് 12 പവൻമുതൽ 15 പവൻവരെ വിലയുള്ളതും, ഒരു ഗ്രാം റേഡിയത്തിന് 10,000 പവൻ വില പിടിക്കുന്നതും ആകുന്നു. ഒരുനുള്ളു റേഡിയമുണ്ടെങ്കിൽ ഒരുവനു വലിയ ധനവാനായി തീരുവാൻ സാധിക്കും. റേഡിയത്തിൻെറ ശക്തി അപരിമിതമാകുന്നു. ഒരു റാത്തൽ റേഡിയം ഒരു സ്ഥലത്തിരുന്നാൽ അതിനരികിൽവരുന്ന മനുഷ്യർ സകലരും ഉടൻതന്നെ മരിക്കുന്നതായിരിക്കും. റേഡിയത്തിൻെറ ചെറുതായ ഒരംശം മനുഷ്യൻ കൈയ്യിൽ വച്ചുകൊണ്ടിരുന്നാൽ, അവനു വേദന തോന്നുകയില്ലെങ്കിലും ഒരാഴ്ചയ്ക്കുള്ളിൽ, അവനെ ഭയങ്കര ത്വക്കുരോഗിയാക്കുകയും, കുരുടനാക്കുകയും, താമസിയാതെ അവനു മരണം സംഭവിക്കുകയും ചെയ്യും.

എന്നാൽ റേഡിയത്തിൻെറ ഗുണങ്ങൾ അളവററതാണ്. വൈദ്യശാസ്ത്രത്തിൽ റേഡിയത്തിനു ഒരു പ്രധാന സ്ഥാനം കിട്ടിയിട്ടുണ്ട്. മനുഷ്യരെ കഠിനമായി വ്യാകുലപ്പെടുത്തുന്ന ഭയങ്കരവ്യാധികളായ കാൻസർ (Cancer) ട്യൂമർ (Tumour) എന്നിവയെ ചികിത്സിക്കുന്നതിനും അവയെ ഭേദപ്പെടുത്തുന്നതിനുമാണ് റേഡിയം ഏററവും ഉപകാരപ്രദമായിത്തീർന്നിട്ടുള്ളത്. റേഡിയം ചികിത്സ ഒരു ആശുപത്രിയിൽ ഏർപ്പെടുത്തുന്നതിനു വളരെ ചിലവുള്ളതും, ഒരു മൊട്ടുസൂചിയുടെ മൊട്ടിൻെറ വലിപ്പം റേഡിയമെ ഒരു ആശുപത്രിയ്ക്കു ആവശ്യമുള്ളൂ എന്നുവരുകിലും അത്രയും റേഡിയത്തിൻെറ വില ആയിരം പവനോളം വരുന്നതുമാണ്. കാൻസർ എന്ന രോഗത്തെ റേഡിയംകൊണ്ടു പൂർണ്ണസുഖമാക്കാൻ ചില അവസരങ്ങളിൽ സാധിക്കുകയില്ലെങ്കിലും, ആ ദീനത്തിൽ കിടന്നുഴലുന്ന രോഗികളുടെ വേദന വളരെ ശമിപ്പിക്കുന്നതിനു സാധിക്കുന്നതാണ്.

റേഡിയത്തിൻെറ മറെറാരു ഉപയോഗം വെളിച്ചം കാണിക്കുന്നതിനാകുന്നു. റേഡിയം എപ്പോഴും തികച്ചുന്നതുപോലെ വെളിച്ചത്തെ പ്രദാനംചെയ്യുന്നതാണ്. എന്നാൽ എപ്പോഴും വെളിച്ചത്തേയും, ചൂടിനേയും പ്രദാനംചെയ്യുന്നു എങ്കിലും, അതിൻെറ ഘനത്തിനു യാതൊരു കുറവും വരുന്നതല്ല. ഒരു റേഡിയക്കഷണം, അതിൻെറ ആദ്യത്തെ 1600 വർഷം വെളിച്ചവും, ചൂടും പ്രദാനംചെയ്തശേഷം, അടുത്ത 1600 വർഷത്തിലേക്കു പകുതി വെളിച്ചവും ചൂടും പ്രദാനംചെയ്യുന്നു. അതിനുശേഷം കാൽഭാഗം ചൂടും വെളിച്ചവും പ്രദാനംചെയ്യുന്നതും, അങ്ങിനെ 20,000-വർഷങ്ങൾ ചൂടും വെളിച്ചവും പ്രദാനംചെയ്യുന്നതും, പിന്നീടു അതിൻെറ ശക്തി തീരെയില്ലാതെയായി, വെറും ഈയക്കഷണമായിത്തീരുന്നതുമാകുന്നു. റേഡിയത്തിനോടു ഇടപെടുന്ന മററു സാധനങ്ങൾക്കും, ഈ ശക്തി കിട്ടുന്നതാണ്. അതിനെയാണ് (Radio-active) എന്നു പറയുന്നത്. ഇരുട്ടിൽ വെളിച്ചം കാണുന്നതിനു ഉപയോഗപ്പെടുത്തുന്നത് റേഡിയമാകുന്നു നമ്മുടെ വാച്ചുകളിലും, മണികളിലും (Radium Dial watches & clocks) രാത്രിസമയങ്ങളിൽ മിനുങ്ങുന്നതിനു ഉപയോഗിക്കുന്നതു റേഡിയംആകുന്നു ലോകമഹായുദ്ധസമയത്ത്, തോക്കുകളുടെ അററത്തും യുദ്ധസ്ഥലങ്ങളിലെ കൈചൂണ്ടിപ്പലകകളിലും, രാത്രിസമയത്തു് സ്ഥലം അറിയുന്നതിനായി റേഡിയം ഉപയോഗിച്ചുവന്നിരുന്നു. കുഞ്ഞുങ്ങൾക്കു കളിയ്ക്കാൻകൊടുക്കുന്ന പാവകളിൽ ചിലതിൻെറ കണ്ണുകൾ ഇരുട്ടത്തു മിനുങ്ങുന്നതിൻെറ കാരണവും റേഡിയമാകുന്നു —റേഡിയം വിലമതിക്കാൻപാടില്ലാത്തതും, വളരെ അപൂർവമായിട്ടുള്ളതുമാണെന്നു പറഞ്ഞ സ്ഥിതിയ്ക്കു, പിന്നെ എങ്ങിനെയാണു സാധാരണവാച്ചുകളിലും, വിലകുറഞ്ഞ പാവകളിലും റേഡിയം ഉപയോഗിക്കുന്നതെന്നു അത്ഭുതംതോന്നിയേക്കാം. എന്നാൽ വാസ്തവത്തിൽ തനിറേഡിയമല്ല, നാം കാണുന്നതു. Zinc Sulphate എന്നതകിടിൽ റേഡിയത്തിൻെറ നൂറുകോടി അംശം പുരട്ടിയിരിക്കുന്നതെയുള്ളൂ. ഒരു മൊട്ടുസൂചിയുടെ അററംകൊണ്ടെടുത്താൽ അതിൽ വരുന്ന റേഡിയം, ഒരുലക്ഷത്തിൽപരം വാച്ചുകളിൽ ഉപയോഗിയ്ക്കാൻ സാധിക്കുന്നതാണ്.

ആകപ്പാടെ 92- എലിമെൻറുകൾ (Elements) ഉള്ളതിൽ 88-ാംനമ്പർ എലിമെൻറാകുന്നു റേഡിയം. നാളതുവരെ 90 എലിമെൻറുകളെ മാത്രമെ ശാസ്ത്രജ്ഞന്മാർക്കു കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുള്ളൂ. ഇതുവരെ കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ലാത്തതു് 85 ാംനമ്പരും, 87-ാംനമ്പരും എലിമെൻറുകൾ ആകുന്നു. 61-ാംനമ്പർ എലിമെൻറുതന്നെ 3 വർഷത്തിനു മുമ്പിൽ മാത്രമെ കണ്ടുപിടിക്കുവാൻ സാധിച്ചുള്ളൂ: അതിനെ Illinium എന്നും Florentium എന്നും പറയും ശാസ്ത്രജ്ഞന്മാരുടെ ആററാമിക്ക്തത്വം (Atomic Theory) പ്രകാരം എലിമെൻറുകളെ മുഴുവനും കണ്ടുപിടിക്കുന്നതിനു മുമ്പുതന്നെ, എത്ര എലിമെൻറുകളുണ്ടെന്നു പറയുന്നതിനു സാധിക്കുന്നതും, അതാതിൻെറ ഘനമനുസരിച്ചു അവകൾക്കു നമ്പരുകൾ കൊടുക്കുന്നതിനു സാധിച്ചിരിക്കുന്നതുമാകുന്നു.

റേഡിയം കണ്ടുപിടിച്ചതു പ്രഫസർ പീറികൂറി (Pierre Curie) അദ്ദേഹത്തിൻെറ ഭാര്യ മാഡം മേരിക്യൂറി (Madame Marie Curie) എന്ന പ്രസിദ്ധ ശാസ്ത്രജ്ഞന്മാരാകുന്നു ക്രിസ്ത്വാബ്ദം 1896-ൽ പ്രഫസർ എം. ബക്യൂറിൽ (Prof. M. Bacqueril) എന്ന ഫ്രഞ്ചുശാസ്ത്രജ്ഞൻ പിച്ച്ബ്ലാൻഡ് (Picheblande) എന്ന ലോഹത്തിൽ നിന്നും ഉറേനിയം (Uranium) എന്ന ഒരു സാധനം കണ്ടുപിടിച്ചു. അതിനെ തുടർന്നു പ്രഫസർ ക്യൂറിയും, മാഡംക്യൂറിയും പിച്ച്ബ്ലാൻഡിൽനിന്നും ഉറേനിയം മാത്രമല്ല അതിനെക്കാൾ കൂടുതൽ ശക്തിയുള്ളതും കൂടുതൽ radio - active ആയതുമായ സാധനം കണ്ടുപിടിക്കാൻ സാധിക്കും എന്നു തീർച്ചപ്പെടുത്തുകയും, തീവ്രമായ പര്യവേക്ഷണങ്ങൾ നടത്തുകയും അതിൻെറ ഫലമായി, പിച്ച്ബ്ലാൻഡിൽ നിന്നും ഉറേനിയത്തെക്കാൾ ശക്തിയുള്ള ഒരു സാധനം കണ്ടുപിടിക്കുകയും ചെയ്തു. ആ സാധനത്തിനു മാഡംക്യൂറിയുടെ സ്വരാജ്യമായപോലണ്ടിൻെറ പേരു നിലനിർത്തുന്നതിനായി പൊളോണിയം (Polonium) എന്ന പേരു കൊടുത്തു. ഭാര്യാഭർത്താക്കന്മാർ ഇതുകൊണ്ടും തൃപ്തിപ്പെട്ടില്ല. പിച്ച്ബ്ലാൻഡിൽ നിന്നും, പൊളോണിയത്തിനെക്കാളും കൂടുതൽ ശക്തിയുള്ള സാധനം കണ്ടുപിടിക്കുന്നതിനു സാധിക്കുമെന്നു അവർ വിശ്വസിക്കുകയും, വീണ്ടും പല പര്യവേക്ഷണങ്ങൾ നടത്തുകയും ചെയ്തതിൻെറ ഫലമായി 1898-ാമാണ്ടു റേഡിയം (Radium) എന്ന സാധനം കണ്ടുപിടിച്ചു.

എന്നാൽ റേഡിയം, കിട്ടുന്നതിനു വളരെ പ്രയാസമേറിയ സംഗതിയാണ്. 5000 ടൺ പിച്ച്ബ്ലാൻഡ് ശുദ്ധീകരിച്ചാൽ മാത്രമെ രണ്ടു റാത്തൽ റേഡിയം കിട്ടുവാൻ സാധിക്കുകയുള്ളൂ എന്നു കണക്കാക്കിയിരിക്കുന്നു. ഒരു അരയ്ക്കാൽ ഔൺസു റേഡിയം കിട്ടുന്നതിനു ഒരു തീവണ്ടി മുഴുവൻ പിച്ച്ബ്ലാൻഡ് വേണ്ടിവരും. ഒരു ശാസ്ത്രജ്ഞൻ പറയുന്നതു്, ഭൂലോകത്തിൽ റേഡിയം ഉള്ളതിനെക്കാൾ, കൂടുതൽ സ്വർണ്ണം സമുദ്രത്തിലുണ്ടെന്നാണ്. കൂടാതെയും പിച്ച്ബ്ലാൻഡിൽനിന്നും റേഡിയം ശുദ്ധീകരിച്ചു എടുക്കുന്നതിനു 5000 ചടങ്ങുകൾ ഉള്ളതും, ആ ചടങ്ങുകൾ മുഴുവനും നടത്തുന്നതിനു 6 മാസം വേണ്ടിവരുമെന്നുള്ളതുമാകുന്നു.

1922-ാമാണ്ടുവരെ അമേരിക്കയിൽ നിന്നായിരുന്നു അധികം റേഡിയം കിട്ടിവന്നിരുന്നതു്. എന്നാൽ ആയാണ്ടിൽ, അമേരിക്കയിൽ കിട്ടിവന്നിരുന്ന റേഡിയം എടുക്കുന്ന ലോഹത്തിനെക്കാൾ 20 മടങ്ങു കൂടുതൽ റേഡിയം കിട്ടുന്ന ലോഹം ബൽജിയൻ കാങ്കോ (Belgian congo) എന്നസ്ഥലത്തു ഉണ്ടെന്നു കണ്ടുപിടിച്ചു. അതിനുശേഷം ബൽജിയൻ കാങ്കോ എന്ന സ്ഥലത്തുനിന്നാണു റേഡിയം അധികം കിട്ടിവരുന്നതു്. ഇപ്പോൾ റേഡിയം എടുത്തുവരുന്നതു് പിച്ച്ബ്ലാൻഡ് (Picheblande) കാർനൊടൈററ് (Carnotite) ആററൂണൈട്ട് (Autunite) എന്ന ലോഹങ്ങളിൽനിന്നാണ്. അതിൽ ആദ്യത്തെ ലോഹം സെക്കോസ്ലോവിക്കിയ (Czechoolovokia) ലും, ബൽജിയൻ കാൺഗോവിലും, രണ്ടാമത്തെ ലോഹം കോളറാഡോ (Colorodo) ഉട്ട (Utah) ആസ്ട്രേലിയാ (Australia) യിലും, മൂന്നാമത്തെ ലോഹം പോർട്ടുഗൽ (Portugal) അമേരിക്ക (America) എന്ന സ്ഥലങ്ങളിലുമാണ് അധികമുള്ളതു്.

# ഗുരുകുലവിദ്യാഭ്യാസം.

വിദ്വാൻ, വട്ടോളി കൊച്ചുകൃഷ്ണൻനായർ.

ആധുനികവിദ്യാഭ്യാസ പദ്ധതിയുടെ ദോഷവശങ്ങൾ അധികമധികം പ്രത്യക്ഷപ്പെടുന്നതോടുകൂടി ഭാരതീയരുടെപ്രാചീനവിദ്യാഭ്യാസത്തിൻെറ ഗുണവശങ്ങൾ പ്രകാശിക്കാനും തുടങ്ങിയിട്ടുണ്ട്. പാശ്ചാത്യാധിപത്യം സുസ്ഥാപിതമായതോടുകൂടി അവരുടെ വിദ്യാഭ്യാസരീതിയും ഭാരതീയർസ്വീകരിക്കേണ്ടതു് ആവശ്യമായിത്തീൎന്നു കാലക്രമേണ നമ്മുടെ സംസ്കാരത്തിനു പരിവൎത്തനവും ചിന്താഗതിക്കു പാരാധീനതയും സംഭവിച്ചു. ഇന്നാകട്ടെ ഭാരതീയർ തങ്ങളുടെപാരതന്ത്ര്യത്തിൻെറ ഭയങ്കരഭാവമെത്രമാത്രമെന്നു അറിയാനും തൻമൂലം ഇപ്പോഴത്തെ വിദ്യാഭ്യാസത്തെ മനസ്സുകൊണ്ടു ശപിക്കാനും തുടങ്ങിയിരിക്കുന്നു തങ്ങൾക്കു വേണ്ടതു് പണ്ടുണ്ടായിരുന്ന സ്വായത്തശിക്ഷണരീതിതന്നെയാണെന്നു ചിന്തകന്മാരെല്ലാം ഒരുപോലെ അഭിപ്രായപ്പെടുന്നു ദേശീയബോധം ദേശീയവിദ്യാഭ്യാസത്തേയും ഉന്നമിപ്പിക്കാതിരിക്കയില്ല. അതിനുള്ള ലക്ഷണങ്ങൾ പരിശ്രമശീലരായ മഹാത്മാക്കളിൽനിന്നു ആശാജനകമാംവണ്ണം പ്രത്യക്ഷപ്പെട്ടുകാണുന്നുമുണ്ടു്. പ്രാചീനഭാരതത്തിലെഗുരുകുലവിദ്യാഭ്യാസത്തിനുള്ള മാഹാത്മ്യമെന്തായിരുന്നു എന്നു സാമാന്യമായി ഒന്നു ചിന്തിക്കുന്നതു് അസ്ഥാനത്തിലാകയില്ലല്ലൊ.

സാന്ദീപനിമുനിയുടെ സവിധത്തിൽ രാമകൃഷ്ണന്മാരും കുചേലനും വിദ്യാഭ്യാസംചെയ്ത കഥ സുപ്രസിദ്ധമാണ്. ശുക്രാചാൎയ്യരിൽനിന്നു കചൻ വിദ്യ അഭ്യസിച്ചവിധമെങ്ങിനെയെന്നു് ദേവയാനിചരിതം നമ്മെ മനസ്സിലാക്കുന്നു. പുരാണപാരായണത്താൽ ഇത്തരം അനവധി ആചാൎയ്യവൎയ്യന്മാരേയും ശിഷ്യപുംഗവന്മാരേയും നിഷ്പ്രയാസം നമുക്കു ലഭിക്കുന്നതാണ്. നൈമിശാരണ്യവും സൂതനും വൈശമ്പായനാദിമഹൎഷിമാരും ഏതദവസരത്തിൽ നമ്മുടെ സ്മൃതിപഥത്തിൽ പ്രവേശിക്കുന്നു. സൂക്ഷ്മചിന്തനത്താൽ ഭാരതീയവിദ്യാഭ്യാസത്തിൻെറ സുവൎണ്ണകാലം അന്നായിരുന്നുഎന്നാണു് നമുക്കു തോന്നുക. ലക്ഷക്കണക്കിനു പണം ചെലവാക്കി നിൎമ്മിച്ചിട്ടുള്ള ഇന്നത്തെ മനോഹരമന്ദിരത്തേക്കാൾ അന്നത്തെ പ്രകൃതിസുഭഗമായ പാഠശാലാമന്ദിരങ്ങൾതന്നെ നമ്മുടെ ഹൃദയത്തെ അധികമായി ആകൎഷിക്കുന്നു. ഇന്നത്തെ ബിരുദധാരികളും വേഷവിശാലരുംആയ പ്രഫസറന്മാരേക്കാൾ അന്നത്തെ അൎദ്ധനഗ്നരായ ഗുരുവരന്മാരെത്തന്നെ നാം മനസാ ആരാധിക്കുന്നു. ഇന്നത്തെ അഹങ്കാരികളും അവിനീതരും അക്ഷമരും പുസ്തകപ്പുഴുക്കളുമായ വിദ്യാൎത്ഥികളേക്കാൾ അന്നത്തെവിനീതരും അനാഡംബരരും കൎമ്മകുശലരും പ്രകൃതിഭക്തരും ആയ ശിഷ്യന്മാരെ നാം സ്നേഹിക്കുന്നു. എന്താണതിനുകാരണം. അന്നത്തേതെല്ലാം നമ്മുടെ സ്വന്തമാണ്.

അന്നത്തെ ഗുരു ശമ്പളത്തിനുവേണ്ടിമാത്രം വിദ്യാൎത്ഥികളുടെ മുമ്പിൽ ഏതാനുംമണിക്കൂർ പ്രസംഗിക്കുന്ന സാറല്ലായിരുന്നു. പണത്തിനുവേണ്ടി ഇതരവൃത്തികളിൽ ഏൎപ്പെട്ടു നട്ടംതിരിയുന്ന പ്രാരബ്ധക്കാരനല്ലായിരുന്നു താളിലയിലെ ജലകണംപോലെ വിദ്യാൎത്ഥികളുമായി യാതൊരു ബന്ധവുമില്ലാത്ത വെറും മനുഷ്യനായിരുന്നു അദ്ദേഹം.

"ഗുശബ്ദോഹ്യന്ധകാരഃസ്യാ-
ദ്രുശബ്ദസ്തന്നിരോധകഃ
അന്ധകാരനിരോധിത്വാൽ
ഗുരുരിത്യഭിധീയതേ"

എന്ന ശബ്ദാൎത്ഥത്തെ അക്ഷരംപ്രതി നിറവേറുന്ന മഹൎഷിയായിരുന്നു. സ്വന്തപുത്രനെന്നവിധം ശിഷ്യനെ കാണാൻ കണ്ണുള്ള സമചിത്തനായിരുന്നു. കാഞ്ചനം കണ്ടു കണ്ണുമഞ്ഞാത്ത ത്യാഗിയായിരുന്നു. വിദ്യാൎത്ഥികളുടെ മനോഗതികളെ കരതലാമലകംപോലെ കാണുന്ന മനശ്ശാസ്ത്രവിശാരദനായിരുന്നു സകലരുടേയും ബഹുമാനത്തെ ഒന്നുപോലെ ആൎജ്ജിച്ചിരുന്ന പൂജ്യപാദരായിരുന്നു. സൎവ്വലോകത്തേയുംഒന്നുപോലെ സ്നേഹിച്ചിരുന്ന ദയാമയനായിരുന്നു.

പ്രാചീനശിഷ്യൻ അഹങ്കാരം, അശ്രദ്ധ, അസത്യം, ഗുരുനിന്ദ, ദുരാചാരം മുതലായ ദുൎഗ്ഗുണങ്ങളുള്ളവനായിരുന്നില്ല. മൂന്നുനേരം കാപ്പിയും നാലുനേരം ഊണുംകഴിച്ചിരുന്ന ഭക്ഷണലോലുപനായിരുന്നില്ല. ദിനംതോറും ഡ്രസ്സുമാറി സുഗന്ധതൈലംപൂശി തലമിനുക്കി സൈക്കിളിലോ മോട്ടറിലോ സഞ്ചരിക്കുന്ന സ്റ്റുഡൻറായിരുന്നില്ല. "ബഹുമാനിയാ ഞാനാരെയും തുണവൽ" എന്ന ഭാവവും അയാൾക്കുണ്ടായിരുന്നില്ല. ഗൃഹത്തിൽചെന്നാൽ ഈസിച്ചെയറിൽനിന്നു പിരിയാത്ത നട്ടെല്ലില്ലാത്തവനുമായിരുന്നില്ല. അത്യന്തവിനയവാനും, സത്യസമ്പന്നനും, സദാചാരനിരതനും ഗുരുഭക്തിമഗ്നനും ആഡംബരരഹിതനുമായ ദൈവപുത്രനായിരുന്നു.

പ്രാചീന ഗുരുകുലവിദ്യാഭ്യാസത്തിൻെറ ചിഹ്നങ്ങളായി രണ്ടുചടങ്ങുകൾമാത്രം ബ്രാഹ്മണരുടെഇടയിൽ ഇന്നുംഅവശേഷിക്കുന്നുണ്ടു്. ഉപനയനവും സമാവൎത്തനവുമാണ് അവ. പക്ഷേ ഈ രണ്ടുചടങ്ങുകൾ ഗുരുകുലവിദ്യാഭ്യാസത്തോടു ബന്ധമുള്ളവയാണെന്നുപോലും അറിയുന്നവർ ഇന്നു ചുരുക്കമാണ്. പൂണൂലിടലും ഗൃഹസ്ഥാശ്രമപ്രവേശവുമായിമാത്രം ആ കൎമ്മങ്ങളെ ഗണിക്കുന്നവരാണ് അധികമാളുകളും.

ഉപനയനംഎന്ന വാക്കിനു ജ്ഞാനസമ്പാദനാൎത്ഥം ആചാൎയ്യൻെറ സമീപത്തേക്കു നയിക്കുക എന്നൎത്ഥമാകുന്നു. ബ്രഹ്മചൎയ്യാശ്രമപ്രവേശമെന്നും ഇതിനെ വ്യാഖ്യാനിക്കാവുന്നതാണ്. യജ്ഞോപവീതം, ദണ്ഡ്, മേഖല തുടങ്ങിയവധരിക്കുന്നു. ഈ ചിഹ്നങ്ങൾ താൻ ആരെന്നും തൻെറ ധൎമ്മമെന്തെന്നും കൎമ്മമെന്തെന്നും ബാലനെ എപ്പോഴും ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുമെന്നുള്ളതിനു സംശയമില്ല. വിദ്യാൎത്ഥികളുടെ ബ്രഹ്മചൎയ്യനിഷ്ഠ പൂൎവ്വികർഎത്ര കഠിനമായി പരിപാലിച്ചിരുന്നു എന്നസംഗതി ഇന്നു നമുക്കു വിചാരസാദ്ധ്യമല്ലാതായിത്തീൎന്നിരിക്കുന്നു.

സമാവൎത്തനം വിദ്യാഭ്യാസം കഴിഞ്ഞു് ഗൃഹസ്ഥാശ്രമത്തിനധികാരിയായി തിരിച്ചെത്തുന്നതിനെ സൂചിപ്പിക്കുന്നു വേണ്ടവണ്ണം മനസ്സംസ്കാരം സിദ്ധിച്ചവനേ അന്നു ഗൃഹസ്ഥാശ്രമസ്വീകാരത്തിനധികാരമുണ്ടായിരുന്നുള്ളു. പഞ്ചേന്ദ്രിയനിയമനശക്തി സമ്പാദിച്ച ജ്ഞാനസമ്പന്നനാണ് അന്നു കുടുംബനേതാവായിത്തീരുന്നതു്. ഇന്നോ?

ഗുരുകുലവിദ്യാൎത്ഥികളുടെ ജീവിതചൎയ്യ ഇന്നത്തെ രക്ഷാകൎത്താക്കന്മാരും വിദ്യാൎത്ഥികളും ഒന്നുപോലെ മനഃപാഠമാക്കേണ്ടതാണ്. ബ്രഹ്മചൎയ്യത്തെ എത്ര നിഷ്ഠയോടുകൂടി അവർപരിപാലിച്ചുവന്നിരുന്നുഎന്നും അതു എത്രയും അത്യാവശ്യമാണെന്നും നാം അറിയേണ്ടതാണ്. അന്നത്തെ നിയമങ്ങൾ വളരെ കഠിനങ്ങളായിരുന്നുഎന്നു വാദിക്കുന്നവരും ധാരാളമുണ്ടായിരിക്കും. അതിൽനിന്നുളവാകുന്നഗുണഫലങ്ങളെ ചിന്തിക്കുമ്പോൾ അവ എത്ര നിസ്സാരങ്ങൾ എന്നുമാത്രമേ അതിനു സമാധാനമുള്ളു.

അന്നത്തെ വിദ്യാൎത്ഥികൾ വിദ്യാഭ്യാസകാലംമുഴുവനും ആചാൎയ്യനൊന്നിച്ചു അദ്ദേഹത്തിൻെറ ഗൃഹത്തിൽ അഥവാ ആശ്രമത്തിൽ താമസിക്കണം. കരയുള്ളതോ കസവുള്ളതോആയ വസ്ത്രങ്ങളല്ല, കൃഷ്ണമൃഗത്തോലാണു ഉടുക്കേണ്ടതു്. ക്ഷൗരം ചെയ്കയും മുഖം മിനുക്കുകയുംചെയ്യാതെ മുടിവളൎത്തണം. പനിനീർ സെൻറു മുതലായസുഗന്ധദ്രവ്യങ്ങൾ തൊടുകകൂടി നിഷിദ്ധമാണു. ഉത്സവങ്ങൾ നൃത്തങ്ങൾ മുതലായ പ്രലോഭനസംഘങ്ങളിൽ സമ്മേളിക്കരുതു്. കാപ്പി, ചായ, ചാരായംമുതലായ മാദകദ്രവ്യങ്ങളൊന്നും കണികാണരുതു്. ഭൃത്യനായി ജീവിക്കുകയല്ലാതെ ഭൃത്യന്മാരോടുകൂടി ജീവിക്കാൻ നിവൃത്തിയില്ല. വിദ്യാൎത്ഥിക്കു ഉന്നതാസനങ്ങൾ സ്വീകരിക്കാൻ നിവൃത്തിയില്ലെന്നുതന്നെയല്ല, 'അധാസനശായി'ആയിരിക്കയുംവേണം. പുല്ലോമറ്റോനിലത്തുവിരിച്ചുഇരിക്കുന്നതിനു വിരോധമില്ല. എന്നുവേണ്ട വിസൎജ്ജനാദികൾകൂടി നിയമത്തിൻകീഴിൽവേണം ചെയ്യാൻ. ആഹാരത്തിൽ ഉപ്പു്, മുളകു്, പുളി, മുതലായവ വൎജ്ജിക്കണമെന്നു വ്യവസ്ഥയുണ്ടു്.

ഇതുകൊണ്ടൊന്നും മതിയായില്ല. ഗുരു സഞ്ചരിക്കുമ്പോൾ ഭക്തിയോടുകൂടി പിന്നാലെ നടക്കണം. ഗുരുവിൻെറ കന്നുകാലികളെ നോക്കണം, തീററണം, തൊഴുത്തിലിടണം. ആഹാരാൎത്ഥം ഭിക്ഷയെടുക്കണം. പക്ഷേ, ഗൃഹത്തിൽകൊണ്ടുവന്നു പചിക്കയുംവേണം പാകം ചെയ്താലുടൻ ഭക്ഷണത്തിനു ധൃതിപ്പെടരുതു്. ആചാൎയ്യൻ 'ആഹരി'ച്ചതിനുശേഷംവേണം ഭക്ഷണം

കഴിക്കാൻ. കിടക്കുവാൻ കിടക്ക പാടില്ല. തോന്നുമ്പോഴുറങ്ങാനുമൊക്കുകയില്ല. ഗുരു ഉറങ്ങിയോ എന്നന്വേഷിച്ച് അതിനുശേഷം ഉറങ്ങണം. പകൽ ഉറങ്ങാനേ പാടില്ല. യാതൊരു ജന്തുക്കളേയും ഉപദ്രവിക്കരുത്. കട ചെരിപ്പ് മുതലായവ ഉപയോഗിക്കരുത്. സ്ത്രീകളെ കാണുകകൂടി നിഷിദ്ധമാണ്.

> അഹേരിവഗണാൽഭീതോ
> മൃഷ്ടാന്നാൽസവിഷാദിവ
> രാക്ഷസീഭ്യഃഇവസ്ത്രീഭ്യഃ
> സവിദ്യാമധിഗച്ഛതി.

സമാജങ്ങളെ പാമ്പിനേപ്പോലേയും മൃഷ്ടാന്നത്തെ വിഷത്തെപ്പോലെയും സ്ത്രീകളെ രാക്ഷസികളെപ്പോലേയും ഭയപ്പെടുന്നവനേ വിദ്യ ലഭിക്കയുള്ളൂ.

മേൽപ്രസ്താവിച്ചവിധം ബ്രഹ്മചര്യത്തെ നിഷ്കൃഷ്ടയായി പരിപാലിക്കുന്നവരായിരുന്നു അന്നത്തെ വിദ്യാർത്ഥികൾ. ഇത്തരം വിധികൾക്കു വിധേയരായ വിദ്യാർത്ഥികൾ എങ്ങിനെയാണു അസന്മാർഗ്ഗികളാകുക! അവരെങ്ങിനെയാണു ലോകജീവിതത്തിൽ വിജയികളാകാതിരിക്കുക! അവർ ജീവിച്ചിരുന്നകാലത്തെ അന്തരീക്ഷവുംകൂടി പരിശുദ്ധമായിരുന്നിരിക്കണം. ഉദ്ധവന്റെ പ്രശ്നത്തിനുത്തരമായ ശ്രീകൃഷ്ണൻ ബ്രഹ്മചര്യാശ്രമത്തെ വിവരിക്കുന്നഭാഗം ഇവിടെ ഉദ്ധരണീയമാണ്.

> "ബ്രാഹ്മണർമുമ്പിലുപനയനത്തെചെയ്തിട്ടു–
> ബ്രഹ്മചാരിയായ് ഗുരുകുലത്തിലദാന്തനായ്
> മേഖലാജിനദണ്ഡാക്ഷബ്രഹ്മസൂത്രത്തോടും
> ശ്ലാഘ്യകമണ്ഡലുകാകുശാജടലരക്താസന–
> മെന്നിവധരിച്ചസിതാംബരദന്തനായി
> തന്നുടെസ്നാനഭക്തഹോമകർമ്മങ്ങളിലും
> നന്നായിജപംവേണം പിന്നെത്തൻനഖരോമം
> ഒന്നുമേഛേദിക്കൊല്ലാ ജിഹ്വയെവടിക്കേണം
> ബ്രഹ്മമാംവ്രതധരശുദ്ധനായ് നിദ്രാസ്നാന
> കർമ്മവുംചെയ്തുബ്രഹ്മചര്യേണസംയതനായി
> ജപഭോജനനായാചാര്യാഗ്നിഗോഗുരു
> വിപ്രവൃദ്ധസുരന്മാരെയുംനമസ്കരി–
> ച്ചോത്തിരുന്നിട്ടു സന്ധ്യരണ്ടിലുംജപിക്കണം
> എന്നെയാചാര്യനെന്നുള്ളത്തിൽനിനയ്ക്കണം
> നിന്ദിച്ചീടരുതൊരുനേരവുംഗുരുവിനെ
> ദേശികൻമനുഷ്യനെന്നാക്കൊലാബുദ്ധികൊണ്ടു
> ദേശികൻസർവ്വദേവമയനാമെന്നോർത്തിട്ടു
> ദേവസന്മയഗുരുതന്നെസേവിച്ചീടണം
> ഈവണ്ണമേ ത്തുപ്രാതഃകാലത്തുംസന്ധ്യയിലും
> അന്നന്നുഭിക്ഷയേറ്റഗുരുപൂജയുംചെയ്തു
> പിന്നെത്താൻഗുരോരുച്ഛിഷ്ടംഗുരോരാജ്ഞയാലെ
> ഉച്ചഗുരുവിനോടൊന്നിച്ചുവസിച്ചിട്ടു
> ഭജിക്കയാ ശയ്യാസനസ്ഥാനങ്ങളിലും
> ദൂരവേകൂപ്പുതാഞ്ജലിചെയ്തുവന്ദിച്ചുനിന്നു
> ഗുരുവിനെസേവിക്കേണംനീചൻതാനെന്നഭാവാൽ
> ഏവംവൃത്തവാനായിസൽഗുരുകുലത്തിങ്കൽ
> ഭോഗവർജ്ജിതനായിവാഴണമഭ്യാസാന്തം
> ഇങ്ങിനെവിദ്യാഭ്യാസംചെയ്തതദ്വ്രതനിന്നു
> മംഗലമാകുംസമാവർത്തനകർമ്മംവേണം
> * * *
> ഏകമായുപാസിച്ചുകൊള്ളുകബ്രഹ്മചര്യ–
> മാകായ്കചെയ്യുംസ്ത്രീകളവരെദർശനവും
> സ്പർശനാലാപസന്തോഷാദിത്യജിക്കണം
> പുംശ്ചലകലപരസ്ത്രീകളെപൂർവ്വംതൃക്കോപാ
> ഇച്ഛാഭക്ഷണവാർത്താവർജ്ജിച്ചീടുകവേണം
> ശൗചമാചമനവുംസ്നാനംസന്ധ്യോപാസനം
> അർച്ചനമെന്റെതീർത്ഥസേവനംജപമതും
> സർവ്വവുംയുക്തമായിസർവ്വഭൂതങ്ങളിലും
> സർവ്വദാമത്ഭാവിതനായിട്ടു മനോവാക്കു
> കായങ്ങളടക്കീട്ടുബ്രഹ്മചര്യത്തെ ധൃത–
> നായബ്രാഹ്മണനഗ്നിപോലെയുജ്ജ്വലനായി
> മതഭക്തനായിത്തീവ്രതപസ്സാലഘമൊക്കെ
> ദഹിപ്പിച്ചാവശ്യമായുള്ളവേദാദിസർവ്വം
> ഗ്രഹിച്ചുഗുരുവിനുവേണ്ടുംദക്ഷിണചെയ്തു
> ദേശികാമോദാജ്ഞയാപത്തനവനേപുന–
> രാശ്രുപോന്നകംപുക്കുകൊള്ളണംദ്വിജോത്തമൻ"

ഈ തർജ്ജിമ വായിക്കുന്നവർ സാക്ഷാൽ എഴുത്തച്ഛന്റെ വകയാണെന്നു പറകയില്ലെന്നുള്ള സംഗതി സന്ദർഭവശാൽ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇവിടെ പ്രസ്താവിച്ച ശിഷ്യത്വവും ബ്രഹ്മചാരിത്വവുമെല്ലാം അപരിഷ്കൃതകാലത്തെ സമ്പത്തെന്ന് ആധുനികർ പുച്ഛിച്ചേക്കാം. എന്നാൽ ഇതിലടങ്ങിയിരിക്കുന്ന തത്വങ്ങൾ ഏതു ഭാരതീയനും ഒരുപോലെ സ്വീകരിക്കാവുന്നതും സ്വീകരിക്കേണ്ടതും ഇക്കാലത്തുതന്നെ സ്വീകരിച്ചുകാണുന്നതും ആകുന്നു.

ഇന്നത്തെ വിദ്യാർത്ഥികൾ ബ്രഹ്മചര്യത്തെ തീരെ അവഗണിക്കുന്നു എന്നു മാത്രമല്ല അതിനെ ലംഘിക്കാൻ കഴിവും അവസരവും നോക്കി പാർക്കുന്നവരുമാണെന്നുവേണം പറയാൻ. വിദ്യാർത്ഥികളിൽ പലരേയും ഗൃഹസ്ഥന്മാരായും കാണാൻ വിഷമമില്ല. അന്നും ഇന്നും തമ്മിൽ എന്തന്തരം.

"ബ്രഹ്മചര്യപ്രതിഷ്ഠായാംവീര്യലാഭഃ"എന്ന് പതഞ്ജലിവാക്യമുണ്ട്. വിദ്യാർത്ഥികളായിരിക്കുന്ന കാലത്ത് ബ്രഹ്മചര്യം നിഷ്കൃഷ്ടയായി അനുഷ്ഠിക്കേണ്ടതു് അനന്തരജീവിതത്തെ എത്രമാത്രം മഹത്തമാക്കിത്തീർക്കുമെന്ന് ആലോചനാകുശലന്മാർ ഉച്ചൈസ്തരം വിളിച്ചുപറഞ്ഞിട്ടുണ്ട്. ഇന്ന് ബ്രഹ്മചര്യം പാലിക്കുന്ന സംഗതി എത്രയോ ദുഷ്കരമായിത്തീർന്നിരിക്കുന്നു. രക്ഷാകർത്താക്കന്മാർ ഈ വിഷയത്തിൽ അല്പമെങ്കിലും ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ എന്ന് സംശയമാണ്. വിദ്യാലയങ്ങളിൽ അതിനനുകൂലമായ ശിക്ഷണത്തിനു യാതൊരു പ്രസക്തിയുമില്ല. നേരേ വിപരീതമായ സംസർഗ്ഗം ആർക്കും അനായാസേന സുലഭമാകുന്നു.

ഭാഗ്യവശാൽ പ്രാചീനഭാരതീയരുടെ സന്താനങ്ങളായി ഇന്നും ചിലരെ നമുക്കു കാണ്മാനുണ്ട്. മഹാത്മജി അതിൽ നട്ടനായകമാകുന്നു. അദ്ദേഹം ബ്രഹ്മചര്യത്തെപ്പററി പറയുന്നു.

"ബ്രഹ്മചര്യമെന്നാൽ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും ഇന്ദ്രിയങ്ങളുടെ നിയന്ത്രണമെന്നാകുന്നു. മിക്കവർക്കും ബ്രഹ്മചര്യം ഒരാദർശമായി ശേഷിക്കയേ ഉള്ളൂ. വിചാരം മനസ്സിന്റെ പൂർണ്ണ അധീനതയിലല്ലാത്തിടത്തോളംകാലം ബ്രഹ്മചര്യം പരിപൂർണ്ണദശയിലെത്തുകയില്ല."

ഇത്ര പ്രയാസമേറിയ ബ്രഹ്മചര്യദീക്ഷയാണ് ഗുരുകുലവിദ്യാലയത്തിൽ പാലിച്ചുവന്നിരുന്നതു്. മഹാത്മജി ബ്രഹ്മചര്യത്തിന്റെ ഗുണഗണങ്ങളെ കീർത്തിക്കമാത്രമല്ല ചെയ്യുന്നതു്. അദ്ദേഹം ഇന്ന് ഒരു സംപൂർണ്ണബ്രഹ്മചാരിയാണ് അനേകവർഷമായി ബ്രഹ്മചര്യം പരിപാലിക്കുന്ന ഒരു കർമ്മയോഗിയാണ്. "ആഹാരശുദ്ധൗസത്വശുദ്ധി" എന്ന വചനപ്രകാരം അദ്ദേഹം ആഹാരത്തിൽ വരുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾക്കു നാം ദൃക്സാക്ഷികൾ ആണല്ലോ. ആ നിലയ്ക്കു് ഗുരുകുലത്തിലെ ആഹാരാദിനിയമങ്ങളെ അപലപിക്കാൻ ആധുനികർക്ക് അവകാശമുണ്ടെന്നു തോന്നുന്നില്ല.

ബ്രഹ്മചര്യംതന്നെ പണ്ട് രണ്ടായി വിഭജിക്കപ്പെട്ടിരുന്നു ജീവാവസാനംവരെ ശിഷ്യനെന്നനിലയിൽ ആചാര്യന് അധീനനായി ജീവിക്കുന്നവൻ നൈഷ്ഠികബ്രഹ്മചാരി. ജന്മാന്തരസുകൃതപരിപാകംകൊണ്ടു മാത്രമേ യഥാർത്ഥനൈഷ്ഠികനായി ജീവിക്കാൻ സാധിക്കൂ. വിവേകവൈരാഗ്യങ്ങൾ അന്തഃകരണത്തിൽ രൂഢമൂലമായിരിക്കണം.

വിദ്യാഭ്യാസശേഷം യഥാവിധി ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കുന്ന ബ്രഹ്മചാരി ഉപകുർവ്വാണനാകുന്നു. നൈഷ്ഠികനാകട്ടെ ഗാർഹസ്ഥ്യത്തെ വിഷോപമം വിചാരിച്ച് സർവ്വദാ നിവൃത്തികാംക്ഷിയായി ആജന്മം ജീവിക്കും. സന്യാസികനായും നൈഷ്ഠികൻ ജീവിക്കുന്നു. അത്രമാത്രം വൈരാഗ്യബുദ്ധി ലഭിക്കാത്തവനാകുന്നു ഉപകുർവ്വാണൻ.

ബ്രഹ്മചര്യത്തിൽ സ്ത്രീത്യാഗം മാത്രമല്ല, വിവക്ഷിച്ചിട്ടുള്ളതെന്ന് മുൻപ്രസ്താവിച്ചിട്ടുള്ളതിൽനിന്നു വ്യക്തമാണല്ലോ. ദുർവ്വാസനകളാസകലം നശിപ്പിക്കത്തക്കവണ്ണമുള്ള ജീവിതധർമ്മങ്ങളാണ് ബ്രഹ്മചാരിക്കുള്ളതു്. അത്തരം ജീവിതനിർവ്വഹണത്തിനുശേഷം ഗൃഹസ്ഥാശ്രമധർമ്മസ്വീകരണം എത്രയും ഉചിതമാകുന്നു.

ആധുനികവിദ്യാഭ്യാസം സമ്പന്നന്മാർക്ക് പ്രാപ്യവും ദരിദ്രന്മാർക്ക് അകാമ്യവും ആയിരിക്കുന്നു. ഏതു സന്മാർഗ്ഗസമ്പന്നനും, ബുദ്ധിമാനും, അത്യാഗ്രഹിക്കും ദരിദ്രനാണെങ്കിൽ വിദ്യാഭ്യാസം സാദ്ധ്യമല്ലാതെയായിരിക്കുന്നു. ഫീസെന്ന പിശാച് ദരിദ്രരെ ഗളഹസ്തംചെയ്യാൻ 'തയ്യാറെടുത്തിരി'ക്കയാണ്. ഗുരുകുലത്തിലാകട്ടെ അങ്ങിനെയൊരേർപ്പാടില്ല ഗുരുശുശ്രൂഷയാണ് അന്നത്തെ ഫീസെന്നു പറയാം. എന്നാൽ സ്വന്തകാലക്ഷേപംകൂടി അവിടെ കഴിയുന്ന സ്ഥിതിക്ക് അങ്ങിനെ കണക്കാക്കാനും തരമില്ല. ഭാരതമാകെ സൗജന്യവിദ്യാഭ്യാസമായിരുന്നു. വിദ്യാഭ്യാസസമാപ്തിക്കുശേഷം ഗുരുദക്ഷിണകൊടുക്കുക എന്നൊരു സമ്പ്രദായമേ അന്നു നടപ്പുണ്ടായിരുന്നൊള്ളൂ. അതും ആളിന്റെ സ്ഥിതിഗതികളെ ആശ്രയിച്ചിരിക്കുന്നു. "മരിച്ചകുട്ടികളെ ജീവിപ്പിക്കണം" എന്നും മററും ദക്ഷിണ ചോദിച്ചാൽ ശിഷ്യർ എന്തുചെയ്യും എന്നൊരു ചോദ്യത്തിനവകാശമുണ്ട്. എന്നാൽ അവിടേയും ഗുരുവിന്റെ വിഗ്രഹണശക്തിയെ ശ്ലാഘിക്കേണ്ടതായിട്ടേ ഇരിക്കുന്നുള്ളൂ.

"ദിവ്യമാകുംകലാവിദ്യകളൊക്കെയും"രാമകൃഷ്ണന്മാരേയും കുചേലനേയും സാന്ദീപനിമുനി അഭ്യസിപ്പിച്ചു. വിദ്യാസമാപ്തിയിൽ 'എന്താണ് ദക്ഷിണവേണ്ടതു്' എന്നു രാമകൃഷ്ണന്മാർ ചോദിക്കുന്നു. ഗുരുവിനാകട്ടെ ഇവർ ദിവ്യന്മാരെന്നു കാണുവാനുള്ള കണ്ണുണ്ടായിരുന്നു. അതുകൊണ്ടാണ്,

> "മുന്നംപ്രഭാസതീർത്ഥത്തിൽകുളിക്കുമ്പോൾ
> എന്നുടെനന്ദനൻതന്നെയുംകാണ്മീല
> ഇന്നിഹകൊണ്ടുവന്നുതന്നീടെന്നാകിലോ
> ഇന്നിതിന്മീതെമററില്ലിങ്ങൊരാഗ്രഹം"

എന്നു പറയുവാൻ ഹേതുവായതു്. കുചേ

ലനോട്ട് അങ്ങിനെ ആവശ്യപ്പെട്ടില്ലെന്നുള്ളതും നമുക്കറിയാമല്ലൊ. പക്ഷെ കുചേലൻ ദക്ഷിണകൊടുത്തതു് ഒരു 'ക്രൂപ്പുകൈ' മാത്രം ആയിരുന്നിരിക്കണം.

മഹാപ്രഭുവായ ശ്രീകൃഷ്ണനേയും ഉഴക്കരിക്കും ഉടുതുണിക്കും വകയില്ലാത്ത കുചേലനേയും ആചാര്യൻ ഒന്നുപോലെയാണു് ഗണിച്ചുവന്നതു്. രണ്ടുപേരേയും ഒന്നുപോലെ വിചാരിച്ചു, പഠിപ്പിച്ചു, സ്നേഹിച്ചു ആ ദിവ്യസന്നിധിയിൽ ധനികദരിദ്രഭേദം ഗണ്യമല്ല. ഇന്നാകട്ടെ, ദരിദ്രൻ അധഃകൃതൻ; വിദ്യാഭ്യാസത്തിന്നനർഹൻ. ഗുരുകുലവിദ്യാഭ്യാസമാഹാത്മ്യത്തിനു് ഈ ഭാഗം ഒരു നല്ല ദൃഷ്ടാന്തമാകുന്നു.

വിദ്യാർത്ഥികളുടെ മനോഭാവവും അതിലും ഹൃദയാകർഷകമാകുന്നു. "ഞാൻ കേമൻ; അവൻ നിസ്സാരൻ" എന്ന ഭാവഭേദങ്ങൾ അവൎക്കുണ്ടായിരുന്നില്ല. ഏതുനിലയിലുള്ളവരായിരുന്നാലും ഏകോദരസഹോദരന്മാരായിരുന്നു. എത്ര നാൾ കഴിഞ്ഞാലും ഏതുനിലയെ പ്രാപിച്ചാലും തിമിരബാധയൊന്നും അവൎക്കുണ്ടായിരുന്നില്ല.

കുടുംബമാകെ പട്ടിണികിടന്നു് എരിപൊരികൊള്ളുന്നകണ്ടു് നിവൃത്തിയില്ലാതായി മഹാദരിദ്രനായ കുചേലൻ മഹാപ്രഭുവായ കൃഷ്ണനെകാണാൻ ചെന്നപ്പോൾ അദ്ദേഹത്തെ എങ്ങിനെ സ്വീകരിച്ചു എന്നുള്ള കഥ ആലോചനാമധുരമത്രെ. ആ പുണ്യരംഗം ഇന്നത്തെ ഭാരതഭൂമിയിൽ ദൃശ്യമോ? കൃഷ്ണൻ ചോദിക്കുന്നു.

"ബ്രഹ്മചൎയ്യം പൂണ്ടുനാം ഗുരുപത്തനേ
ബ്രഹ്മസൗഖ്യത്തോടു തുല്യം വസിച്ചനാൾ"

വിദ്യാഭ്യാസകാലത്തു് അവൎക്കു് ബ്രഹ്മാനന്ദമായിരുന്നുവത്രേ.

"തമ്മിൽകഴിഞ്ഞ വൃത്താന്തങ്ങളൊക്കെയും
നിൎമ്മലാ, നിന്നുള്ളിലുണ്ടോ, മറന്നിതോ"

ഇന്നാണെങ്കിൽ ഐശ്വൎയ്യപ്രാസാദത്തിന്റെ ഏഴാം നിലയിൽ രത്നസിംഹാസനത്തിൽ ഇരുന്നരുളുന്ന അവിടത്തെ കാണാൻ കുചേലനു് 'അഡ്മിഷൻ' കിട്ടുകതന്നെയില്ല അഥവാ ഭാഗ്യംകൊണ്ടു ലഭിച്ചാൽതന്നെയും അഭിമാനവ്രണകരമായ പഴയ സംഗതി സ്മരണയിലെത്തുകയില്ല.

"സൽഗുരുപത്നിതൻ വാക്കിനാൽനാം ചെന്നു
സത്വരം കാടകംപുക്കു വിറകിനായ്"

കുചേലനും കുബേരനും ഗുരുമന്ദിരത്തിൽ സമത്വമായിരുന്നു എന്നും, അവർ കാട്ടിൽ പോയി വിറകുശേഖരിക്കുകൂടി ചെയ്യേണ്ടിയിരുന്നു എന്നും, ഗുരുവിനെപ്പോലെതന്നെ ഗുരുപത്നിയേയും ബഹുമാനിച്ചിരുന്നു എന്നും മററും അനേകം സംഗതികൾ ഈ രണ്ടുവരികളിൽനിന്നും അനുമാനിക്കാൻ കഴിയും.

"അപ്പോൾ നിശീഥിനീകാലവും വർഷവും
കെല്പോടുവന്നു വനാന്തരെപെട്ടുനാം
നിന്നു കുളിരുംപൊറുത്തുവലഞ്ഞൊരാം
പിന്നെ കരങ്ങളുംതമ്മിൽ പിടിപെട്ടു
ഭിന്നമായ്ധൈൎയ്യവും വിട്ടുറങ്ങീടാതെ
അപ്പോൾ വനചരജാതികളിൽ നമു–
ക്കുല്പന്നമായ ഭയത്തെമറന്നിതൊ
പിന്നെപ്പുലൎന്നസമയം ഗുരുവരൻ
തന്റെകാരുണ്യമോടു നമ്മെത്തിര–
ഞ്ഞെത്തിപ്പിടിച്ചുപുണൎന്നുമോദിച്ചുകാ–
ൺകുന്നു ഗുരുവരുൾചെയ്തു നിങ്ങൾക്കിന്നു
വന്നു സമസ്തഗുണങ്ങളെന്നുള്ളതും
* * *
സൽഗുരുതന്റെ കാരുണ്യമുണ്ടെങ്കിൽ
സൽഗുണമൊക്കയും വന്നുകൂടുംദൃഢം."

ഈ കൃഷ്ണവാക്യം ഗുരുകുലാഭ്യസനത്തിലെ ഒരു രംഗത്തെ നമ്മുടെ മുമ്പിൽ ചിത്രീകരിക്കുന്നു ഒടുവിലത്തെ രണ്ടുവരിയിൽ ശിഷ്യരുടെ ഗുരുഭക്തി എത്രമാത്രമെന്നു പ്രസ്ഫുടമാകുന്നു.

ഗുരുകുലാഭ്യസനത്തിന്റെ വിസ്തൃതരൂപമായിരുന്നു തക്ഷശില, നളന്ദ മുതലായ സൎവ്വകലാശാലകൾ. അവിടത്തെ അഭ്യസനരീതിയും ജീവിതരീതിയുമെല്ലാം എത്രമാത്രം സ്തുത്യൎഹമായിരുന്നു എന്നുള്ളതു് ചരിത്രാന്വേഷികൾ തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. അന്യസന്താനത്തെ തൻപിള്ളയെന്നു താലോലിക്കുന്നവരാണു് ഭാരതീയർ എന്നു് പ്രസ്തുത കലാശാലകളെപ്പററി അറിയുമ്പോൾ ബോദ്ധ്യമാകും. ഇന്നത്തെ ശിക്ഷണം നമ്മുടെ തലയിൽ കെട്ടിഏല്പിച്ചിട്ടുള്ളതാണെന്നും നിവൃത്തിയുള്ളടത്തോളം വേഗം ആ ഭാരത്തെ താഴെയിട്ടുകളയണമെന്നും ഉള്ള ബോധം ഭാരതീയരിൽ പ്രബുദ്ധമാകാൻ തുടങ്ങിയിട്ടുണ്ടു്. ആത്മീയാന്വേഷകരും, മനസ്സംസ്കാരം സിദ്ധിച്ചവരുമായ അവൎക്കു് ലൗകികസുഖവൎദ്ധകങ്ങളായ ഉപകരണങ്ങളെക്കൊണ്ടുമാത്രം തൃപ്തിപ്പെടാൻ സാദ്ധ്യമല്ല. ആത്മീയാഹാരംകൊണ്ടുമാത്രമേ അവരുടെ ഹൃദയജഠരം പൂരിക്കപ്പെടുകയുള്ളൂ

ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശമെന്താണെന്നു് നാം നമ്മോടുതന്നെ ചോദിക്കുക വിദ്യ അഭ്യസിക്കുകമാത്രമാണു എന്നായിരിക്കും ഉത്തരം കിട്ടുന്നതു്. അതുനിമിത്തം പ്രാപഞ്ചികസുഖേച്ഛയോടുകൂടിത്തന്നെ വളരാനും അതിലേക്കുള്ള വഴിമാത്രം തേടുവാനും ഇടയായി. പ്രാചീനഭാരതാഭ്യസനം ധനമാനങ്ങളെ ഐച്ഛികമായിട്ടേ കരുതിയിട്ടുള്ളൂ. പരമമായ മോക്ഷമാകുന്നു അന്നത്തെ ലക്ഷ്യം. അതിലേയ്ക്കുള്ള അഭ്യാസങ്ങൾ വിദ്യാലയത്തിൽനിന്നും ലഭിച്ചിരുന്നു. ഈശ്വരസാക്ഷാൽകാരം ലഭിച്ച ആചാൎയ്യന്മാരുടെ സവിധത്തിൽ ശിക്ഷണം ലഭിച്ച വിദ്യാർത്ഥികൾ ജഡികസുഖേച്ഛകളിൽനിന്നും മനസ്സിനെ നിവൎത്തിച്ചു് ഇന്ദ്രിയനിയന്ത്രണദക്ഷന്മാരായി ആത്മനിരതന്മാരായി ജീവിച്ചിരുന്നു. അന്നു് ഭാരതത്തിന്റെ സുവൎണ്ണകാലംതന്നെ ആയിരുന്നു.

മഹാകവി ടാഗോറിന്റെ വിശ്വഭാരതി, ശ്രദ്ധാനന്ദജിയാൽ സ്ഥാപിതമായ ഹരിദ്വാരത്തിലെ ഗുരുകുലം, മാളവ്യജിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന ഹിന്ദുസർവ്വകലാശാല ഇവയെല്ലാം ഇന്നത്തെ ഭാരതീയമഹത്തുക്കൾക്കു് ആ പുതിയ വിദ്യാഭ്യാസപദ്ധതിയോടുള്ള പരാങ്മുഖത്വത്തെ പ്രത്യക്ഷമാക്കുന്നു. ഈ വിദ്യാലയങ്ങളിൽ നിന്നു പുറത്തുവരുന്നവരെ ഇതരവിദ്യാർത്ഥികളുമായി തുലനംചെയ്തുനോക്കുമ്പോഴാണു പ്രാചീനവിദ്യാഭ്യാസത്തിന്റെ മഹത്വം ബോധപ്പെടുന്നതു്. തിരുവിതാംകൂറിൽതന്നെ ഒരു സദാനന്ദഗുരുകുലം സ്ഥാപിതമായിരുന്ന വിവരം നമുക്കറിവുള്ളതാണല്ലൊ. ഈ മാതിരി സ്വദേശീയവിദ്യാലയങ്ങളെ വീക്ഷണം ചെയ്തിട്ടുള്ള പാശ്ചാത്യർകൂടി അവയെ മുക്തകണ്ഠം സ്തുതിച്ചിട്ടുണ്ടെന്നുള്ള സംഗതിയും വക്തവ്യമാണു്.

ഇന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയും ഇന്നത്തേക്കാൾ ഭാരതീയരാൽ ആരാധിക്കപ്പെട്ടിരുന്ന ദേഹവുമായ റാംസേമാക്ഡോനാൾഡ് ഇൻഡ്യയിൽ വന്നിരുന്ന അവസരത്തിൽ ശ്രദ്ധാനന്ദജിയാൽ സ്ഥാപിതമായ ഹരിദ്വാരത്തിലെ ഗുരുകുലം സന്ദർശിക്കയുണ്ടായി. അതിനുശേഷം അദ്ദേഹം സ്ഥാപകനേയും സ്ഥാപനത്തേയും കീൎത്തിച്ചുകൊണ്ടു എഴുതിയിട്ടുണ്ടു്. അതിൽനിന്നു് ചില വരികൾ താഴെ ഉദ്ധരിക്കാം: "ഇന്നത്തെ ഗവമ്മേൻറിന്റെ അംഗീകരണത്തിൻകീഴിലുള്ള വിദേശീയ വിദ്യാഭ്യാസസമ്പ്രദായംകൊണ്ടു ഒരു ഇന്ത്യാക്കാരനെ പത്താംതരം ഇംഗ്ലീഷുകാരനാക്കാൻ മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ എന്നു മുൻഷിറാമിനു് നേരത്തെ ബോദ്ധ്യമായിരുന്നു. അതിനാൽ ഇന്ത്യാക്കാരുടെ സംസ്കാരത്തിനു ചേൎന്നതും അവരുടെ പ്രതിഭാവിലാസത്തിനു പൂൎണ്ണപ്രഭാവത്തെ ഉണ്ടാക്കിക്കൊടുക്കുന്നതുമായ ഒരു തനിഭാരതീയഗുരുകുലം സ്ഥാപിക്കേണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം...............ഇദ്ദേഹത്തിനെ മോഡലാക്കി ജീസസ് ക്രൈസ്റ്റിന്റെ ഒരു പ്രതിമയുണ്ടാക്കിയാൽ വളരെപററിയിരിക്കുമെന്നു എനിക്കുതോന്നുകയുണ്ടായി.......................................
ഇത്ര ഹൃദയംഗമമായ ഒരു സ്ഥലത്തു ഞാൻ ഇരുന്നിട്ടില്ല.............................
...........................................
കുട്ടികൾ സദാ ഉന്മേഷചിത്തരായിരിക്കുന്നു. ഗുരുശിഷ്യബന്ധം പിതൃപുത്രബന്ധത്തെപ്പോലെ സ്നേഹവും ഗുരുത്വവുംകൊണ്ടു കൂട്ടിയിണക്കിയതാണു. മാനസികകായികവളൎച്ചയ്ക്കു ഒരുപോലെ പ്രാധാന്യമുണ്ടു്. ക്ലാസുമുറിയിൽ നിന്നിറങ്ങിയാൽ നേരെ കളിസ്ഥലത്തേയ്ക്കാണു ഓടുന്നതു്. കായികാഭ്യാസത്തിൽ ഇത്രത്തോളം ശ്രദ്ധവയ്ക്കുന്ന ഒരു സരസ്വതീമന്ദിരം ഇന്ത്യയിൽ മററുവിടെയെങ്കിലും ഉണ്ടായിരിക്കുമോ എന്നു സംശയമാണു".

എത്രമാത്രം ആൎത്തിയോടുകൂടിയാണു നാം ഈ വരികൾ വായിക്കുന്നതു്! നിഷ്പക്ഷരായ പാശ്ചാത്യചിന്തകന്മാരാലും പ്രശംസാർഹമായ നമ്മുടെ പ്രാചീനവിദ്യാഭ്യാസപദ്ധതിയെ ഉദ്ധരിക്കാനൊരുങ്ങാതെ പഴിക്കാൻ തുടങ്ങുന്നതു എത്ര ലജ്ജാവഹം. പുരാതനം, നവീനം എന്ന ഭേദവിവക്ഷയിൽ മതിമറക്കുന്ന സങ്കുചിതസമ്പ്രദായത്തെ ഉപേക്ഷിച്ചു് സസാരങ്ങളായ സ്വന്തം സ്വത്തുക്കളെ വീണ്ടെടുക്കാൻ ശ്രമിക്കേണ്ടതു നമ്മുടെ കൎത്തവ്യമാകുന്നു. ഈ കൎത്തവ്യനിൎവ്വഹണത്തിൽ ഭാരതം സമുദ്യുക്തമായിത്തന്നെയാണു കാണുന്നതു്. സ്വാതന്ത്ര്യസൂൎയ്യോദയം അതിനെ ഫലവത്താക്കട്ടെ. ആൎഷഭൂമിയുടെ ആദർശങ്ങൾ എന്നെന്നും നലനില്ക്കട്ടെ.

# യാചന.

വി. കെ. കുഞ്ഞിശങ്കരൻനമ്പ്യാര്.

അരിയപൂഞ്ചോലക്കരയിലന്നും
കനകച്ചാർപൂശിയിന്നനൊഴികേ,
നവനവമാധുരിയൂറുമാറാ
പ്പറവകൾപാടിയടങ്ങീടവെ,
ഇരവൊരുതാരകം ചക്രവാള
കനകന്തലിന്മേലെട്ടത്തുകോക്കേ,
പകലിൻപിറകിലൊളുങ്ങിനിന്ന
പനിമതിലേഖയുയൻകാൺകേ,
കരകേറിത്തമ്മിലിടഞ്ഞുടഞ്ഞു
തിരകളെതിരേല്ക്കാൻവെമ്പിനില്ക്കേ,
കളർവനവായുവൊന്നെങ്ങുനിന്നോ
അരികിലണഞ്ഞുതഴകിപ്പോകെ
പൊരുകിനനാണംകുണുങ്ങിക്കരു-
ന്നൊരുവിധംപുഞ്ചിരിച്ചൊന്നുവീക്കേ;

"ഇരുളുംതണുപ്പുംസഹിച്ചപത്മം
പുലരിപ്രകാശംതഴുകിയില്ല
നിരവധിഭാവനയുരുക്മാരു
കരളിൻ ഭാഷലഭിച്ചതില്ല
പരിമളംതിങ്ങും മലരിടയിൽ
ചെറിയോരുകാററുമണഞ്ഞതില്ല"
അഴലുറുനീയൊരരിയഗീതം
പുഴയലച്ചുതും മധുരതാനം
പരിമേളിച്ചമ്പിലുയൻവാനിൻ
പരിസരമാകുലമൂകമായി.

കമനിപീന്നെയുംതുടൻതൻെറ
കദനസംഗീതാനപല്ലവിയെ
"അനുകമ്പയററപ്രപഞ്ചമേ നീ
കനകച്ചാറെന്നിലൊഴുക്കിടേണ്ട.
പുതുമലർമന്ദംതുറന്നൊട്ടത്ത
പരിമളം മെയ്യിൽതളിച്ചിടേണ്ട.
കളകളകോകിലാലാപത്താലെ
പുളകംവളത്താനഴറിടേണ്ട.
തുനിയുകയില്ലയാപുഷ്പവാടി
തിരയുവാൻമേലിൽമനസ്സന്തനം
വിഭവസമൃദ്ധമാംനിൻപുരത്തിൻ
പടിയിലീയാചകികേറുകില്ലാ
അകലേനീതള്ളിക്കളെകഞാനീ
യഴലുമായ്ക്രൂടിക്കഴിഞ്ഞുകൊള്ളാം
വിതതവിശാലമീലോകയന്ത്രം
വിവിധം കറങ്ങിത്തിരിഞ്ഞിടുമ്പോൾ
മരണമൊന്നെന്നേ പുണന്നെങ്കിൽ
പരിപൂർണ്ണരമ്യമെൻപ്രേമതൃഷ്ണ!"

---


## അഭിജ്ഞാനശാകുന്തളം.
സവ്യാഖ്യാനം.

കാളിദാസൻെറ അഭിജ്ഞാനശാകുന്തളത്തിൻെറ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം. എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിൻെറ വ്യാഖ്യാനവും അടങ്ങിയതാണ്.

വില 1 രൂ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

## സൈൻറിഫിക്ക് സ്വർണ്ണാഭരണങ്ങൾ
—*—
(തനി സ്വർണ്ണത്തിനു പകരമുള്ളതു)

ഹൈക്കോടതിജഡ്ജിമാർ, ഗവമെൻറിൻെറ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്.




പുതിയ ക്യാററലാഗ് ഇനാം.

**The Scientific Gold Bangles Co., Ltd,**
Head Office:- 43, Byragimatam Street,
Post Box No. 203. MADRAS.

**Cure for Tooth Trouble etc.**
**Consult Dr. Philip Modiel,**
**Surgeon Dentist,**
**Statue Road, Trivandrum.**

# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah of Travancore.)

**CHAIRMAN:- K. C. PANDALAI B. Sc. (LOND.)**

| | | |
|---|---|---|
| Subscribed Capital | :- | 15,60,400. |
| Capital Paid up | :- | 7,93,589 3 - 11. |
| Reserve and other Funds | :- | 2,23,500. |

## HEAD OFFICE:- ALLEPPEY.

Branches· TRIVANDRUM, CHANGANACHERRY, COCHIN & QUILON.

SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

C. KRISHNA MENON M. A.
MANAGER ALLEPPEY.

or to the
CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS.

SAHRUDAYA PUBLIC LIBRARY K. JACOB THOMAS MEMORIAL MANNAPURA

## ചെറുകഥാപംക്തി.

# വിജയന്റെ കഥ.

സി. ജെ. സുമതിക്കുട്ടിഅമ്മ ബി. എ.

ഭയങ്കരമായ ക്രൂരിരുട്ടും തകർത്ത മഴയും. ആററരികിലെ വലിയ കാവിന്റെ അടുത്തുള്ള വഴിയിൽക്കൂടി ഞാൻ നടന്നുപോരികയായിരുന്നു. വൃക്ഷവല്ലിസഹസ്രങ്ങൾകൊണ്ട നിബിഡമായ ആ കാവിന്റെ നടുവിൽ ഇടിഞ്ഞുപൊളിഞ്ഞുകിടപ്പുണ്ടായിരുന്ന ഒരു കാളീക്ഷേത്രത്തിലേയ്ക്കു നയിക്കുന്ന ഇടുങ്ങിയ ഇടവഴി പകൽസമയം ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ ആ വഴിയിൽ ആകട്ടെ അതിന്റെ പരിസരങ്ങളിലാകട്ടെ ജനസഞ്ചാരം ഉള്ളതായി എനിക്കു ബോദ്ധ്യപ്പെട്ടിട്ടുള്ള അവസരങ്ങൾ വളരെ ചുരുക്കമാണ്. നട്ടുച്ചയ്ക്കുപോലും ആ വഴി നടക്കാൻ മനുഷ്യർക്കു ഭയമായിരുന്നു ആ കാവ് യക്ഷിഗന്ധർവ്വാദികളുടെ ആവാസഭൂമിയാണ് എന്നായിരുന്നു നാട്ടിലെ സംസാരം. അവിടെക്കൂടി കടന്നുപോകുന്ന ജനങ്ങളെ പകൽസമയംപോലും സംഹരിച്ചു രക്തപാനംചെയ്യുകയാണ് അവിടെയുള്ള നിരവധി വജീവികളുടെ തൊഴിൽ എന്നാണ് നാട്ടുകാർ വിശ്വസിച്ചുവന്നതു്. ആണ്ടിൽ ഒരിക്കൽ ഉള്ള കാളീപൂജയ്ക്കും ആയില്യംഊട്ടിനുംഅല്ലാതെ ജനങ്ങൾ ആ കാവിൽ പ്രവേശിക്കാറില്ല. ആ ചെറിയ ക്ഷേത്രത്തിൽ നിവസിച്ചിരുന്ന മഹാകാളിയുടെ പരാക്രമങ്ങളെപ്പററിയും നാട്ടുകാരുടെ ഇടയിൽ പല കഥകളും പരന്നിരുന്നു. നാഗരാജാക്കന്മാർ, പലർക്കും അവിടെ സ്ഥൂലശരീരത്തിൽതന്നെ ദർശനം കാട്ടിക്കൊടുത്തിട്ടുണ്ട്. ആയില്യമൂട്ടിനായി അവിടെ എത്തുന്ന ഭക്തജനങ്ങളിൽ ചിലരിൽ എങ്കിലും പ്രത്യേകം കനിഞ്ഞു് അവരെ സ്വർഗ്ഗത്തിലേയ്ക്കു് അയയ്ക്കുന്നതിൽ ജാഗരൂകരായിരുന്ന ആ ദേവന്മാർ ആ വധത്തിൽ ഭൂമിയുടെ ഭാരം ലഘൂകരിച്ചിരുന്നു. അത്ര ഭയങ്കരമായ ആ കാട്ടിന്റെ അടുത്തുള്ള വഴിയിൽക്കൂടയാണ് ഞാൻ അന്നു സഞ്ചരിച്ചതു്. ഒരു ബന്ധുഗൃഹത്തിൽ പോകേണ്ടതായി ഒരത്യാവശ്യമുണ്ടായിരുന്നില്ലെങ്കിൽ ആ സാഹസത്തിനൊരുമ്പെടുകയില്ലായിരുന്നു കാവിന്റെ അടുത്തെത്തിയപ്പോൾ അവിടെ എങ്ങാനും വല്ല യക്ഷിയേയോ ഗന്ധർവ്വനെയോ കാണാനുണ്ടോ എന്നു ഞാൻ ചുററും ഒന്നു കണ്ണോടിച്ചു. സർവ്വവും അന്ധകാരമയം യക്ഷയോ ഗന്ധർവ്വനോ ഭൂതമോ പിശാചോ ആരെങ്കിലും അവിടെ നിന്നിരുന്നാൽതന്നെയും ആ ഇരുട്ടിൽ എങ്ങനെ കാണാനാണ് എന്നു ഞാൻ സമാധാനപ്പെട്ടു. ഉത്തരക്ഷണത്തിൽ ഉണ്ടായ ഭയങ്കരമായ ഒരു ഇടിനാദം എന്നെ കിടുകിടാ വിറപ്പിച്ചു. പെട്ടെന്നു് കണ്ണുമഞ്ചിക്കുന്ന ഒരു മിന്നലിന്റെ പ്രഭയിൽ ആ കാടും പരിസരങ്ങളും എനിക്കു വ്യക്തമായി കാണാൻ കഴിഞ്ഞു. അപ്പോൾ ഇരുട്ടിൽ കാവിലേയ്ക്കു് ആകൃഷ്ടമായ എന്റെ ദൃഷ്ടിയിൽ പെട്ടതെന്താണ്!

കാളീക്ഷേത്രത്തിൽ നിന്നു മെല്ലെ മെല്ലെ ഇറങ്ങിവരുന്ന ഒരു സത്വം. അന്ധവിശ്വാസം തീരെയില്ലെന്നു് പലരോടും വൻപുപറഞ്ഞിട്ടുള്ള എന്റെ ഉള്ളൊന്നു കത്തി. ദിഗന്തങ്ങളുടെ മർമ്മങ്ങൾ ഭേദിക്കുന്ന മിന്നലിന്റെ ശക്തി എന്നിൽ പ്രവേശിച്ചോ എന്നു് അല്പനേരം ഞാൻ സംഭ്രമിച്ചു. ഏതായാലും നിന്നിടത്തുനിന്നു് എനിക്കു് അനങ്ങാൻ പാടില്ലാതായി. പെട്ടെന്നു വീണ്ടും ഉണ്ടായ പ്രകാശത്തിൽ ആ സത്വം എന്നെ സമീപിച്ചുകഴിഞ്ഞു എന്നു ഞാൻ മനസ്സിലാക്കി. ഉച്ചത്തിൽ നിലവിളിക്കാൻ ഞാൻ ശ്രമിച്ചു പക്ഷെ നാവു പൊങ്ങുന്നില്ല. എന്റെ അവസാനനിമേഷങ്ങൾ നാമജപത്തിൽ കഴിച്ചു് മോക്ഷലബ്ധിക്കുള്ള മാർഗ്ഗം സുഗമമാക്കാമെന്നു ഞാൻ വിചാരിച്ചു. പക്ഷെ, പ്രാണഭയം എന്നെ അതിനും സമ്മതിച്ചില്ല. പെട്ടെന്നു് എന്റെ അടുത്തു് ഒരു ശബ്ദം കേട്ടു. എന്നെ ആ സത്വം പിടികൂടിക്കഴിഞ്ഞു എന്നു ഞാൻ തീർച്ചയാക്കി സ്തംബ്ധനായി നിന്നുപോയി ഉത്തരക്ഷണത്തിൽ പ്രാണഭയംകൊണ്ടു് ഓടാൻതുനിഞ്ഞു് ഒരു കുതി കുതിച്ചു.

ആദ്യം കേട്ടതായ ശബ്ദം വീണ്ടും എന്റെ ചെവിയിൽ പതിച്ചു. അതെന്താണ്! മനുഷ്യശബ്ദംപോലെ തോന്നുന്നുവല്ലോ എന്നു ഞാൻ സംശയിച്ചു എങ്കിലും തിരിഞ്ഞുനോക്കാൻ ധൈര്യമുണ്ടായിരുന്നില്ല. ധൈര്യം അവലംബിച്ചു ഞാൻ അവിടെത്തന്നെ നിന്നു. ആ സത്വം എന്റെ സമീപത്തുകൂടി മുന്നോട്ടു നടക്കുന്നു എന്നു് മിന്നലിന്റെ സഹായംകൊണ്ടു് നിക്കു മനസ്സിലായി ആവൂ! എന്റെ ശ്വാസം അപ്പോഴാണു നേരേ വീണതു്.

അതു് അർദ്ധനഗ്നനായ ഒരു മനുഷ്യൻമാത്രമായിരുന്നു. ഭയം നീങ്ങിയതോടുകൂടി ഈയാൾ ഈ സമയത്തു കാളിക്ഷേത്രത്തിൽനിന്നു് ഇറങ്ങിവരുവാൻ എന്തായിരിക്കാം കാരണം എന്നായി എന്റെ അത്ഭുതം ഏതായാലും അയാളുടെ അടുത്തുചെന്നു് "ഹേ! നിങ്ങൾ ആരാണു്?" എന്നു് ഞാൻ ചോദിച്ചു. ആ മനുഷ്യൻ തല ഉയർത്തി നോക്കി എങ്കിലും ഉത്തരമൊന്നും പറഞ്ഞില്ല. എന്റെ മനസ്സിൽ വീണ്ടും ഭയം തോന്നിത്തുടങ്ങി. എങ്കിലും ധൈര്യമായി ഞാൻ ചോദ്യം ആവർത്തിച്ചു: "ഞാനൊരു വഴിപോക്കനാണു്; നിങ്ങൾക്കതറിഞ്ഞിട്ടുകാര്യമെന്താണു്?" എന്നു കോപപരിഭവങ്ങൾ കലർന്ന ഒരു ഗൽഗദശബ്ദമായിരുന്നു എനിക്കു ലഭിച്ച ഉത്തരം

ആ വഴിപോക്കനെപ്പററി കൂടുതൽ വിവരങ്ങൾ അറിയുന്നതിൽ ജിജ്ഞാസുവായിരുന്ന ഞാൻ അതൊന്നും കൂട്ടാക്കിയില്ലെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. അയാളുടെ വിസമ്മതഭാവങ്ങൾ വിഗണിച്ചു് ഞാൻ അയാളെ എന്റെ കുടയ്ക്കുടിയിൽ എന്നോടടുപ്പിച്ചുനിർത്തി. ഞങ്ങൾ യാത്ര തുടർന്നു. ഞാൻ അയാളോടു പല ചോദ്യങ്ങളും ചോദിച്ചു. അയാളുടെ സമാധാനങ്ങൾ എന്നിൽ ഉളവാക്കിയ വികാരങ്ങൾ ഒന്നും വിസ്തരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല ഏതായാലും അയാളുടെ കഥ എന്റെ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ.

"അയാൾ പ്രസിദ്ധ ചിത്രകാരനായ വിജയൻ ആണെന്നു പറഞ്ഞപ്പോൾ ഞാൻ വിസ്മയിച്ചുപോയി. അത്രവളരെ കീർത്തിയും പ്രതാപവും ഉള്ള ഒരു കലാകാരനായിരുന്നു വിജയൻ. അദ്ദേഹമാണ് എനിക്കു യദൃച്ഛയാ ലഭിച്ച ആ കൂട്ടുകാരൻ എന്നു് ഞാൻ പണിപ്പെട്ടാണ് വിശ്വസിച്ചതു്. വിജയൻ ആ അവസ്ഥയിൽ ആ സമയത്തു് ആ വേഷത്തിൽ അവിടെ എത്താൻ കണക്കില്ലെന്നായിരുന്നു എന്റെ വിശ്വാസം. പക്ഷെ മനുഷ്യരുടെ ഊഹങ്ങളും വിശ്വാസങ്ങളും എത്രമാത്രം തെററാവുന്നവയാണെന്നു് അയാളുടെ കഥ എന്നെ ബോദ്ധ്യപ്പെടുത്തി. വിജയനു് ചിത്രകലയിൽ ജന്മനാ ഉള്ള വാസന ചെറുപ്പത്തിൽ തന്നെ വിദ്യാഭ്യാസംകൊണ്ടു പരിപൂർണ്ണതയെ പ്രാപിച്ചിരുന്നു. അദ്ദേഹത്തിന്റെ അനേകം ചിത്രങ്ങൾ ലോകപ്രസിദ്ധങ്ങളായിരുന്നു. വളരെനാൾ മുൻപുതന്നെ പല സമ്മാനങ്ങളും രാജാവിൽനിന്നുതന്നെ വിജയനു ലഭിച്ചിട്ടുമുണ്ടു്. പക്ഷെ സാമാന്യങ്ങളായ ഐശ്വര്യങ്ങളൊന്നും വിജയനെ തൃപ്തിപ്പെടുത്തിയില്ലെന്നാണ് ആ മനുഷ്യൻ എന്നോടു പറഞ്ഞതു്. അതുകൊണ്ടു് ഒരു വലിയ യോഗിക്കു ശിഷ്യപ്പെട്ടു് അദ്ദേഹത്തോടു് ഉപദേശം സ്വീകരിച്ചതിനുശേഷം മലനാട്ടിൽ ഒരിടത്തു് ഒരാശ്രമം കെട്ടി സന്യാസിയായി വിജയൻ അവിടെ താമസമാക്കി. അങ്ങനെ അവിടെ താമസിക്കുന്നകാലത്തു് ഭദ്രകാളീപൂജയിൽ പങ്കുകൊള്ളുന്നതിനായി അദ്ദേഹം ആ കാവിൽ ഒരിക്കൽ എത്തി. കാഴ്ചക്കാർ ധാരാളമുണ്ടായിരുന്നു. ഓരോരുത്തരും അവരവരുടെ കഴിവിനനുസരിച്ചുള്ള വഴിപാടുകൾ കഴിക്കാനായിട്ടാണ് അവിടെ വന്നുകൂടുന്നതു്.

ക്ഷേത്രത്തിൽനിന്നു കുറെ അകന്നൊരിടത്താണ് വിജയൻ നിന്നിരുന്നതു്. അപ്പോൾ ഒരു ബാലിക ഒരു ചെറിയ പൂക്കുടയിൽ കുറെ കാട്ടുപുഷ്പങ്ങളുമായി അവിടെ എത്തി. അവിടെക്കണ്ട ജനബാഹുല്യം അവളെ അത്ഭുതപ്പെടുത്തി. ആൾക്കൂട്ടത്തിനിടയിൽക്കൂടി തിക്കിക്കയറി പൂക്കൾ ക്ഷേത്രത്തിലേൾപ്പിക്കാൻ പ്രയാസമെന്നു കണ്ടായിരിക്കാം അവൾ അല്പം ഒഴിഞ്ഞുമാറി നിലകൊണ്ടതു്. അനാഡംബരവസ്ത്രങ്ങൾമാത്രം ധരിച്ചിരുന്ന ആ ബാലികയ്ക്കു ആരെയും അസൂയപ്പെടുത്തത്തക്ക സൌന്ദര്യമുണ്ടായിരുന്നു. അവളുടെ അകൃത്രിമമായ സൌന്ദര്യധോരണി അടുത്തുനിന്നിരുന്ന സന്യാസിയെപ്പോലും ആകർഷിച്ചുകളഞ്ഞു ആ സന്യാസി വിജയനല്ലാതെ മററാരും ആയിരുന്നില്ല. അല്പനേരം അനങ്ങാതെനിന്നതിനുശേഷം ആ ബാലിക തന്റെനേരെ മന്ദംമന്ദം നടന്നുവരുന്നതു് അദ്ദേഹം കണ്ടു. "സ്വാമി, ദയവുചെയ്തു ഈ പുഷ്പങ്ങൾ ശാന്തിക്കാരനെ ഒന്നേല്പി

ക്കമോ?" എന്ന അവൾ അദ്ദേഹത്തോട്ട അപേക്ഷിച്ചു. അവളുടെ ശബ്ദമാധുര്യം വിജയനിൽ പൊട്ടുന്നനവേ ഒരു പുതിയവികാരം അങ്കുരിപ്പിച്ചു. അദ്ദേഹം സന്തോഷത്തോടെ ആ ജോലി കൈയേററു. തിരിച്ചുവന്നപ്പൊഴും ബാലിക അവൾ നിന്നിരുന്നസ്ഥലത്തുനിന്ന അനങ്ങിയിട്ടില്ല. അവളോട്ട സംസാരിക്കുന്നതിന്ന അദ്ദേഹത്തിന്ന അതിയായ ആഗ്രഹം തോന്നി. അദ്ദേഹം ചോദിച്ചു: "കുട്ടി തനിച്ചേവന്നിട്ടുള്ളോ?"

"ഞാൻ തനിച്ചാണുവന്നതു്. വീട്ടിൽ എനിക്ക അമ്മൂമ്മയല്ലാതെ മററാരുമില്ല. അവർസുഖക്കേടായി കിടപ്പിലുമാണു്. അമ്മൂമ്മപറഞ്ഞയച്ചിട്ടാണു ഞാൻ ഇന്ന ഇവിടെ തൊഴാൻവന്നതു്" എന്നുപറഞ്ഞു.

"ആകട്ടെ, എന്നാൽ നീപോയി തൊഴുതിട്ടുവരൂ."

"ആളുകളുടെ തിക്കും തിരക്കും ഒന്ന കുറയട്ടെ എന്നുകരുതി ഞാൻ നില്ക്കുകയാണു്"

"നിന്റെ പേരെന്താണു്?" എന്നായി വിജയന്റെ അടുത്തചോദ്യം.

"സരള" എന്നവൾ മറുപടിപറഞ്ഞു.

വളരെനേരംകഴിഞ്ഞുമാത്രമേ തൊഴുതിട്ട തിരിച്ചുവരാൻ സരളയ്ക്കു സാധിച്ചുള്ളു. ആ ബാലികയുടെ ഏകബന്ധുവായ അമ്മൂമ്മയുടെ സുഖക്കേടന്വേഷിക്കണമെന്ന സന്യാസിക്ക് ഉദാരബുദ്ധിതോന്നിയതിൽ അത്ഭുതപ്പെടാനൊന്നുമില്ലല്ലോ. അദ്ദേഹം സരളയെ അനുഗമിച്ചു അവരുടെ ചെറുഭവനത്തിലേയ്ക്കുപോയി.

ആ ഭവനം വളരെ വൃത്തിയായി സൂക്ഷിച്ചിരുന്നു. ആ ഗൃഹത്തിനോട്ട തൊട്ടുണ്ടായിരുന്ന ഒരു മലക്കറിത്തോട്ടംമാത്രമായിരുന്നു അവരുടെ ആദായമാർഗ്ഗം. വൃദ്ധയ്ക്കു സ്വബോധം ഉണ്ടാകുന്ന അവസരങ്ങൾതന്നെ വളരെ ചുരുക്കമായിരുന്നു. ഈ ദയനീയമായ സ്ഥിതി സന്യാസിയുടെ അനുകമ്പാപൂർണ്ണമായ ഹൃദയത്തെ സ്പർശിച്ചു. ആ ഗ്രാമീണകന്യകയുടെ മധുരസംഭാഷണം പോലെ അത്ര പരിശുദ്ധവും ഹൃദ്യവും ആയി ലോകത്തിൽ മറെറാന്നും ഇല്ലെന്ന വിജയന തോന്നി.

വിജയൻ കൂടെക്കൂടെ ആ ഗൃഹത്തിൽ വരിക പതിവായി. അമ്മൂമ്മയുടെ സുഖക്കേടന്വേഷിക്കുക, സരളയെ പുരാണസംബന്ധമായ കഥകൾ പറഞ്ഞുകേൾപ്പിക്കുക മുതലായവയായിരുന്നു വിജയന്റെ ആഗമനോദ്ദേശ്യങ്ങൾ. ആശ്രമത്തിൽ താമസിക്കുമ്പൊഴും ചിത്രകലയിൽ അദ്ദേഹം വൈമുഖ്യം പ്രദർശിപ്പിച്ചിരുന്നില്ല. അവിടെ അജ്ഞാതവാസം അനുഷ്ഠിച്ചുവന്ന അദ്ദേഹം വരച്ച ചിത്രങ്ങളെല്ലാം അപ്പോഴപ്പോൾ രാജധാനിയിലേയ്ക്കു അയയ്ക്കുന്നുണ്ടായിരുന്നു. ഇങ്ങനെ അയയ്ക്കുന്ന ചിത്രങ്ങൾക്ക ശരിയായ പ്രതിഫലവും ലഭിച്ചുവന്നു. ഈ ധനം സാധുക്കളെ സഹായിക്കാനായി അദ്ദേഹം വിനിയോഗിച്ചിരുന്നതിനാൽ പുതുതായി അദ്ദേഹത്തിന്ന ലഭിച്ച മിത്രങ്ങൾക്കവേണ്ടി ലോഭമില്ലാതെ ആ ധനം ഉപയോഗിക്കാമെന്ന അദ്ദേഹം ഉറച്ചു. പക്ഷെ ഈ സൌജന്യം സ്വീകരിപ്പിക്കാൻ അദ്ദേഹം അനുഭവിക്കേണ്ടിവന്ന വിഷമം ചില്ലറയൊന്നുമല്ലായിരുന്നു. സരളയുടെ ദുരഭിമാനം അദ്ദേഹത്തെ കോപിപ്പിക്കുകകൂടി ചെയ്തു. ഏതായാലും പലദിവസത്തെ നിർബന്ധപൂർവമായ പ്രാർത്ഥനകൾക്കശേഷം സരള അദ്ദേഹത്തിന്റെ സൌജന്യസംഭാവനകൾ സ്വീകരിച്ചുതുടങ്ങി.

താരുണ്യത്തിന്റെ ഉദയത്തോടുകൂടി സരളയുടെ മനസ്സിൽ തെളിഞ്ഞ ആദ്യസ്വരൂപം സന്യാസിയുടേതായിരുന്നു. അവൾക്ക അദ്ദേഹം കാണപ്പെട്ട ദൈവമായിത്തീൎന്നു. ആപൽക്കാലത്തിൽ തുണനിൽക്കാനായി ദൈവം അയച്ച ഒരു മഹാത്മാവാണു് അദ്ദേഹം എന്നു് അവൾ വിചാരിച്ചു, വിശ്വസിച്ചു. അവൾ വിജയനെ മനസാ ആരാധിക്കുകതന്നെ ചെയ്തു. യുവാവായ സന്യാസി വേദാന്തത്തിൽനിന്നു് ക്രമേണ ലൌകികവ്യവഹാരങ്ങളെക്കുറിച്ചുള്ള സംഭാഷണങ്ങളിലേയ്ക്കു കടന്നു. അദ്ദേഹം പറയുന്നതെല്ലാം അവൾക്ക വേദവാക്യമായിരുന്നു. വിജയന്റെ സംഭാഷണങ്ങളിൽ അവൾ ഒരു കുററവും കണ്ടും ഇല്ല. പ്രകൃത്യാ ബുദ്ധിമതിയായിരുന്നതിനാൽ അവൾ കേട്ടതെല്ലാം മനസ്സിലാക്കുകമാത്രം ചെയ്തിരുന്നു. ഇങ്ങനെ നാൾ കുറെ കഴിഞ്ഞു. സരളയോടുതോന്നിയ അനുരാഗം മറച്ചുവയ്ക്കാൻ വിജയന്ന നിവൃത്തിയില്ലാതായി. അദ്ദേഹം തന്റെ മനോഭാവത്തെക്കുറിച്ചു അവളോട്ട തുറന്നുപറഞ്ഞു.

"ഞാനും അതുപോലെതന്നെ അവിടത്തെ സ്നേഹിക്കുന്നുണ്ടല്ലോ" എന്നുമാത്രമായിരുന്നു ആ യുവതിയുടെ ഉത്തരം.

നിഷ്കന്മഷയായ ആ സുകുമാരി വിജയന്റെ ഇച്ഛകൾക്ക വിധേയയായി. പക്ഷെ അദ്ദേഹത്തിന്റെ മറവുള്ള അഭിപ്രായങ്ങളോട്ട യോജിക്കാൻ അവൾ പ്രകടിപ്പിച്ച സന്നദ്ധത അവൾ ഇതിൽ പ്രദർശിപ്പിച്ചില്ലെന്ന പറഞ്ഞേതീരു. എന്നാൽ ഈ പ്രതികൂലഭാവത്തെ ജയിക്കുന്നതിന്ന വിജയന്ന വളരെ പ്രയാസം സഹിക്കേണ്ടിവന്നില്ല.

സംഗതികളുടെ യാഥാർത്ഥ്യം വിജയൻകണ്ണുതുറന്നു കണ്ടുതുടങ്ങിയതു് ഇപ്പോൾമാത്രമാണു് ലൌകികജീവിതത്തിൽ വിരക്തിതോന്നി, ആ മലനാട്ടിൽ ആശ്രമംതീർത്തു് അവിടെ അജ്ഞാതവാസംചെയ്യുന്ന തന്റെ സന്യാസത്തിന്റെ രൂപാന്തരംവീക്ഷിച്ചു് അദ്ദേഹം ഭയന്നു. തന്റെ ശപഥങ്ങളെല്ലാം തെററിയതിൽ അദ്ദേഹം ഖേദിച്ചു. പരലോകത്തിൽ തനിക്ക വരുവാൻപോകുന്ന ശിക്ഷയെ ഓർത്തു് അദ്ദേഹംഭയപ്പെട്ടു. തന്നെ അപഥത്തിലേയ്ക്കു നയിച്ച യുവസുന്ദരിയെ എങ്ങനെ സ്നേഹിക്കും എന്നു് അദ്ദേഹം സംശയിച്ചു. തന്റെ പ്രേരണയ്ക്കു് നിർലജ്ജം വഴിപ്പെട്ട ആ സാധ്വിയുടെ ചാരിത്രബോധത്തെക്കുറിച്ചു് അദ്ദേഹത്തിന്ന ശങ്ക ഉദിച്ചു. അവളുടെ ബാലഹീനതയെ അദ്ദേഹം പുച്ഛിച്ചു, പരിഹസിച്ചു, ശപിച്ചു. ചുണയോടുകൂടി എതിർത്തുനിന്ന അവൾക്കു് രണ്ടാത്മാക്കളെ രക്ഷിക്കാമായിരുന്നല്ലോ എന്നുള്ള വിചാരം അദ്ദേഹത്തിനെ കൂടക്കൂടെ അലട്ടി. അദ്ദേഹത്തിന്റെ വിചാരങ്ങൾ ക്രമേണ വാഗ്രൂപമായി വെളിയിലേക്കപുറപ്പെട്ടുതുടങ്ങി. ഈവിധമുള്ള കുററാരോപണങ്ങൾ കേട്ടിട്ടുപോലും കണ്ണുനീർ തൂകുകയല്ലാതെ ശരിയായ സമാധാനം നൾകാൻ അപ്രാപ്തയായ ആ സ്ത്രീയെ അദ്ദേഹം വെറുത്തു.

അവളോട്ടുള്ള സകല ബന്ധവും വെടിഞ്ഞു് അദ്ദേഹം യാത്രപറഞ്ഞു. ആ ഗ്രാമീണകന്യക തൊഴുകൈയോടുകൂടി കാൽക്കൽവീണുതന്നെ ശല്യപ്പെടുത്തിയ ആ അവസാനരംഗം ഏത്രതന്നെ ശ്രമിച്ചിട്ടും ഹൃദയത്തിൽനിന്ന മാഞ്ഞുപോകുന്നില്ലെന്നു് വിജയൻ ആ കഥാപ്രസംഗത്തിനിടയിൽ പലതവണ എന്നോട്ട പറഞ്ഞു.

അപ്രകാരം പിരിഞ്ഞതിന്റെ പിറേറദിവസം രാത്രിയിൽ ജിജ്ഞാസയാൽ പ്രേരിതനായ സന്യാസി ആ ഗൃഹത്തിന്റെ സമീപം എത്തി. അവിടെ അപ്പോൾ കണ്ട രംഗം സന്യാസിയെ അന്ധാളിപ്പിച്ചു. താൻ തലേദിവസം പകൽ യാത്രപറഞ്ഞുപോന്നതായ സരളയുടെ മൃതശരീരം കുടിലിൽ കിടത്തിയിരിക്കുന്നതായ കാഴ്ചയാണു അവിടെ കണ്ടതു്.

"എന്റെ കുഞ്ഞിന്നു് യാതൊരുസുഖക്കേടുമില്ല. അവൾ അവിടെകിടന്നു് ഉറങ്ങിക്കൊള്ളട്ടെ. നിങ്ങളാരും ഉപദ്രവിക്കാതിരുന്നാൽമതി" എന്ന സരളയുടെ വയോവൃദ്ധയായ അമ്മൂമ്മ പറയുന്നതു് സന്യാസി കേട്ടു. സരളയുടെ മൃതശരീരം ആററിൽ പൊങ്ങിക്കിടക്കുന്നതുകണ്ടു് ചില അയൽപക്കക്കാർകൂടി അവിടെ കൊണ്ടുവന്നതാണു്. അതുകണ്ടിട്ടു് വൃദ്ധ ആദ്യം കുറച്ചു നിലവിളിച്ചു. പിന്നീടു് അവൾക്ക സ്വബോധം ഉണ്ടായിട്ടില്ല. എന്തൊക്കെയോ ബോധമില്ലാതെ പറഞ്ഞകൂട്ടത്തിൽ ഉച്ചരിച്ച വാക്കുകളാണു അപ്പോൾ വിജയൻ കേൾക്കാനിടയായതു്.

സന്യാസവും ആ നാട്ടും ആശ്രമവും എല്ലാം വെടിഞ്ഞു് വിജയൻ നാട്ടിലേയ്ക്കു യാത്രയായി. ഇടയ്ക്കുണ്ടായ സന്യാസത്തെക്കുറിച്ചു വളരെ ചുരുക്കം ചില സ്നേഹിതന്മാർക്കുമാത്രമേ അറിയാമായിരുന്നുള്ളൂ. അതുകൊണ്ടു നാട്ടുകാർക്കു്, അദ്ദേഹം വീണ്ടും അവരുടെ ഇടയ്ക്കുവന്നുചേൎന്നതു അത്ഭുതകരമായിത്തോന്നിയില്ല.

ആയിടയ്ക്കു് മഹാരാജാവു് വിജയനെ വിളിച്ചുവരുത്തി ഇങ്ങനെപറഞ്ഞു: —

"വിജയനെ ഒരു കാര്യം ഭരമേല്പിക്കാനാണു ഇവിടെ വരുത്തിയിരിക്കുന്നതു്. മഹാലക്ഷ്മിയുടെ ഒരു ചിത്രം ഭംഗിയായി വരച്ചു തരണം. ഒരു വലിയ പ്രദർശനത്തിനായിട്ടാണു അതു് ഉദ്ദേശിച്ചിരിക്കുന്നതു്. മൂന്നുമാസക്കാലത്തോളം സമയംഉണ്ടു്. വിജയനെപ്പോലെയുള്ള ഒരു ചിത്രകാരനു് അത്രസമയംതന്നെ അതിന്ന ചിലവിടേണ്ടിവരികയില്ലല്ലോ."

സാധാരണയായിത്തോന്നാറുള്ള ആത്മവിശ്വാസം വിജയന്നു് അപ്പോൾ തോന്നിയില്ല. തന്നെ ഭരമേല്പിച്ച കൃത്യം കൈയേല്ക്കാൻതക്ക സാമർത്ഥ്യമോ പാണ്ഡിത്യമോ തനിക്കില്ലെന്നും, ദേവിയെ ചിത്രീകരിയ്ക്കുക എന്നുള്ള ദൈവികമായ ആ കൃത്യം കൈയേൽക്കാൻ താൻ തീരെ അപ്രാപ്തനാണെന്നുംമററും രാജാവിനേ ഉണർത്തിച്ചിട്ടും ഭരമേല്പിച്ച കൃത്യത്തിൽനിന്നു് ഒഴിയാൻ ചിത്രകാരന്ന സാധിച്ചില്ല.

സരളയുടെ മൃതശരീരം കണ്ടദിവസംമുതൽ താൻ ചെയ്തുപോയ പാപത്തെപ്പററിയുള്ള ബോധം ക്രമപ്രവൃദ്ധമായ ശക്തിയോടുകൂടി വിജയന്റെ ഹൃദയത്തിൽ വളൎന്നുവരികയായിരുന്നു. ദിവസവും ഒരു പത്തുപ്രാവശ്യമെങ്കിലും ആ സംഗതിയോർത്തു് കണ്ണുനീരുപൊഴിക്കാതിരിക്കാൻ വിജയന്ന കഴിഞ്ഞില്ല. തന്റെ പാപപങ്കിലമായ മനസ്സിൽ മഹാലക്ഷ്മിയുടെ പരിശുദ്ധസുന്ദരരൂ

(ശേഷം പതിനെട്ടാംപുറം)




സ്റ്റോക്ക്ഹോമിലെ ബ്രിട്ടീഷ്മന്ത്രിയായ മി. ആച്ച്ബാൾഡ് ജാൺകെർക്ക്ക്ലാർക്കിനെ ബാഗ്ഡാഡിലെ പുതിയ സ്ഥാനപതിയായി നിയമിച്ചിരിക്കുന്നു.

* * *

മേരിനാരാജകുമാരിയും, വരനും, വിവാഹശേഷം തങ്ങളുടെ മധുവിധുകാലം കഴിച്ചുകൂട്ടുന്നതു വാർവിക്ക്ഷയറിലായിരിക്കും. വിവാഹസദ്യയ്ക്കുശേഷം അവർ ബക്കിങ്ങാം കൊട്ടാരത്തിൽനിന്നു പാർഡിംഗ്ടണിലേക്കു കാറോടിച്ചുപോകുന്നതും, അവിടെനിന്നും സ്പെഷ്യൽ ട്രെയിൻവഴി ബർമ്മിങ്ങാമിലേക്കു പുറപ്പെടുന്നതുമാണു്.

* * * *

ഉത്തരധ്രുവദേശത്തിലെ ബിഷപ്പ്.



ഡാക്ടർ എ. എൽ. ഫ്ളെമിംഗ്.

ആർക്ടിക്ക്പ്രദേശത്തിലെ ബിഷപ്പായ ഡാക്ടർ ഫ്ളെമിംഗിൻെറ പ്രവൃത്തികേന്ദ്രത്തോളം വലിപ്പമുള്ള ഡയോസീസ് ലോകത്തിൽ മററാരു ബിഷപ്പിനും ഇല്ലത്രെ. ഗ്രേററ്ബ്രിട്ടൻെറ 12ഇരട്ടി വലിപ്പമുള്ള ഈ പ്രദേശത്തിൽ വടക്കേ ക്യാനഡായിൽ അധികംഭാഗവും ഉത്തരധ്രുവദേശവും ഉൾപ്പെടുന്നു. ഇത്രയുംസ്ഥലത്തു സഞ്ചരിക്കുന്നതിനു രണ്ടു ഉഷ്ണകാലം വേണ്ടിവരുന്നു. ഇക്കൊല്ലം ഇദ്ദേഹം 14000മൈൽ സഞ്ചരിച്ചിട്ടുണ്ടു്.

* * *

ആസ്ത്രിയൻചാൻസലറായ ഡാക്ടർ ഷൂസ്ചിംഗിനെ വധിക്കുമെന്നും, തൊഴിലാളികളുടെ ഒരു സർവ്വാധിപത്യഭരണംസ്ഥാപിക്കുമെന്നും കാണിച്ചു ഒരു ഭീഷണിപ്പരസ്യം തൊഴിലാളികളുടെ സങ്കേതത്തിനു പുറമേ പതിച്ചിരുന്നു. അധികൃതന്മാർ ഇതു കണ്ടു വേണ്ട മുൻകരുതലുകൾ ചെയ്തിരിക്കുന്നു. ചാൻസലറുടെ ആഫീസ്സിലുള്ള പോലീസുകാരുടെയും പട്ടാളക്കാരുടെയും സംഖ്യ വർദ്ധിപ്പിച്ചിരിക്കുന്നു

* * * *

ആസ്ത്രേലിയായും ജപ്പാനും തമ്മിലുള്ള ഒരു വാണിജ്യസന്ധിയുടെ നക്കൽവ്യവസ്ഥകളുമായി ജപ്പാനിലെ വിദേശകാര്യാലയത്തിലെ രണ്ടു ഉദ്യോഗസ്ഥന്മാർ ആസ്ത്രേലിയായിലേക്കു പുറപ്പെട്ടിരിക്കുന്നു. ആസ്ത്രേലിയായിലെ ജാപ്പനീസ് സ്ഥാനപതി തുടങ്ങിയിരിക്കുന്ന ആലോചനകളിൽ അദ്ദേഹത്തെ ഈ ഉദ്യോഗസ്ഥന്മാർ സഹായിക്കുന്നതാണു്. * * *

ഇംഗ്ലണ്ടും ജപ്പാനും തമ്മിൽ രഹസ്യമായി ചില പ്രവത്തനങ്ങളിൽ ഏപ്പെട്ടിരിക്കുന്നു എന്നും, മഞ്ചുക്കുവോയിലെയും, ജപ്പാനിലെയും എണ്ണവ്യാപാരം സംബന്ധിച്ചു ജപ്പാൻ ബ്രിട്ടനു ചില സൌജന്യങ്ങൾ അനുവദിച്ചുകൊടുക്കുന്നതാണെന്നും അമേരിക്കൻ പത്രങ്ങളിൽ പറയുന്നതു വെറും അബദ്ധമാണെന്നു മി മാക്ഡൊനാൾഡ് പറയുന്നു. എണ്ണയെപ്പററി യാതൊരു സൌജന്യവും ആലോചിക്കാൻ ജപ്പാൻപ്രതിനിധികൾ ബ്രിട്ടീഷ്പ്രതിനിധികളോടു പറഞ്ഞിട്ടേയില്ലപോൽ.

* * *

സർ ഫിലിപ്പ്സാസ്സൂൺ.



ബ്രിട്ടീഷു വ്യോമയാനവകുപ്പിലെ അണ്ടർസെക്രട്ടറിയായ ഈ ഉദ്യോഗസ്ഥൻ ഈയിടയിലെ വ്യോമമാർഗ്ഗസഞ്ചാരത്തിൽ ഇന്ത്യ സന്ദർശിക്കയുണ്ടായി. മാൾട്ടാ, കൈറോ, ബാഗ്ഡാഡ്, ബസ്രാ മുതലായ എല്ലാ വ്യോമയാന സംബന്ധമായ സ്ഥാപനങ്ങളും അദ്ദേഹം സന്ദർശിച്ചു.

* * *



എഫ്. എം. എസ്സ്. എന്നറിയപ്പെടുന്ന ഫെഡറേറഡ് മലയാസ്റേററ്സിൽ ഒരെണ്ണമായ നെഗ്രിസെംബിലാൻ എന്ന സംസ്ഥാനത്തിലെ രാജാവു് ടാൻകു അബ്ദുൽറഹമാൻ ഇബ്നി അൽമാർഹം യാം ടാൻ മഹമ്മദു, എന്നാണു ഇദ്ദേഹത്തിൻെറ പൂർണ്ണനാമം. ഇദ്ദേഹം ആരോഗ്യസംബന്ധമായ ഹേതുക്കളാൽ ഈയിടെ ഇംഗ്ലണ്ടിലെത്തി താമസിച്ചുവരികയാണു്.

* * *

ഗൌരവമേറിയ ഒരു കഥയെ അടിസ്ഥാനമാക്കി സുപ്രസിദ്ധ സിനിമാനടനായ ജാൺബാരിമൂർ ഒരു ഇന്ത്യൻഫിലിം ഉണ്ടാക്കുവാനുദ്ദേശിക്കുന്നു. ഇതേ ഉദ്ദേശത്തോടുകൂടി അദ്ദേഹം ഇന്ത്യ ചുററി സഞ്ചരിച്ചുവരികയാണു്. സഞ്ചാരശേഷം ഇംഗ്ലണ്ടിലേക്കു ഇദ്ദേഹം മടങ്ങുന്നതും അനന്തരം തിരിച്ചുവന്നു ഇന്ത്യൻപുരാണങ്ങളും ചരിത്രവും കൂട്ടിക്കലർത്തി ഒരു ചലനചിത്രം നിർമ്മിക്കുന്നതുമാണു്. ഫിലിം ബാംബെയിൽവച്ചുണ്ടാക്കണമെന്നും ഏതാനും ഇന്ത്യൻനടന്മാരെ ക്ഷണിക്കണമെന്നുമാണദ്ദേഹത്തിൻെറ ഉദ്ദേശം. * * *

ലിംഗബന്ധപരമായ കുററങ്ങൾ ചെയ്തിട്ടുള്ള 111 പേരുടെ ഉല്പാദനശക്തി 1933 നവംബർ 24-ാംതീയതിവരെ നശിപ്പിച്ചിട്ടുണ്ടെന്നു ജമ്മൻഔദ്യോഗികകണക്കുകളിൽനിന്നും കാണുന്നു. ഇതിനുള്ള ശസ്ത്രക്രിയകൾ മോബിററു ജയിൽആശുപത്രിയിലാണു നടന്നിട്ടുള്ളതു്. ശാസ്ത്രീയമായ രീതിയിൽ നടത്തപ്പെടുന്ന ഈ ശസ്ത്രക്രിയ എട്ടുമിനിട്ടുകൊണ്ടു അവസാനിക്കുന്നതാണു്. അതിനുശേഷം രോഗി പലമാസക്കാലത്തേക്കു ഡാക്ടരന്മാരുടെ മേൽനോട്ടത്തിൽ ഇരിക്കുന്നതാണു്. അക്കാലത്തു രോഗിയുടെ വളച്ചയെ കാണിക്കുന്നതിനായി ഫോട്ടോകൾ എടുക്കുന്നതും രോഗിയുടെ ശബ്ദത്തിൻെറ രീതി രേഖപ്പെടുത്തുന്നതിനായി ഗ്രാമഫോൺറിക്കാർഡുകൾ എടുക്കുന്നതുമായിരിക്കും. * * *



യൂഗോസ്ലേവിയായിലെ റീജൻസി ഭരണസമിതി.

പ്രിൻസ്പാൾ (വലതുവശം), എം പെറോവിക്ക് (നടുവിൽ), എം സ്റാൻകോവിക്ക് എന്നിവർ ബെൽഗ്രേഡ് പാർലമെൻറുസമ്മേളനത്തിൽവച്ചു യൂഗോസ്ളേവായിലെ പുതിയരാജാവായ പീററർ 2-ാമനോടുള്ള വിധേയത്വം പ്രതിജ്ഞചെയ്യുന്നു.

* * *

ഇററലിയിലെ പൈസാ എന്ന സ്ഥലത്തു നിലംഉഴുതുകൊണ്ടിരുന്നപ്പോൾ കലപ്പ എന്തോ കട്ടപ്പമേറിയ സാധനത്തിൽ തട്ടി. പരിശോധനയിൽ ആ സാധനം മയോസീൻ എന്ന യുഗത്തിൽ ഭൂമിയെ അധിവസിച്ചിരുന്ന മാമത്ത് എന്ന ഭീമാകാരമായ ഒരുതരം ആനയുടെ അസ്ഥിക്കൂടമാണെന്നു മനസ്സിലായിരിക്കുന്നു. അസ്ഥിക്കൂടത്തിൻെറ ചുരുക്കം ചില ഭാഗങ്ങൾ കാലത്തിൻെറ പ്രവാഹകാഠിന്യത്താൽ തേഞ്ഞുമാഞ്ഞുപോയിട്ടുണ്ട്. അതിൻെറ ഒരുകാലിൻെറ അസ്ഥിക്കു കാൽടൺ ഭാരമുണ്ടെന്നു കാണുന്നു. അതിൻെറ നഖങ്ങളുടെ വലിപ്പംതന്നെയും അത്ഭുതകരമാണ്. ഒരു അണപ്പല്ലിനു മുപ്പതു റാത്തൽ തൂക്കമുണ്ട്.

* * *

ഈയിടെ രണ്ടുദിവസംതുടരെ ചിത്രമെടുപ്പിക്കേണ്ട ആവശ്യത്തിലേക്കായി ധാരാളം ആളുകൾ ജർമ്മനിയിലെ ന്യൂറംബെഗ്ഗ് എന്ന സ്ഥലത്തെ ഒരു ഫോട്ടോസ്റ്റുഡിയോവിൽ എത്തിക്കൂടി. പക്ഷെ അവിടത്തെ ഉദ്യോഗസ്ഥന്മാരിൽ ഒരാളെപ്പോലും കാണുവാൻ ഇവരിൽ ആക്കും സാധിച്ചില്ല. "ജനറൽമാനേജരെ ഒന്നു കാണുവാൻ സാധിക്കുമോ" എന്നു സന്ദർശകരിൽ ഒരാൾ അവിടത്തെ കാവല്ക്കാരനോടു ചോദിച്ചപ്പോൾ അദ്ദേഹം (മാനേജർ) മധുവിധു അവധിക്കു പോയിരിക്കയാണെന്നുള്ള മറുപടികിട്ടി. "എന്നാൽ ഉപമാനേജരെ കണ്ടാൽ മതി" എന്നു സന്ദർശകൻ പറഞ്ഞു. അദ്ദേഹവും വിവാഹംകഴിക്കുവാൻ പോയിരിക്കയാണ്" എന്നു കാവൽക്കാരൻെറ സമാധാനം. "ഏതെങ്കിലും ഒരുദ്യോഗസ്ഥനെ കാണുവാൻ സാധിക്കുമോ" എന്നു നമ്മുടെ സന്ദർശകൻ വീണ്ടും ചോദിച്ചു. "എന്നെ ഒഴിച്ചു ഒരുത്തരെയും കാണുവാൻ ഇപ്പോൾ നിവൃത്തിയില്ല. ഒരുകൂട്ടർ വിവാഹശേഷം മധുവിധുയാത്രചെയ്യുകയാണ്. ബാക്കിയുള്ളവർ എല്ലാം വിവാഹംകഴിക്കുവാൻ പോയിരിക്കയുമാണ്" എന്നു കാവല്ക്കാരൻെറ മറുപടിയും: പുതുതായി കല്യാണംകഴിക്കുന്നവൎക്കു അൻപതു പവൻ കടംകൊടുക്കാമെന്നുള്ള ഗവർമ്മെൻറു പ്രസ്താവനയെ ഇവർ എങ്ങിനെ സ്വീകരിച്ചു എന്നു ഇതിൽ നിന്നു കാണാം.

* * *

വിദ്യാൎത്ഥികളുടെകൂടെ വിമാനത്തിൽ യാത്രചെയ്തു ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതു് ഉത്തമമായ ഒരു മാൎഗ്ഗമാണെന്നു ഒരു ഡച്ചുസ്കൂളിലെ ഹെഡ്മാസ്റ്റർ അനുഭവത്തിൽനിന്നു പറയുന്നു. മററു ഗത്യന്തരമില്ലല്ലോ എന്നു കരുതിമാത്രം ക്ലാസ്സുമുറികളിൽ ഇതേവരെ പ്രവേശിച്ചിരുന്ന ബാലവിദ്യാൎത്ഥികൾ പുതിയ വിമാനക്ലാസ്സുമുറിയിൽ പ്രവേശിക്കുവാനും പഠിക്കുവാൻതന്നെയും കൂടുതൽ ഉത്സാഹം പ്രദർശിപ്പിച്ചുവരുന്നു. വിമാനത്തിൽ പ്രവേശിക്കുമ്പോൾ ഓരോ കുട്ടിയും ഒരു ഭൂപടവും രണ്ടു ഇയർഫോണുകളും കരുതുന്നു. യാത്രചെയ്തുകൊണ്ടിരിക്കുമ്പോൾതന്നെ അദ്ധ്യാപകൻ വിമാനത്തിൻെറ മുൻവശത്തിരുന്നു ഒരു ഉച്ചശ്രുവണിയന്ത്രത്തിൻെറ സഹായംമൂലം അവർ കടന്നുപോകുന്ന ഓരോ സ്ഥലങ്ങളുടെ പേരുകളും, അവയെസംബന്ധിച്ചുള്ള പ്രത്യേകതകളും പറയുകയും കുട്ടികൾ സ്ഥലങ്ങളെ പടത്തിൽ അടയാളപ്പെടുത്തുകയും, പ്രത്യേകതകളെ മനസ്സിലാക്കുകയും ചെയ്യുന്നു. വിദ്യാൎത്ഥികൾ ഈ അദ്ധ്യയനരീതി വളരെ ഇഷ്ടപ്പെടുന്നു എന്നു മാത്രമല്ല സാധാരണരീതിയിലുള്ള അഭ്യസനത്തിൽ പ്രദർശിപ്പിക്കുന്നതിൽ ഇരുപതിരട്ടി ഉത്സാഹം ഈരീതിയിൽ ഇവർ പ്രദർശിപ്പിക്കുകയും ചെയ്യുന്നവത്രെ

* * *

കൂട്ടുകൃഷിവ്യവസ്ഥയ്ക്കു എതിരായുള്ള തൻെറ മാതാപിതാക്കന്മാരുടെ പ്രവൎത്തനങ്ങളെപ്പററി ഗവർമ്മെൻറിനു അറിവുകൊടുത്ത ഒരു ബാലനെ അച്ഛനും അമ്മയുംകൂടി കഴുത്തു ഞെരിച്ചുകൊന്ന ഒരു കേസ്സു മോസ്കോയിലെ സ്റ്റാലിൻഗ്രാഡ് ഡിസ്ട്രിക്ട് കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു. അച്ഛനു പത്തുകൊല്ലത്തേയും അമ്മയ്ക്കു മൂന്നുകൊല്ലത്തേയും തടവുശിക്ഷയാണു വിധിച്ചിരിക്കുന്നതു്. അസാധാരണമായ ഈ കേസ്സു, റഷ്യയിലെ അനേകായിരം കൎഷകന്മാരുടെ ശ്രദ്ധയെ ആകർഷിക്കുകയുണ്ടായി. കാമ്പിയൊണേഴ്സുസംഘടന (റഷ്യയിലെ ബായ്സ്കൗട്ട്)യിലെ ഒരു അംഗമായ മിസ്റ്റാദ്യാകോവ എന്ന ഈ ബാലൻ, സ്റ്റേററുപ്രാപ്പർട്ടിയുടെ സംരക്ഷണത്തിനും അതിനെതിരായി കുററംചെയ്യുന്നവരെപ്പററി റിപ്പോർട്ടുചെയ്യുന്നതിനും പ്രതിജ്ഞയാൽ നിർബന്ധിതനായിരുന്നു. മാതാപിതാക്കന്മാരുടെ ന്യായവിരുദ്ധമായ പ്രവൃത്തിയെപ്പററി ബാലൻ ഗവർമ്മെൻറിനറിവുകൊടുത്തു പിറേറന്നു അവൻ മരിച്ചു കിടക്കുന്നതായി കാണപ്പെടുകയും ചെയ്തു. കുതിരയുടെ ചവിട്ടേററു മകൻ മരിച്ചു എന്നാണു മാതാപിതാക്കന്മാർ മൊഴികൊടുത്തതു്. സോവിയററുയൂണിയനിലെ യുവാക്കൾ മിസ്റ്റാദ്യാകോവിനെ ഒരു രക്തസാക്ഷിയായി പരിഗണിക്കണമെന്നു ഗവർമ്മെൻറു അനുശാസിച്ചിരിക്കുന്നു. കഴിഞ്ഞ രണ്ടുകൊല്ലങ്ങളിലായി ഇതുപോലെ മാതാപിതാക്കന്മാൎക്കെതിരായി പല കുട്ടികളും ഗവർമ്മെൻറിനു അറിവുകൊടുക്കുകയുണ്ടായിട്ടുണ്ട്. അവരിൽ പലൎക്കും കുടുംബാംഗങ്ങളിൽനിന്നു പലതരത്തിലുള്ള കഷ്ടതകൾ അനുഭവിക്കേണ്ടതായും വന്നു. 1933 ൽ ഇത്തരത്തിലുള്ള ഒരു മരണം നടന്നിട്ടുണ്ട്. നിയമലംഘനം ചെയ്യുന്നവരെപ്പററി അറിവുകൊടുക്കുന്നവൎക്കു ഗവർമ്മെൻറു പലതരത്തിലുള്ള ബഹുമതികളും സമ്മാനങ്ങളും നൾകുകയും ചെയ്യുന്നു.

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | വി. സി. ബാലകൃഷ്ണപ്പണിക്കരുടെ കവിത — കെ. ഗോവിന്ദൻ ബി. ഏ. | 4 |
| 2. | റേഡിയം — പി. ഗോവിന്ദപ്പിള്ള ബി. ഏ. ബി. എൽ. | 6 |
| 3. | ഗുരുകുലവിദ്യാഭ്യാസം — വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻനായർ | 7 |
| 4. | യാചന (കവിത) — വി. കെ. കുഞ്ഞിശങ്കരൻനമ്പ്യാർ | 10 |
| 5. | വിജയൻെറകഥ (ചെറുകഥ) — സി. ജെ. സുമതിക്കുട്ടിഅമ്മ ബി. ഏ. | 11 |
| 6. | ലോകചക്രം | 13 |
| 7. | വിമൎശനം | 15 |
| 8. | കൂട്ടുകാർ (കവിത) — തൈക്കാട്ടു ചന്ദ്രശേഖരൻനായർ | 18 |
| 9. | ഭാരതം | 19 |
| 10 | എൻെറ ആത്മാലാപം— (ഒരു സമാധാനം) — കൈനിക്കര കുമാരപിള്ള | 21 |
| 11. | ആ രഹസ്യം (കവിത) — ഇടപ്പള്ളി ആർ. രാഘവൻപിള്ള | 24 |
| 12. | മാഡം മേർക്യൂറി — കെ. ജി. പരമേശ്വരപ്പണിക്കർ ബി. എ. | 25 |
| 13. | എനിക്കും തടിക്കണം — പി, കെ. രാജരാജവർമ്മ | 27 |
| 14. | ക്രിസ്തുവിൻെറകാലത്തു യൂദയാദേശത്തെ സ്ഥിതി — ഏ. ജോൺ ബി ഏ. | 29 |

# മലയാളരാജ്യം.

1110 വൃശ്ചികം 4-ാംനു- തിങ്കളാഴ്ച.

ശ്രീചിത്തിര അനാഥമന്ദിരോൽഘാടനം ഈ രാജ്യത്തിലെ ജനങ്ങൾക്ക അത്യന്തം സന്തോഷകരമായ ഒരു സംഭവമാണ്. അഗതികളും ദരിദ്രരുമായ ഭിക്ഷക്കാരെ സഹായിക്കുന്നതിനേക്കാൾ മഹത്തരമായ ഒരു പുണ്യകമ്മർമ്മമില്ലെന്നു എല്ലാമതങ്ങളും ഘോഷിക്കുന്നു. തിരുവിതാംകൂറിലെ മഹാരാജാക്കന്മാർ കാരുണ്യമൂർത്തികളാണെന്നു ചരിത്രത്തിൻെറ പ്രാഥമികപാഠങ്ങൾ അറിയാവുന്നവക്കുപോലും മനസ്സിലാകുന്നതാണ്. അത്തരം ഒരു പാരമ്പൎയ്യത്തിൽ വളൎന്നുവന്നിട്ടുള്ള വഞ്ചിരാജകുടുംബം ഇപ്പോൾ ഇങ്ങനെയൊരു കൃത്യം നിർവ്വഹിച്ചിരിക്കുന്നതു് എത്രയും സമുചിതമാകുന്നു. യാചകന്മാർ എല്ലാക്കാലത്തും എതുദേശത്തും ഉണ്ടായിരുന്നിട്ടുണ്ട്. കണ്ട വീടുകളുടെ വാതുക്കൽമുട്ടി, അന്തിനേരത്തിൽ കിട്ടുന്നതുകൊണ്ടു ദേഹദേഹികളെ വിഘടിപ്പിക്കാതെ കഴിച്ചുകൂട്ടുന്ന ഇവരുടെ ജീവിതം അത്യന്തം ദയനീയമാകുന്നു. തെണ്ടുക എന്നുള്ളതിനേക്കാൾ നീചമായ ഒരു കർമ്മം ഒരു സമുദായത്തിലും അംഗീകരിക്കപ്പെട്ടിട്ടില്ല. മഹാരാജാവുതിരുമനസ്സിലെ ഉദാരകൃത്യം പൊതുജനങ്ങൾക്കും അവരുടെ തൊട്ടം ചിററം ഏൾക്കേണ്ടിവരുന്ന യാചകന്മാക്കും ഒന്നുപോലെ ഗുണകരമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. അഗതിമന്ദിരങ്ങൾ സ്ഥാപിക്കുക എന്നതു് ഇന്നും ഇന്നലെയുമുള്ള ഒരു ഏൎപ്പാടല്ല. ഇന്ത്യയിൽ അശോകൻെറകാലത്തു് സാൎവ്വത്രികമായ ഒരു പ്രസ്ഥാനമായിരുന്നു ഇതു് എന്നു കാണ്മാനുണ്ടു് ഈ പരിഷ്കാരകാലത്തു പാശ്ചാത്യരാജ്യങ്ങളിൽ "നിസ്വവരി"പിരിച്ചു് പാരിഷുകൾ അഥവാ അഗതിമന്ദിരങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. പൗരസ്ത്യരാജ്യങ്ങൾ ഈ സമ്പ്രദായത്തെ പുനരുദ്ധരിക്കാൻ ശ്രമിക്കാതിരിക്കുന്നില്ല ഈയിടെ മൈസൂർ വനിതാസമ്മേളനത്തിൽ പാസ്സായ ഒരു നിശ്ചയം സാധുക്കൾക്കു് പ്രവൃത്തിമന്ദിരങ്ങൾ സ്ഥാപിച്ചു് യാചനയെ കുറവുകരമാക്കണമെന്നുള്ളതായിരുന്നു. തിരുവിതാംകൂറിൽ പ്രമേയങ്ങളും നിശ്ചയങ്ങളുമൊന്നും കൂടാതെ തന്നെ മഹാരാജാവുതിരുമനസ്സുകൊണ്ടു് അതിലേക്കുള്ള പ്രാരംഭശ്രമം ചെയ്തിരിക്കുന്നതു അത്യന്തം സന്തോഷാവഹമാണു തിരുമനസ്സിലെ സന്ദേശത്തിലും ജൂനിയർമഹാറാണിതിരുമനസ്സിലെ ഉൽഘാടനപ്രസംഗത്തിലും കാണുന്നതുപോലെ ഇതൊരു പ്രാരംഭശ്രമംമാത്രമാണെന്നുള്ളതു വിസ്മരിച്ചുകൂടാ. തൽക്കാലം അറുപതുപേരെ മാത്രമെ അഗതിമന്ദിരത്തിൽ പ്രവേശിപ്പിക്കുന്നുള്ളു. തിരുമനസ്സിലെ പ്രജാലക്ഷങ്ങളുടെ ഹാർദ്ദമായസഹകരണം ഈ പ്രസ്ഥാനത്തിൻെറ വിജയത്തിനു ആവശ്യമാണു്. ആ സഹകരണം ഉണ്ടാകാതെയിരിക്കയില്ലെന്നു ബലമായി വിശ്വസിക്കാം. പ്രവൃത്തിചെയ്യാൻ കഴിയുന്ന സാധുക്കൾക്കും അഷ്ടിക്കു വകയില്ലാതെ ദുർവൃത്തിക്കടിപെടുന്ന സഹോദരികൾക്കും ഇതൊരു മോക്ഷമാൎഗ്ഗമാണെന്നു പ്രജകൾ അറിയേണ്ടതാണു്. അവർ തങ്ങളുടെ കൎത്തവ്യം അനുസരിച്ചു പ്രവൎത്തിക്കുമെന്നു വിശ്വസിക്കുന്നതോടെ തിരുമനസ്സിലെ ദേശസഞ്ചാരത്തിൻെറ ഫലങ്ങൾ അനുഭവിക്കാൻ ഇടയാകുന്ന അവരെ അനുമോദിക്കയും തിരുമനസ്സുകൊണ്ടു അശോകൻെറകാലത്തെ അനുസ്മരിപ്പിക്കുമാറു് ഭരണം നടത്തുന്നതിൽ ആഹ്ളാദിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ തിരുവിതാംകൂറിലെ ധനാഢ്യന്മാരായ മഹാത്മാക്കളോടു ഞങ്ങൾക്കു ഒരു പ്രത്യേക അഭ്യൎത്ഥനയുണ്ടു്. ധനത്തിൻെറ വില അതു നൾകുന്ന സുഖത്തിലാണു സ്ഥിതിചെയ്യുന്നതു്. പാശ്ചാത്യരാജ്യങ്ങളിലും മററും അനവധികോടി പണം കോടീശ്വരന്മാർ ധർമ്മകാൎയ്യങ്ങൾക്കു ചിലവുചെയ്യാറുണ്ടു്. ഇന്ത്യയിലും അത്തരം സൽകൃത്യങ്ങൾ വിരളങ്ങളല്ല. ബോംബയിലെപാർസികോടീശ്വരന്മാർ ധർമ്മസ്ഥാപനങ്ങൾക്കായി നൾകീട്ടുള്ള സംഭാവനകളുടെ കണക്കിനതിരില്ല തെക്കെഇന്ത്യയിൽ അണ്ണാമലയൂണിവേർസിററിക്കു രാജാ സർ അണ്ണാമലചെട്ടി ഇരുപത്തിഅഞ്ചുലക്ഷംരൂപ സംഭാവനചെയ്തതും സുപ്രസിദ്ധമാണു്. ധർമ്മഭൂമിയെന്നു പേരുസമ്പാദിച്ചിട്ടുള്ള നമ്മളുടെ രാജ്യത്താണെങ്കിൽ ധനവാന്മാരുടെ അത്തരം ഉദാരകൃത്യങ്ങൾ വളരെ കുറഞ്ഞുകാണുന്നതു വ്യസനകരമായിരിക്കുന്നു. അനേകലക്ഷംരൂപ സമ്പാദിച്ചു ബാങ്കുകളിലും ഗവർമ്മെൻറു് ഗിൽട്ടു് എഡ്ജഡ്സെക്യൂറിററികളിലും നിക്ഷേപിച്ചിട്ടുള്ള തിരുവിതാംകൂർകാർ അപൂൎവ്വമല്ല. അങ്ങനെയുള്ള മഹാന്മാക്കു് കുറെ ലക്ഷങ്ങൾ മഹാരാജാവുതിരുമനസ്സിലെ പരിപാവനമായ നാമത്തോടു സംഘടിതമായ ഇപ്രകാരമുള്ള മഹനീയസ്ഥാപനങ്ങൾക്കു നൾകി തങ്ങളുടെ ആത്മശാന്തിക്കും ആതുരന്മാരായ സ്വസഹോദരങ്ങളുടെ ക്ഷുദ്രാഹാദിശാന്തിക്കും ഒരുപോലെ മാർഗ്ഗം കാണാവുന്നതാണു്. മഹാരാജാവുതിരുമനസ്സിലെ സന്ദേശത്തിലും അമ്മമഹാറാണി തിരുമനസ്സിലെ പ്രസംഗത്തിലും ഇത്തരം ഉദാരമതികളുടെ സംഭാവനകൾ ഉണ്ടാകുമെന്നു സൂചിപ്പിച്ചിട്ടുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണു്. ഈ സുവൎണ്ണാവസരത്തെ നമ്മുടെ കുബേരന്മാരായ ധാർമ്മികന്മാർ പാഴാക്കിക്കളകയില്ലെന്നു വിശ്വസിക്കുന്നു.

*  *  *

അലഹബാദ് സൎവ്വകലാശാലയുടെ കാൺവൊക്കേഷനിൽ സർ രാധാകൃഷ്ണൻചെയ്ത പ്രസംഗം അത്യന്തം ശ്രദ്ധാൎഹമാണു്. ഇന്ത്യയുടേയും ലോകത്തിൻെറയും ആധുനികനിലയെ ഒരു തത്വചിന്തകനും വിദ്യാഭ്യാസപ്രവൎത്തകനുമായ പ്രസംഗകൻ സൂക്ഷ്മമായി വിശകലനം ചെയ്തിട്ടുണ്ടു്. ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയിലുള്ള നിരവധി ദൂഷ്യങ്ങളെ അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ഇന്ത്യയുടെ കാർഷികപ്രധാനമായ സ്വഭാവത്തെ ചൂണ്ടിക്കാണിച്ചിട്ടു കൃഷിവിദ്യാഭ്യാസത്തിനു കൂടുതൽ പാഠശാലകൾ സ്ഥാപിക്കണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു. പ്രാചീനകാലങ്ങളിൽ നൂൽനൂൽപും നെയ്ത്തും കർഷകരുടെ ഉപവ്യവസായങ്ങളായിരുന്നുവെന്നും അവയെ പുനരുദ്ധരിക്കുവാനുള്ള ഗാന്ധിജിയുടെ ശ്രമം വെറും ഒരു ഭ്രാന്തൻെറ സ്വപ്നമല്ലെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. മഹാത്മജിയുടെ ഗ്രാമീണവ്യവസായോദ്ധാരണസംരംഭം ഇന്ത്യയുടെ ഇന്നത്തെ ആവശ്യത്തിനു എത്രയും ഉതകുന്നതാണെന്നത്രേ സുപ്രസിദ്ധചിന്തകനായ സർ രാധാകൃഷ്ണൻ അഭിപ്രായപ്പെടുന്നതു്. ഈ പുതിയ സംരംഭം പ്രാചീനകാലത്തേക്കു തിരിച്ചുപോകുന്നതിനു തുല്യമാണെന്നു പറഞ്ഞു ആക്ഷേപശരങ്ങൾ അയയ്ക്കുന്ന നിരൂപകന്മാർ ഈ തത്വശാസ്ത്രജ്ഞൻെറ അഭിപ്രായം മനസ്സിലാക്കിയാൽ വലിയ ഉപകാരമായിരിക്കും. വിദ്യാഭ്യാസവും ഗവേഷണവും നടത്തുന്നതുകൂടാതെ, ആളുകളെ നല്ല നേതാക്കന്മാരായിരിക്കുവാൻ പരിശീലിപ്പിക്കുകയാണു സൎവ്വകലാശാലകളുടെ പ്രധാനകൎത്തവ്യമെന്നത്രെ അദ്ദേഹം പറയുന്നതു്. ആധുനികലോകത്തിൽ ആവശ്യമായിട്ടുള്ളതു് നല്ലമാൎഗ്ഗത്തിലൂടെ രാഷ്ട്രങ്ങളെ നയിക്കുവാൻ പ്രാപ്തന്മാരായിട്ടുള്ള നേതാക്കന്മാരാകുന്നു. ആ നേതൃത്വത്തിൻെറ അഭാവമാണു ഇന്നു ലോകത്തിൽകാണുന്ന പല കുഴപ്പങ്ങൾക്കും കാരണമായിട്ടുള്ളതു്. പരിഷ്കൃതങ്ങളായിരുന്ന പല പാശ്ചാത്യരാജ്യങ്ങളിലും ഇന്നു കളിയാടുന്ന ഡിക്ടേറർഭരണത്തിൻെറബീഭത്സമായ വശങ്ങളെ പ്രസംഗകൻ വിവരിക്കുന്നുണ്ടു്. സാമ്പത്തികമായ അസമത്വമാണു് ലോകത്തിൽ ഇന്നുകാണുന്ന അസംതൃപ്തിക്കെല്ലാം കാരണമായിട്ടുള്ളതെന്നു പറയുന്നതു് പരമാൎത്ഥമാകുന്നു ഈ അസ്വാസ്ഥ്യം പരിഹരിക്കുവാൻ ഓരോ രാഷ്ട്രങ്ങൾ അവലംബിച്ചിട്ടുള്ള മാൎഗ്ഗങ്ങൾ സ്ഥിതിഗതികളെ കൂടുതൽ വഷളാക്കുന്നതേയുള്ളു. എന്തെന്നാൽ സർ രാധാകൃഷ്ണൻ പറയുന്നതുപോലെ ഓരോ രാജ്യങ്ങളും ദേശീയപരിധിയിൽ ഉറച്ചുനിന്നു താരിപ്പുമതിലുകളെ ഉയൎത്തി ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതിനാണു ശ്രമിക്കുന്നതു്. ആ ശ്രമം രാഷ്ട്രങ്ങൾ തമ്മിൽ കൂടുതൽ അസുഖവും വിദ്വേഷവും വളൎത്തുന്നതിനു പൎയ്യാപ്തമായി ഭവിക്കുന്നു. എന്നാൽ ഈ ഇരുളടഞ്ഞ അന്തരീക്ഷത്തിൽ അദ്ദേഹം ഒരു സുവൎണ്ണരേഖമാത്രമേ കാണുന്നുള്ളു അതു ഇന്ത്യയിലാണുതാനും. മഹാത്മാഗാന്ധിയുടെ അക്രമരാഹിത്യസിദ്ധാന്തമാകുന്നു തത്വശാസ്ത്രജ്ഞനായ അദ്ദേഹം ദർശിക്കുന്ന ആ സുവൎണ്ണരേഖ. ബാംബെ കാൺഗ്രസ്സ് സമ്മേളനത്തിൽ നിന്നും യാത്രപറഞ്ഞു പിരിഞ്ഞുപോയ അവസരത്തിൽ ഗാന്ധിജിചെയ്ത ഒരു പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നപ്രാധാന്യത്തെ അദ്ദേഹം വിശദീകരിക്കുന്നു. സ്വരാജ്യം അക്രമംകൊണ്ടു കൈവന്നുചേൎന്നാൽ താൻ അതു സ്വീകരിക്കുന്നതല്ല എന്നുള്ള ഗാന്ധിജിയുടെ ആ പ്രസ്താവനയാണു ലോകത്തിനു ഒരു പുതിയ സന്ദേശം നൽകുന്നതെന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. അക്രമപ്രസക്തിയിൽനിന്നും ലോകത്തെ സംരക്ഷിക്കുന്നതിനു ഗാന്ധിജിയുടെ ഈ സന്ദേശത്തിനുമാത്രമേ സാദ്ധ്യമാകുകയുള്ളു എന്നും അദ്ദേഹം സ്ഥാപിക്കുന്നു.



തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ജന്മദിനാഘോഷം സംബന്ധിച്ച തിരുവനന്തപുരം പുത്തൻകച്ചേരിമൈതാനത്തു നടത്തപ്പെട്ട സ്കൗട്ടുറാലി തൃക്കൺപാർക്കുന്നതിനായി എഴുന്നള്ളിയിരുന്ന ചീഫ്സ്കൗട്ട്, ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട്, അഭിവാദ്യം സ്വീകരിക്കുന്നു



പുത്തൻകച്ചേരി മൈതാനത്തുവച്ചു നടത്തപ്പെട്ട അഖിലതിരുവിതാംകൂർ സ്കൗട്ടുറാലിയിൽ പങ്കുകൊണ്ട ഗേൾഗൈഡ്സ്.



ഉദാരശിരോമണി റാവുസാഹിബ
ടി. പത്മനാഭറാവുഅവർകൾ



വാസ്തുവിദ്യാകുശലൻ
മി. സി. ബാലകൃഷ്ണറാവു ബി. എ., ബി. ഇ., സി. ഇ.

തിരുനാൾസംബന്ധിച്ച തിരുവിതാംകൂർമഹാരാജാവുതിരുമനസ്സുകൊണ്ട് മെ. ടി. പത്മനാഭറാവു, സി. ബാലകൃഷ്ണറാവു എന്നിവർക്കു ബഹുമതികൾ നൾകുകയുണ്ടായി. മി. പത്മനാഭറാവുവിനു ഒരു മാലയും മെഡലും, മി. ബാലകൃഷ്ണറാവുവിനു ഒരു മെഡലും കല്പിച്ചു സമ്മാനിക്കുകയുമുണ്ടായി. മി. പത്മനാഭറാവു റിട്ടയാർഡ് അഞ്ചൽസൂപ്രണ്ടും മി. ബാലകൃഷ്ണറാവു തിരുവനന്തപുരം വാട്ടർവർക്സ് സെക്ഷൻ എക്സിക്യൂട്ടിവ് എൻജിനീയരുമാണ്.

Photos, Royal Studio, Trivandrum.



യുഗോസ്ലേവിയയിലെ വധിക്കപ്പെട്ട അലക്സാണ്ടർരാജാവിൻെറ സംസ്കാരയാത്ര ബെൽഗ്രേഡിൽക്കൂടി കടന്നുപോകുമ്പോൾ അഞ്ചുലക്ഷത്തിൽപരം ആളുകൾ അതിൽ സംബന്ധിക്കുകയുണ്ടായി. ആ ഘോഷയാത്രയുടെ ചിത്രമാണു് മുകളിൽ കാണുന്നതു്. ടോപോളാപള്ളിയിലെ അന്ത്യശുശ്രൂഷകളിലും സംസ്കാരവിധികളിലും പല നേഷൻസിൻെറ പ്രതിനിധികൾ സംബന്ധിച്ചിരുന്നു. ജോർജ്ജുരാജകുമാരനും (കെൻറിലെ ഡ്യൂക്കു്) മെരിനാരാജകുമാരിയും ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. U. P. S.



ലോകൈകസുന്ദരികൾ. ലണ്ടനിലെ ഒരു ഡിപാർട്ടുമെൻറുസ്റ്റോറിൽ ലോകൈകസുന്ദരികൾ സമ്മേളിച്ച ഒരു രംഗം. ഏററവും നൂതനമായ ഫാഷൻ അനുസരിച്ചാണു് അവരുടെഎല്ലാം വസ്ത്രധാരണം. മദ്ധ്യത്തിൽ കേവലം അനാഡംബരമായ ശുഭ്രവസ്ത്രം ധരിച്ചുകാണപ്പെടുന്ന മിസ്സ് ഫിൻലാൻഡ് ആണു് മിസ്സ് യൂറോപ്പ് എന്നു് അംഗീകരിക്കപ്പെട്ടിരിക്കുന്നതു്. ഇടത്തെ അററത്തുനിന്നും രണ്ടാമതായി നില്ക്കുന്നതാണു് മിസ്സ് ഇംഗ്ലണ്ടു്.

U. P. S.

(12-ാം പുറത്തുനിന്നും തുടച്ച്)

പം നിഴലിക്കകയില്ലെന്ന വിജയന ബോധ്യമുണ്ടായിരുന്നു. തന്റെ ജന്മസിദ്ധമായ വാസനയും അഭംഗുരമായി തനിക്ക് അനുഭവപ്പെട്ടിരുന്ന ദൈവാനുകൂല്യവും, നിശ്ചയമായി പരലോകത്തിൽ തനിക്ക ലഭിക്കമായിരുന്ന സ്വർഗ്ഗസുഖവും എല്ലാം താൻ അനുഷ്ഠിച്ച മഹാപാതകം തകത്തുകളഞ്ഞതല്ലോ എന്നോർത്ത് അദ്ദേഹത്തിന്റെ ഹൃദയം പുകഞ്ഞുകൊണ്ടിരുന്നു. ദേഹം ക്ഷീണിച്ചുതുടങ്ങുകയുംചെയ്തു. രാജാവിന്റെ കല്പന നിർവ്വഹിക്കണമെന്ന് അനുനിമിഷം താല്പര്യമുണ്ടായിരുന്നെങ്കിലും സ്ത്രീസൌന്ദര്യത്തിന്റെ ശരിയായും ദിവ്യമായും ഉള്ള ഒരു മാതൃക ഹൃദയത്തിൽ പതിയാതെ എങ്ങിനെയാണു പടം വരയ്ക്കുക. സരളയുടെ മൃതശരീരത്തിന്റെ രൂപമല്ലാതെ മറെറാന്നും മനസ്സിൽ തെളിയാതെ അദ്ദേഹം വിഷമിച്ചു. ശരീരം എല്ലും തൊലിയും മാത്രമായി ശേഷിച്ചു. ആഹാരത്തിലും മററുദിനചര്യകളിലും തീരെ ശ്രദ്ധയില്ലാതായി. പ്രദർശനദിവസവും സമീപിച്ചു. എന്തുചെയ്യണമെന്നറിയാതെ വിജയൻ വളരെ ക്ലേശിച്ചു തന്റെ പാപത്തെപ്പററിയുള്ള ക്ലേശം വിട്ടൊഴിഞ്ഞിട്ടു മറെറാന്നിനെക്കുറിച്ചു വിചാരിക്കാൻ വിജയന സമയംകിട്ടാതെയായി.

പ്രദർശനദിവസത്തിനു ഒരാഴ്ചകൂടിമാത്രമേ ഉള്ളു. വളരെ നേരം കണ്ണുനീരൊഴുക്കിയിട്ടാണു അന്നും വിജയൻ ഉറങ്ങിയതു്. അന്നു വിജയനു ഒരു സ്വപ്നമുണ്ടായി. സരളയുടെ സുന്ദരരൂപം വിജയന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടു. പശ്ചാത്താപംകൊണ്ടും ഭയസംഭ്രമങ്ങൾകൊണ്ടും വിജയൻ നിലവിളിച്ചുതുടങ്ങി. അവൾ അടുത്തുവന്നു വിജയനെ മന്ദമായി തലോടി.

"അയ്യോ! സരളേ! ഓമനേ! നിന്നെ ഞാൻ കൊന്നതല്ലേ! എന്നെ ശിക്ഷിക്കാനായിരിക്കാം നീ വന്നിരിക്കുന്നതു ഇതാ! എന്നെ കൊന്നുകൊള്ളുക എനിക്കു മരണം ഒരനുഗ്രഹമായിരിക്കും എനിക്കു മാപ്പു തന്നിട്ടു—ഇതാ—ഇതാ".

"ശിക്ഷിക്കാനൊന്നുമല്ല ഞാൻ വന്നിരിക്കുന്നതു്. അതിനെനിക്കു ശേഷിയുമില്ല, താല്പര്യവുമില്ല ഞാൻ അവിടത്തെ സ്നേഹിച്ചു. ഇപ്പോഴും സ്നേഹിക്കുന്നുണ്ടു്".

"അയ്യോ! അതു പരമാർത്ഥമാണോ? സരളേ! അയ്യോ! നീ ദേവിയാണു്. ഞാൻ മഹാപാതകിയുമാണു്. സരളേ, സരളേ, നിന്റെമുഖം ഹാ ഹാ!" വിജയൻ സ്തബ്ധനായിപ്പോയി. സരളയുടെ മുഖത്തു ദിവ്യമായ ഒരു തേജസ്സു കളിയാടുന്നുണ്ടായിരുന്നു. "അഹോ! എന്തൊരുപ്രഭ! എന്തൊരുചൈതന്യം! ഭഗവാനേ! മഹാലക്ഷ്മിയോ ഇതു്? അതെ, അതെ, ദേവീ, അംബികേ......" എന്നു വിജയൻ പുലമ്പി.

"യഥാർത്ഥസൌന്ദര്യം കണ്ടു കഥാനിർമ്മാണം സാധിച്ചുകൊള്ളുക. അതിൽ അവിടുത്തെ സഹായിക്കാനാണു ഞാൻ ഇവിടെ വന്നതു്".

വിജയൻ ആ രൂപത്തിൽനിന്നു ദൃഷ്ടിപറിക്കാതെ നോക്കിക്കൊണ്ടുനിന്നു. ആ രൂപം ദൃഷ്ടികളിൽനിന്നു മറഞ്ഞതു ഹൃദയത്തിൽ പതിയാൻമാത്രമായിരുന്നു. പെട്ടെന്നു അദ്ദേഹം സ്വപ്നത്തിൽനിന്നുണർന്നെഴുന്നേററിരുന്നു ചിത്രമെഴുതാൻ തുടങ്ങി. രാത്രിയും പകലും ഊണും ഉറക്കവും ഇല്ലാതെ പ്രവൃത്തി തുടന്നു. ചിത്രം പൂർത്തിയായി. വിജയനു ആശ്വാസവുമായി. അതു രാജാവിനു അപ്പോൾതന്നെ അയച്ചുകൊടുത്തിട്ടു ഉടൻ സ്വഗൃഹവും ലോകസുഖങ്ങളും എന്നന്നേക്കും വെടിഞ്ഞു ഇറങ്ങിയിരിക്കുകയാണു്. സരളയെ ആദ്യമായി കണ്ട സ്ഥലത്തു ഒന്നു ചെന്നിട്ടു ആ ദേശംവിടാൻ അദ്ദേഹം നിശ്ചയിച്ചിരിക്കുകയാണു്. ഉടുത്ത മുണ്ടോടുകൂടിമാത്രം ഗൃഹത്തിൽനിന്നിറങ്ങിത്തിരിച്ച അദ്ദേഹം ഒരിക്കലും തിരിച്ചുമടങ്ങാൻ നിശ്ചയിച്ചിട്ടില്ലെന്നും ജീവിതശേഷം മുഴുവനും അലഞ്ഞു തിരിഞ്ഞു കഷ്ടപ്പെട്ടു തന്റെ പ്രിയതമയുടെ സമീപം എത്താൻ കൊതിക്കുകയാണെന്നും ആയിരുന്നു വിജയന്റെ കഥ.

---

# ക്രൂട്ടകാർ.

തൈക്കാട്ട് ചന്ദ്രശേഖരൻനായർ.

I

ഞാനന്നു കടലാസ്സിൽതിത്തൊരുകളിക്കപ്പൽ
കാനന നീർചാലിന്റെകൈകളിലിട്ടുമന്ദം!
പട്ടണവിദൂരയാമപ്പേശലാംഗി,യാദ്യം
കിട്ടിയ പരസ്പത്തിൽപെട്ടെന്നു തുളുമ്പിപ്പോയ്!!
ആവേശം നരച്ചാർത്തിലെത്തിത്താഴ്‌വരയിൽ, സം-
ഭാവന യവധാനംപരിശോധിച്ചു മുഗ്ദ്ധ;
പിന്നെ പ്പൂഞ്ചോലയ്ക്കുള്ളിൽതിരുകിക്കൊണ്ടാളവ-
ളന്യൂനസമ്പത്തതിൽകാണുമെന്നോർത്തോ നാളെ!
എന്നുമാ പ്രത്യാശയെപ്പററിയാരാഞ്ഞുയാവാ-
മിന്നദീനാലയെന്നോടവകാശംപേശിപ്പേശി!!

II

ആ വിധം സംഭാഷണലോലയായ്സരിൽക്കുഞ്ഞു
തുവെള്ളിമുത്തേഴെട്ടുകാണിച്ചു ഗമിയ്ക്കവേ
നോക്കിഞാൻ പുളകാംഗൻനില്ക്കുന്നു ഭൂതകാല
സൽക്കാവ്യവശങ്ങളെത്തിരിച്ചു വായിക്കുവാൻ.
അക്കരെത്തിളങ്ങിയബാലാക്കലിലാവനം
ചിക്കനെ മറവോളംമങ്ങലിൽ നകന്നിടാം;
ഇച്ചുററുപാടിൽ നീണ്ടുനാഴികകുറച്ചല്ല
കൊച്ചിലേവിനോദിച്ചു കൂട്ടരൊത്തുത്സാഹി ഞാൻ;
അനാഹംമദ്ധ്യാഹ്നത്തിലപ്പുഴവക്കത്തൂടെ
ഖിന്നനായ് ജീവിതപ്പോരേററിതാ കുതിയ്ക്കുന്നു;
വേനൽപോയന്തിതമോരാശിയിൽ മയങ്ങുമ്പോൾ
ഞാനിതേപ്രിയപാർശ്വമെത്തി വിശ്രമിച്ചാവൂ!
നിന്തരിമണലെന്റെ ചവിട്ടാൽനൊന്തിട്ടുണ്ടാം,
സന്തതം നദിപ്പൂൻപേ! നീയതുപൊറുക്കുമോ!!

---


## ഒരേറിനു രണ്ടു പക്ഷിയെക്കൊല്ലാൻ

### സുവർണ്ണാവസരം.



പുഴക്കടി ഭേദപ്പെടുത്തുന്നതിനും മഴനനയാതിരിക്കുന്നതിനുംകൂടി, ഞങ്ങളുടെ പുഴക്കടിതൈലം ൨൪ മണിക്കൂർ കൊണ്ടു പുഴക്കടിയെ ഭേദപ്പെടുത്തുന്നു. ഇതിനെ പ്രചാരപ്പെടുത്തുന്നതിനായി ൨൪ ഡപ്പി ഒരുമിച്ചു ൩ ക. വിലയ്ക്കു വാങ്ങുന്നവർക്കു ഇനാമായി പട്ടയോടുകൂടിയ ഡമ്മി റിസ്റ്റുവാച്ചു ൧, ചങ്ങലയോടുകൂടി ഇൻഫന്റു പാക്കററുവാച്ചു ൧, ൧൦ വർഷത്തെ ഗാരന്റിയുള്ളതും കൃത്യമായി സമയം സൂചിപ്പിക്കുന്നതുമായ 'ബി' ടൈംപീസു് ൧, ബാററിയോടുകൂടിയ ടാർച്ചുവിളക്കു ൧, ഫൌണ്ടൻ പേന ൧, ബ്ലേഡുസഹിതം സേഫ് ടിറേസർ ൧, ബ്രഷ്, സോപ്പ്, ചീപ്പ് അല്ലെങ്കിൽ കൂടിയതരം വാട്ടർപ്രൂഫ് (മഴക്കോട്ടു) കോട്ടു ൧ പാക്കിംഗും പോസ്റേറജും പ്രത്യേകം (കോട്ടിന്റെനിറവും അളവുംഅയയ്ക്കണം. തൃപ്തികരമല്ലെങ്കിൽവില തിരിച്ചുതരുന്നതാണു്.)

International Trading Co., Post Box No. 6714 (Sect. No 11, M. Q.)Calcutta.




## ഭാരതം.

മിസ്സസ്സ് മദനമോഹനമാളവ്യയുടെ രോഗസ്ഥിതിക്ക സ്വല്പം ആശ്വാസം കാണുന്നുണ്ട്. പക്ഷേ ആപൽഘട്ടം കടന്നുകൂടിയതായി കണക്കാക്കവാൻ നിവൃത്തിയില്ല. ഇതേവരെ ശരിയായ ബോധം ഉണ്ടായിട്ടില്ല.

*    *    *

"വൈസ്രോയി ആഫ് ഇന്ത്യാ" എന്ന കപ്പലിൽ ജായിൻറ പാർലമെൻററി കമ്മററിറിപ്പോട്ടിൻെറ പരിനായിരംപ്രതി ബാംബയിൽ വന്നിറങ്ങിയിരിക്കുന്നു. യാത്രക്കാരുടെ കൂട്ടത്തിൽ അടുത്ത മദ്രാസ്ഗവണ്ണരായ എഴ്സ്ക്കിൻപ്രഭുവും പത്നിയും ഉണ്ടായിരുന്നു.

*    *    *

### ലണ്ടൻ സർവ്വകലാശാല ബഹുമാനിക്കുന്നു.



ലാഹോറിൽ സ്ത്രീകൾക്കായുള്ള ഗവർമ്മെൻറ കാളേജിൽ സയൻസു പ്രഫസർ ആയിരുന്ന ഡാക്ടർ വത്ത് കേശവ്ക്രിസ്റ്റി എന്ന മഹതിയ്ക്കു ലണ്ടൻ സർവകലാശാലക്കാർ പി. എച്ച്– ഡി– (Ph. D) എന്ന ഡിഗ്രി നൽകിയിരിക്കുന്നു. ഇവർ നടത്തിയിട്ടുള്ള ചില പര്യവേക്ഷണങ്ങളെ പരിഗണിച്ച ലണ്ടൻ ഇമ്പീരിയൽ കാളേജ് അഫ്സയൻസിൽനിന്നും ഇവക്ക ഒരു ഡിപ്ലൊമായും നൽകിയിരിക്കുന്നു.

*    *    *

ബൊവാലിയിൽ ചികിത്സയിലിരിക്കുന്ന ശ്രീ. കമലാനെഹ്റുവിൻെറ സ്ഥിതിയെപ്പററി ഒടുവിൽകിട്ടിയ വിവരങ്ങളിൽനിന്നും അവക്ക 5 ാം ത്തത് തൂക്കം വീണ്ടും കൂടിയിട്ടുണ്ടെന്നു അറിയുന്നു കഴിഞ്ഞ ഏതാനുംദിവസമായി അവരുടെ ദേഹത്തെ ചൂട് 99.8–ഡിഗ്രിയിൽ താഴെയായിട്ടുമില്ല

*    *    *

ഇന്ത്യയുമായി ഒരു വാണിജ്യസന്ധി ഉണ്ടാക്കാനായി ഇററാലിയൻ ഗവണ്മെൻറിലെ മൂന്നു മെമ്പറന്മാർ നവംബർ 22-ാംനു- ഇന്ത്യയിലേയ്ക്കു പുറപ്പെടുന്നു അസംസ്കൃതസാധനങ്ങൾ ഇന്ത്യ കൊടുത്തിട്ട് ഇററലിയുടെ തുണിത്തരങ്ങൾ യന്ത്രങ്ങൾ മുതലായവ വാങ്ങണമെന്നാണ് അവർ നിർദ്ദേശിക്കുന്നതു്. വ്യാപാരമിച്ചം ഇന്ത്യക്കനുകൂലമായിരിക്കുമത്രേ.

*    *    *

ലാഹോറിലെ ഭാരതമുദ്രാലയത്തിൽ ഭയങ്കരമായ ഒരഗ്നിബാധയുണ്ടായി മുൻസിപ്പൽ ഫയർബ്രിഗേഡുകാരുടെ പ്രയത്നഫലമായി ഇതു കെടുത്തുവാൻ സാധിച്ചു എങ്കിലും അയ്യായിരം രൂപായുടെ നഷ്ടമുണ്ടാകുവാൻ ഇടയായിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അഗ്നിബാധയ്ക്കുള്ള കാരണത്തെപ്പററി പോലീസുകാർ ഊർജ്ജിതത്തിൽ അന്വേഷണങ്ങൾ നടത്തുന്നു.

*    *    *

ലണ്ടനിലെ ഇൻഡ്യൻ ഗ്രാമക്ഷേമസംഘത്തിലെ കണ്ണൽ ഹാർഡിഞ്ച് ഹൈദ്രാബാദിൽനിന്നു മദ്രാസിൽ എത്തി ബാംബെയിലേക്കു പോയിരിക്കുന്നു. ഗ്രാമീണവിക്ഷേപണം പ്രചാരത്തിൽ വരുത്തുവാനാണ് കണ്ണൻ യാത്രചെയ്യുന്നതു്. ഇന്ത്യൻഗ്രാമങ്ങളിൽനിന്നു സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനും അവയെ വിതരണംചെയ്യുന്നതിനുമാണ് ഈ സംഘം 1931–ൽ ആരംഭിച്ചതു്. ഇതുമൂലവും ഇങ്ങനെയുള്ള പദ്ധതികൾ വർദ്ധിപ്പിച്ചും പരീക്ഷണങ്ങൾ നടത്തിയും ഗ്രാമീണക്ഷേമത്തെ പുലർത്തുവാനാണ് ഈ സംഘം ഉദ്ദേശിക്കുന്നതു്.

*    *    *

ആന്ധ്ര സർവ്വകലാശാലയുടെ വൈസ്ചാൻസലറായ ഡാക്ടർ സർ. രാധാകൃഷ്ണൻ അലഹബാദ് സർവ്വകലാശാലയുടെ കാൺവൊക്കേഷൻ പ്രസംഗം ചെയ്തിരിക്കുന്നു. സർ മാൽകം ഹെയിലി ഒരവസരത്തിൽചെയ്ത പ്രസംഗത്തിൽ ആധുനികലോകത്തിലെ വിദ്യാഭ്യാസപരവും, സാമുദായികവും, രാഷ്ട്രീയവും സൈനികവും സാമ്പത്തികവുമായ സ്ഥിതിഗതികളെ വിശകലനം ചെയ്തു. സർവ്വകലാശാല വിദ്യാർത്ഥികൾ ഏറെറടുത്തു പ്രവർത്തിക്കേണ്ട നിരവധി പ്രശ്നങ്ങൾ ഉണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു

*    *    *    *

### ഇൻഡ്യയുടെ ട്രേഡ്കമ്മീഷണർ.



കൽക്കത്തയിൽ കമ്മേഴ്സ്യൽ ഇൻറലിജൻസ് ആൻഡ് സ്ററാററിസ്ററിക്സ് ഡയറക്ടർ ജനറലായിരുന്ന ഡാക്ടർ മീക്കിനെ ലണ്ടനിൽ ഇൻഡ്യയുടെ കച്ചവടം സംബന്ധിച്ചുള്ള കമ്മിഷണരായി നിയമിച്ചിരിക്കുന്നു.

*    *    *

### സർ മനുബായിമേത്താ Kt.



ഈയിടെ ഉദ്യോഗത്തിൽനിന്നും പിരിഞ്ഞ ബിക്കാനീർ ദിവാൻ.

ഇതിനുമുമ്പ് 11–കൊല്ലം ഇദ്ദേഹം ബറോഡാ ദിവാനായി ഇരുന്നിട്ടുണ്ട്.

*    *    *

റഷ്യയെപ്പററി ടാഗോർ എഴുതിയ ഒരു ലേഖനവും അതുപോലുള്ള മററു ലേഖനങ്ങളും 1931 ൽ പുസ്തകമായി അച്ചടിച്ചിരിക്കെ ആ ലേഖനം മോഡേൺ റിവ്യൂവിൽ പ്രസിദ്ധംചെയ്യുന്നതിനെ നിരോധിച്ചതെന്തുകൊണ്ടെന്നു കാമൺസിൽ റിസ്ഡേവിസ് ചോദിച്ചു 1931–ൽ ബംഗാളിഭാഷയിൽ പ്രാദേശികപത്രങ്ങൾ പ്രസിദ്ധംചെയ്ത പ്രസ്തുത ലേഖനം വളരെയൊന്നും ശ്രദ്ധയെ ആകർഷിച്ചിരുന്നില്ലെന്നും ബ്രിട്ടീഷ്ഭരണത്തെ വികൃതമായി ചിത്രീകരിക്കുന്ന പ്രസ്തുത ലേഖനം മോഡേൺറിവ്യൂവിനെപ്പോലെ പ്രചാരമുള്ള ഒരു മാസികയിൽ ഇംഗ്ലീഷിൽ പ്രസിദ്ധംചെയ്യുന്ന പക്ഷം അതു ഗവണ്മെൻറിനെപ്പററി അനാദരവും അവമതിപ്പും ഉണ്ടാക്കുമെന്നു തോന്നുകയാലാണ് അതു നിരോധിച്ചതെന്നും ഇന്ത്യാ അണ്ടർസിക്രട്ടറിയായ മി. ആർ എ. ബട്ട്ലർ മറുപടിപറഞ്ഞു.

*    *    *    *



മംഗലാപുരം മുൻസിപ്പാലിററിയിലെ ഒരു കൌൺസിലറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മിസ്സിസ്സ് എം. എസ്സ്. ശ്രേഷ്ഠ

*    *    *

ഔഡിൽ ചീഫ്ജഡ്ജിയായിരുന്ന ഒരു മാന്യദേഹത്തിൻെറ പത്നിയായ മിസ്സിസ്സ് വാസിരുദീൻ സ്വദേശിമേളവും പ്രദർശനവും ഉൽഘാടനം ചെയ്തിരിക്കുന്നു. സ്ത്രീകളെ കൂടാതെ കുടിൽവ്യവസായങ്ങൾക്കു പുരോഗതി സാധ്യമല്ലെന്നും പ്രദർശനംഎന്നതു നമുക്കു എത്തിച്ചേരാനുള്ള ഒരു ലക്ഷ്യമല്ല, വ്യാവസായികപുരോഗതിയിലേക്കുള്ള ആദ്യപടിമാത്രമാണെന്നും പറഞ്ഞുകൊണ്ടു അവർ ചെയ്ത ഉദ്ഘാടനപ്രസംഗത്തിൽ അവർ ജപ്പാ

നിൽനിന്നു പല ഉദാഹരണങ്ങളും ഉദ്ധരിച്ചു. വ്യാവസായികസ്കൂളുകളും കാളേജുകളും സ്ഥാപിക്കാൻ ഇന്ത്യയിലെ ധനാഢ്യന്മാരെ സമീപിച്ച് അപേക്ഷിക്കണമെന്നും കച്ചവടംകൊണ്ടുമാത്രമേ ധനാഭിവൃദ്ധിയുണ്ടാകയുള്ളുവെന്നും ഉല്പാദനംകൊണ്ട് കാര്യമാകയില്ലെന്നും മാക്കററ് കണ്ടുപിടിക്കുന്നതാണ് അത്യാവശ്യമെന്നും ഉല്പന്നങ്ങളുടെ വിനിമയത്തിൽ ഇതരരാജ്യങ്ങളുമായി സഹകരിക്കേണ്ടതു് ആവശ്യമാണെന്നും അവർ ഉൽബോധിപ്പിക്കയുണ്ടായി.

*　　*　　*



ആനാം വെള്ളപ്പൊക്കം സംബന്ധിച്ചു ബോംബെയിൽ ഒരു റിലീഫ് ഫണ്ടു ശേഖരിക്കുവാൻ മുന്നിട്ടു പ്രയത്നിച്ച ശ്രീമതി അമൃത കവർ ജമിയത്സിംഗ്.

*　　*　　*

അസംബ്ലി തിരഞ്ഞെടുപ്പിൽ താഴെപ്പറയുന്ന കോൺഗ്രസ്സ്സ്ഥാനാർത്ഥികളുടെ വിജയം പ്രഖ്യാപിതമായിട്ടുണ്ട്.

1. മുൻഷി ഇശ്വർശരൻ (ഗോറാക്ക്പൂർ, ബെനാറീസ്) എതിരില്ല. 2. ഡാക്ടർ ഭഗവൻദാസ് (സെവൻസിററീസ്) എതിരില്ല. 3. ചന്ദ്രി രഗ്ബീർസിങ്ങ് (മീററദ് ഡിവിഷ്യൻ) എതിരില്ല. 4. പണ്ഡിത ഗോവിന്ദവല്ലഭപാണ്ടു (റോഹിൽക്കണ്ടു) എതിരില്ല 5 ദീപ്നാരായണസിങ്ങ് (ഭഗൽപൂർ) എതിരില്ല. 6 സെത്ത് ശിവദാസ്ദാഹ (സി. പി ജന്മിമണ്ഡലം) എതിരില്ല. 7 നാബിൻ ചന്ദ്രബോർഡോലി (ആസ്സാം-സിൽഹെററ്) 8. ബസന്തകുമാർ ദാസ് (ആസ്സാം, സൂർമ്മാവലി) 9. എസ്സ്. സത്യമൂർത്തി (മദ്രാസ്സിററി) 10. സ്വാമി വെങ്കിടാചലംചെട്ടി (മദ്രാസ് വാണിജ്യനിയോജകമണ്ഡലം)

*　　*　　*

ഇൻഡ്യാക്കാർ വ്യോമയാനപരിശീലനത്തിൽ ഉഷ്ടിററയ്ക്കുണ്ടതിനെപ്പററി ലണ്ടൻചേംബർ ഓഫ് കോമേഴ്സിൻെറ ചെയർമാനായ സെമ്പിറംപ്രെ ഇപ്രകാരം പറഞ്ഞിരിക്കുന്നു.—ഇംഗ്ലണ്ടിലുള്ള ഇൻഡ്യൻവിദ്യാർത്ഥികൾ വ്യോമയാനത്തിനു പ്രദർശിപ്പിക്കുന്ന ഉത്സാഹം എന്നെ വളരെ സന്തോഷിപ്പിച്ചിട്ടുണ്ട് ചരിത്രാതീതകാലംമുതൽക്കേ മനുഷ്യനു പക്ഷിയെ അനുകരിച്ചു പറക്കാനുള്ള ആഗ്രഹം ഉണ്ടായിരുന്നതാണ്. ഇന്ന് അതു സഫലമായിത്തീർന്നിട്ടുണ്ട്. ഇൻഡ്യയിലെ ശീതോഷ്ണവും മററ നൈസർഗ്ഗികങ്ങളും വിമാനയാത്രയ്ക്കു അനുയോജ്യമായിട്ടുള്ളതാണ്. സർവ്വകലാശാലകളിലും ഈ പദ്ധതിക്ക് ഒരു സ്ഥാനംകൊടുക്കേണ്ടതു് അത്യാവശ്യമാണ്. വിമാനസഞ്ചാരം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓഹരിചേർന്നു താഴ്ന്നതരത്തിലുള്ള വിമാനങ്ങൾ വാങ്ങിച്ചു ധാരാളം പരിചയിക്കണം. അതിൻെറ ഘടനകൾ മനസ്സിലാക്കി തന്നത്താൻ ഉണ്ടാക്കാൻ ശ്രമിക്കയും വേണം. "വിമാനത്തിൻെറ ഘടന, നിർമ്മിതി, ഉപയോഗരീതി ഇവ മനസ്സിലാക്കുന്നതുകൊണ്ടു വളരെ പ്രയോജനമുണ്ടാകും. ഈ പ്രസ്ഥാനം ഇൻഡ്യയ്ക്കു അത്യന്താപേക്ഷിതമായ ഒന്നാണ്."

*　　*　　*

സംസാരിക്കുവാനുള്ള ശക്തി നശിച്ചുപോയതു്, ആധുനിക മെഡിക്കൽ സയൻസിൻെറ സഹായത്താൽ തനിക്കു എങ്ങനെ തിരിച്ചുകിട്ടിയെന്നു്, വിയന്നായിൽനിന്നും മടങ്ങിയെത്തിയ ചാപ്രായിലെ ഒരു പ്രധാന കാൺഗ്രസ്സ്പ്രവർത്തകനായ മി മഹാമായപ്രസാദ് പ്രസ്താവിക്കുകയുണ്ടായി. വിയന്നായിൽ അദ്ദേഹം ആറുമാസം ചികിത്സയിൽ ഇരുന്നിട്ടാണ് തിരിച്ചെത്തിയിരിക്കുന്നതു് 1932-ൽ ഹാസരിബാഗ് ജയിലിൽ ഒരു സിവിലാജ്ഞാലംഘനതടവുകാരനായികിടന്ന അവസരത്തിൽ ഒരു ആതപപ്രഹരമേററതിനാൽ മഹാമായപ്രസാദിൻെറ ദേഹത്തിൽ ചൂടുകൂടുകയും വയററിൽ കൊളുത്തിപ്പിടിക്കുകയും ചെയ്തു. ഇങ്ങനെയുണ്ടായ കൊളുത്തിനുശേഷം തൻെറ ശബ്ദം ക്ഷീണിച്ചു ക്ഷീണിച്ചുവരുന്നതായി അദ്ദേഹം കണ്ടു നാലുമണിക്കൂറിനുള്ളിൽ സംസാരിക്കുവാനുള്ള ശക്തിതന്നെ അദ്ദേഹത്തിനു നഷ്ടമായി. അതിനുശേഷം തനിക്കു അറിയിപ്പിക്കേണ്ട സംഗതികൾ എഴുതിഅറിയിക്കുന്നതിനു മാത്രമേ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നുള്ളു. ജയിലിൽനിന്നും വിമുക്തനായശേഷം കൽക്കത്തയിൽവച്ച് ചികിത്സിച്ചുവെങ്കിലും ഫലമുണ്ടായില്ല. മെഡിക്കൽ ഉപദേശമനുസരിച്ചു വിയന്നയിൽ ഒരു വിദഗ്ദ്ധൻെറകീഴിൽ ചികിത്സയ്ക്കായി അദ്ദേഹം പോയി. പതിനഞ്ചുദിവസത്തെ ചികിത്സയ്ക്കുശേഷം സംസാരിക്കുവാനുള്ള ശക്തി അദ്ദേഹത്തിനു വീണ്ടും കിട്ടിത്തുടങ്ങി. ആറുമാസത്തിനുശേഷം രോഗം നിശ്ശേഷം ശമിച്ചാണ് അദ്ദേഹം തിരിച്ചുവന്നിരിക്കുന്നതു്

## കേരളം.

ശ്രീചിത്തിര അഗതിമന്ദിരം എന്ന നാമധേയത്തിൽ അഗതികൾക്കും അനാഥക്കുമായി തിരുവനന്തപുരത്തു് ഒരു മന്ദിരം സ്ഥാപിച്ചിരിക്കുന്നു. ഇതിൻെറ ഉൽഘാടനകർമ്മം നിർവഹിച്ചതു് ജൂനിയർമഹാറാണി തിരുമനസ്സുകൊണ്ടായിരുന്നു. മഹാരാജാവുതിരുമനസ്സുകൊണ്ടു കല്പിച്ച് ഒരു സന്ദേശം അയയ്ക്കുകയും ചെയ്തിരുന്നു. ജൂനിയർമഹാറാണി തിരുമനസ്സുകൊണ്ട് ആയിരം ഉറപ്പികയും, ഉദാരശിരോമണി റാവുസാഹിബ് ററി. പത്മനാഭറാവു അവർകൾ അഞ്ഞൂററുറപ്പികയും ഈ മന്ദിരത്തിനു സംഭാവനചെയ്യുകയും ചെയ്തു.

*　　*　　*

ബ്രിട്ടീഷ്കൊച്ചി നഗരസഭാദ്ധ്യക്ഷസ്ഥാനത്തേക്കു് മിസ്സസ്സ് എൽ. ജി. ബെർനാഡ് എന്ന ആംഗ്ലോഇൻഡ്യൻവനിത തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു കേരളത്തിൽ, ഒരു വനിത നഗരപിതാവായി തെരഞ്ഞെടുക്കപ്പെട്ടതു് ഇദംപ്രഥമമായിട്ടാണ്.

*　　*　　*

ബോംബെ പെററ്റോളിയം കമ്പനിക്കാർ പതിനായിരം ഗ്യാലൻ പെററ്റോൾ കൊച്ചിയിൽ ഇറക്കുമതിചെയ്തിരിക്കുന്നു ഇതുനിമിത്തം ബർമ്മാഷെൽ കമ്പനിക്കാർ പെററ്റോളിനു വിലകുറയ്ക്കുമെന്നാണ് പ്രതീക്ഷ

*　　*　　*

തൃപ്പൂണിത്തുറ പാലസ് ഗേൾസ് ഹൈസ്കൂളിൽകൂടിയ പെൺവഴി തമ്പുരാക്കന്മാരുടെ ഒരു യോഗത്തിൽവച്ച് രാജകീയവനിതകൾ ഹിന്ദി അഭ്യസിക്കണമെന്നും, അവർക്കായി ഉടൻ ഒരു ഹിന്ദിക്ലാസ്സ് തുടങ്ങണമെന്നും തിരുമാനിച്ചിരിക്കുന്നു.

*　　*　　*

കുട്ടനാടൻപ്രദേശങ്ങളിലുള്ള പുഞ്ചകൃഷിക്കാർക്കു പ്രത്യേക കൃഷിവായ്പകൾ നൽകുന്നതിലേക്കു തിരുവിതാംകൂർ ഗവണ്മെൻറ് ഒരുലക്ഷംരൂപാ 110-ലെ ബഡ്ജററിൽ നീക്കിവച്ചിരിക്കുന്നു.

*　　*　　*

വടക്കെമലബാറിൽ കണ്ണൂരിൽ കണ്ണപുരം റെയിൽവേസ്റേറഷനു സമീപമായി ഒരു ഗുഹ സ്ഥിതിചെയ്യുന്നുണ്ട്. കണ്വമഹർഷിയുടെ ആശ്രമം ഈ സ്ഥലത്തായിരുന്നുവെന്നും, അതുകൊണ്ടു കണ്വപുരമെന്ന പേരിനെ അർഹിക്കുന്ന ഈ സ്ഥലം ലോപിച്ചു കണ്ണപുരം ആയതാണെന്നും ആണ് ഐതിഹ്യം. ഈ ഗുഹയിൽ കണ്ണൂരിനടുത്തുള്ള പാപ്പിനിശ്ശേരിയിലെ കുഞ്ഞമ്പുനായർ എന്ന ഇരുപതുവയസ്സു പ്രായമുള്ള ഒരു നായർയുവാവ് ഏതാനുംദിവസങ്ങളായി തപംതുടങ്ങിയിരിക്കുന്നു ഈ യുവസന്യാസി നിരാഹാരനായി ഉരിയാടാതെ ഉഗ്രതപസ്സനുഷ്ഠിക്കുകയാണ്. ഒരു സ്വപ്നത്തിൻെറ ഫലമാണു് ഈ തപസ്സെന്നു കണ്ണൂരിൽനിന്നും റിപ്പോർട്ടുചെയ്തിരിക്കുന്നു.



എറണാകുളം ഷൊറണ്ണൂർ റെയിൽവേലയിനിൽ സഞ്ചരിച്ച ഒടുവിലത്തെ മീററർഗേജ ട്രെയിൻ.

Royal Studio, Ernakulam.

# എൻെറ 'ആത്മാലാപം.'

## ഒരു സമാധാനം.

(കൈനിക്കര കുമാരപിള്ള)

എൻെറ 'ആത്മാലാപം' സഹൃദയലോകത്തിൽ പലതരത്തിലുള്ള വിചാരങ്ങളും വികാരങ്ങളും ജനിപ്പിക്കുന്നതായി ഞാൻ അറിഞ്ഞു. അനവധി ആളുകൾ കുപിതരായി. കുറേ ആളുകൾ അതിനെന്തെങ്കിലും അർത്ഥമുണ്ടോ എന്നു സംശയിച്ചു. ചിലർ അസ്പഷ്ടങ്ങളായ ചില അർത്ഥങ്ങൾ കണ്ടു ചുരുക്കം ചിലർ അതിൽ സ്പഷ്ടമായി ചില അർത്ഥങ്ങൾ കാണുകയും എന്നെ അഭിനന്ദിക്കുകയും ചെയ്തു എന്നാൽ ഇങ്ങനെ ആത്മാലാപത്തെ അനുഭാവപൂർവം വീക്ഷിച്ചവരുടെ സംഖ്യ വളരെ വലുതാണെന്നു തോന്നുന്നില്ല.

അതിൻെറ അർത്ഥഗ്രഹണത്തിൽ സഹായിക്കണമെന്നു് എന്നോടു് ചിലർ ആവശ്യപ്പെട്ടു എന്നാൽ കർത്താവുതന്നെ സ്വന്തകൃതിയുടെ വ്യാഖ്യാനവുമായി അതിൻെറ പിന്നാലെ സഞ്ചരിക്കുന്നതിലുള്ള അസാധാരണത്വവും അഭംഗിയും ഓർത്തു് ഈ കോലാഹലത്തിനിടയിൽ ഞാൻ സ്വസ്ഥനായി കഴിഞ്ഞുകൂടിയതേയുള്ളു. അതിനു് എന്തെങ്കിലും അർത്ഥം കാണുമെന്നുള്ള വിശ്വാസവും, അതറിയുന്നതിനു് ആഗ്രഹവും ഉള്ള സഹൃദയന്മാർ സ്വന്തപരിശ്രമംകൊണ്ടുതന്നെ അതറിഞ്ഞുകൊള്ളുമെന്നും, അതിനു യാതൊരർത്ഥവുമില്ലെന്നു പരിഹസിക്കുന്നവർ പരിഹസിച്ചു സംതൃപ്തരായിക്കൊള്ളുമെന്നും ഞാൻ ആശ്വസിച്ചു

അങ്ങനെയിരിക്കുമ്പോഴാണു് ഏതാനും ദിവസങ്ങൾക്കുമുൻപു് ഒരു പുതിയ മാസിക 'സത്യകാഹളം'—എനിക്കു വന്നുചേന്നതു്. അപ്പോൾ ഞാൻ അവിശ്രമംജോലിചെയ്തുകൊണ്ടിരിക്കയായിരുന്നു എങ്കിലും, അതു് അദൃഷ്ടപൂർവമായ ഒരു മാസികയായിരുന്നതുകൊണ്ടു് പൊട്ടിച്ചു വിഷയവിവരം നോക്കി. അതിൽ 'ആത്മാലാപ'ക്കാരോടു് എന്ന തലക്കെട്ടിൽ ശ്രീമാൻ ശൂരനാട്ടു കുഞ്ഞൻപിള്ള എം. എ.-യുടെ ഒരു ലേഖനമുള്ളതായി കണ്ടു. ഒരുപക്ഷേ, ആ ലേഖനത്തിൻെറ സാന്നിദ്ധ്യമായിരിക്കാം ആ ലക്കം എനിക്കുംകൂടി അയയ്ക്കാൻ ഉദാരമതികളായ മാസികാപ്രവർത്തകന്മാരെ പ്രേരിപ്പിച്ചതെന്നും തോന്നുന്നു. അവരുടെ ഔദാര്യത്തിനു ഞാൻ കൃതജ്ഞനാണു്. ജിജ്ഞാസ ആ ലേഖനംമുഴുവൻ അപ്പോൾതന്നെ വായിക്കുന്നതിനു് എന്നെ പ്രേരിപ്പിച്ചു. 'ആത്മാലാപക്കാരോടു്' എന്ന ബഹുവചനരൂപം പ്രയോഗിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ അതെന്നോടാണെന്നു മനസ്സിലാക്കി. അതു് ആത്മാർത്ഥതയോടും എന്നാൽ ഏതാണ്ടു ധാർമ്മികമായ ഒരു അസഹിഷ്ണുതയോടുംകൂടി എഴുതിയിട്ടുള്ള അപേക്ഷാരൂപത്തിലുള്ള ഒരുഗ്രശാസനയാണു്.

അദ്ദേഹത്തിൻെറ കോപാഗ്നിയിൽ ചില സന്ദർഭങ്ങളിൽ ശുഷ്കമായ പ്രതിപക്ഷബഹുമാനം എരിഞ്ഞു ചാമ്പലാകുന്നുമുണ്ടു്. അതിൽ എനിക്കു പരാതിയില്ല. അദ്ദേഹം സ്വസാഹിത്യത്തോടുള്ള പ്രണയാതിരേകത്തിൽ, അതിൽകടന്നു് ഒരു കടുംകൈകാണിച്ച എന്നോടു ക്രമംവിട്ടു കോപിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല.

ആത്മാലാപത്തെപ്പററിയുള്ള പരിഹാസങ്ങൾ അവഗണിക്കാൻ കഴിയും. എന്നാൽ മി: കുഞ്ഞൻപിള്ളയുടെ നിലയിലുള്ള ഒരു മാന്യനും സഹൃദയനുമായ പണ്ഡിതൻ ഗൗരവബുദ്ധിയോടുകൂടി പരസ്യമായി ഒരാക്ഷേപം പുറപ്പെടുവിക്കുമ്പോൾ അതിനെ അവഗണിക്കുന്നതു ശരിയല്ല. പോരെങ്കിൽ അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ളതുപോലെ ആത്മാലാപപ്രതിഷേധകന്മാരുടെ ഒരു പ്രതിപുരുഷൻ മാത്രമാണദ്ദേഹം. അതുകൊണ്ടു് അദ്ദേഹത്തിൻെറ ആക്ഷേപങ്ങൾക്കു് ഒരു സമാധാനവും പറയാതെ മൗനം ദീക്ഷിക്കുന്നതു് സഹൃദയന്മാരോടും, അവരുടെ പ്രീതിക്കു പാത്രമായി പരിലസിക്കുന്ന മലയാളരാജ്യം ചിത്രവാരികയോടും, എന്നോടുതന്നെയും ഞാൻ ചെയ്യുന്ന ഒരപരാധമായിരിക്കും എന്നു തോന്നുന്നു. അതുകൊണ്ടാണു് ഈ ലേഖനത്തിനു് ഒരുമ്പെടുന്നതു്.

മി: കുഞ്ഞൻപിള്ളയുടെ ലേഖനം അല്പം അസ്ഥാനസ്ഥമായിപ്പോയി എന്നു പറയാതെ തരമില്ല ഈ ആത്മാലാപപ്രസിദ്ധീകരണം എന്ന അപരാധത്തിനു ഉത്തരവാദികൾ ഞാനും, അതുകഴിഞ്ഞാൽ ചിത്രവാരികയുടെ അധിപന്മാരുമാണു്. അതിനുള്ള ശിക്ഷ ഞങ്ങൾക്കു നേരിട്ടുതരാതെ "സത്യകാഹളം"വഴി അഞ്ചലിൽ അയക്കേണ്ട ആവശ്യം ഇല്ലായിരുന്നു അതുപോകട്ടെ.

എന്നേയും ആത്മാലാപത്തേയും പരിഹസിക്കുന്നതിനായി വിനിയോഗിച്ചിട്ടുള്ള ഭാഗങ്ങൾ വിഗണിച്ചാൽ അദ്ദേഹം ഉപന്യസിച്ചിട്ടുള്ളതിൻെറ രത്നച്ചുരുക്കം ഇത്രയുമാണു്.

1. എൻെറ ആത്മാലാപത്തിനു യാതൊരർത്ഥവുമില്ല. ഗൂഢാർത്ഥഭംഗിയുള്ള ഒട്ടേറെ കവിതകൾ അദ്ദേഹം വായിച്ചിട്ടുണ്ടു്. അതിൻെറയൊക്കെ അർത്ഥം അദ്ദേഹത്തിനു മനസ്സിലായിട്ടുമുണ്ടു്. അദ്ദേഹത്തിനും ആത്മാലാപത്തിൽ യാതൊരർത്ഥവും കാണുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു ഞാൻ ഗൂഢാർത്ഥകവിതയെഴുതുകയാണെന്നു ഗൗരവമായി അഭിമാനിക്കുന്നുണ്ടെങ്കിൽ അതു വെറും അബദ്ധമാണു്.

ഇതിനേതുടർന്നു സാഹിത്യത്തേയും മിസ്റ്റിസിസത്തേയുംപററി ചില പ്രാഥമികപാഠങ്ങൾ അദ്ദേഹം സകരുണം എനിക്കുപദേശിച്ചുതരുന്നുണ്ടു്.

2 ഞാൻ ഇങ്ങനെ അസംബന്ധങ്ങൾ എഴുതുന്നതു് എന്തെങ്കിലും പുത്തനായി ഒന്നു കൊണ്ടുവന്നു അതിൽനിന്നൊരുകീർത്തി സമ്പാദിക്കാം എന്നു വ്യാമോഹിച്ചായിരിക്കാം എന്നേ അദ്ദേഹം ഒരു സമാധാനം കാണുന്നുള്ളു.

3. വരികൾ നീട്ടിയും കുറുക്കിയും അച്ചടിച്ചാലോ, ഇടയ്ക്കുവച്ചു കൃത്രിമമായി ഒടിച്ചാലോ, അതുകൊണ്ടു് ഒരു മെച്ചവുമില്ല.

4. വായിക്കാൻ കൊള്ളാമെന്നോ വായിച്ചാൽ ഉപകാരമുണ്ടെന്നോ സാമാന്യക്കാർ ധരിക്കുന്ന ഒരു പത്രത്തിൽ ഇങ്ങനെയുള്ള പ്രബന്ധങ്ങൾ ചേർക്കുന്നതു പണം കൊടുത്തു പത്രംവരുത്തുന്നവരെ ഉപദ്രവിക്കയാണു്, ചതിക്കയാണു്.

5. ലോകത്തിനു യാതൊരുപകാരവുമില്ലാത്ത വികൃതികൾ സ്വന്തപണം ചെലവാക്കി അച്ചടിച്ചു വായിക്കാൻ മനസ്സുള്ളവർക്കു കൊടുത്തുകൊള്ളണം

6. അതുകൊണ്ടു് ഇനിയെങ്കിലും അദ്ദേഹത്തേപ്പോലുള്ളവരെ ഉപദ്രവിക്കാതിരിക്കാൻ ദയവുണ്ടാകണം.

ഇങ്ങനെ എക്സ്'പാർട്ടിയായി അദ്ദേഹം വിധിമുഴുവൻ എഴുതിതീർത്തിരിക്കുന്നു എങ്കിലും, വേണമെങ്കിൽ, ധൈര്യമുള്ളപക്ഷം, സമാധാനം ബോധിപ്പിക്കുവാൻ അദ്ദേഹം എനിക്കൊരവസരം തരുന്നുണ്ടു്—

"അർത്ഥമുണ്ടെന്നു വാദിക്കുന്നപക്ഷം, ഇതുവരെയും കഴിഞ്ഞഭാഗങ്ങൾക്കു് നാലുപേർക്കു് നിരക്കുന്ന ഒരർത്ഥം മിസ്റ്ററിക്കോ മറേറതെങ്കിലുമോ സമ്പ്രദായത്തിൽ പറഞ്ഞുകേൾപ്പിക്കട്ടെ."

ഈയുള്ളവനു് അദ്ദേഹത്തോടു് ആദ്യമായി ചോദിക്കുവാനുള്ളതു് ഈ അവസരം എനിക്കു് തന്നതിനുശേഷം, ഞാൻ സമാധാനവുമായി സമക്ഷത്തിൽ എത്തിയില്ലെങ്കിൽ, ഈ വിധി എഴുതിയാൽ പോരായിരുന്നോ എന്നാണു്. എനിക്കു ഒന്നും പറയാനില്ലായിരിക്കാം, അഥവാ ഞാൻ പറയുന്നതു നാലുപേർക്കു നിരക്കുകയില്ലായിരിക്കാം; അങ്ങനെയൊക്കെ സംഭവിക്കാം എന്നാലും വിധിയെഴുതാനുള്ള പേനാ കൈവശം തന്നെയുണ്ടല്ലൊ, വിധിയെഴുതാനുള്ള അധികാരം തനിക്കുണ്ടെന്നു സ്വയം വിശ്വസിക്കുന്നുമുണ്ടല്ലൊ. പിന്നെ, അത്രയും ക്ഷമിക്കരുതായിരുന്നോ? അത്രയും കാരുണ്യം കാണിക്കരുതായിരുന്നോ?

വിധിയെഴുതിക്കഴിഞ്ഞിട്ടു് സമാധാനമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളുവാൻ പറയുന്ന വിധികർത്താവിനേ സമാധാനം ബോധിപ്പിച്ചു് തൃപ്തിപ്പെടുത്താമെന്നാശിക്കുന്നതു ബുദ്ധിശൂന്യമാണു്. അതുകൊണ്ടു് അദ്ദേഹത്തെ തൃപ്തിപ്പെടുത്താമെന്നു എനിക്കാശയില്ല. കേരളത്തിലെ അഭിജ്ഞന്മാരായ സഹൃദയന്മാരെല്ലാം ശൂരനാട്ടു കുഞ്ഞൻപിള്ളമാരല്ലെന്നാണു എൻെറ വിശ്വാസം അതുകൊണ്ടു് അവരുടെ മുൻപിലാണു ഈ സമാധാനം ഞാൻ സമർപ്പിക്കുന്നതു്.

മി. കുഞ്ഞൻപിള്ള സാഹിത്യത്തേയും മിസ്റ്റിസിസത്തേയും സംബന്ധിച്ചു് എനിക്കു് സകരുണം നൽകിയിട്ടുള്ള പ്രാഥമികപാഠങ്ങൾക്കു് ഞാൻ അതിവകൃതജ്ഞനാ

## ദശരാ ഡർബാർ, മൈസൂർ.



ദശരാസംബന്ധിച്ചു് പതിവായി നടത്തപ്പെടാറുള്ള ഡർബാറിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു എഴുന്നള്ളിയിരിക്കുന്നു.

Courtesy, Palace Studio, Mysore.

ണു്. പക്ഷെ, എനിക്കറിവുള്ളതിൽകവിഞ്ഞു് ഒന്നുംതന്നെ അദ്ദേഹം എനിക്കു പറഞ്ഞുതരാഞ്ഞതിൽ അൽപം വ്യസനവും ഇല്ലാതില്ല. അദ്ദേഹം ഗൂഢാർത്ഥകവിതകൾ— ഇതുകൊണ്ടു് അദ്ദേഹം വിവക്ഷിക്കുന്നതു് 'മിസ്റ്റിക്' സാഹിത്യത്തേയാണെന്നു തോന്നുന്നു—ഒട്ടേറെ വായിച്ചിട്ടുള്ളവനും അതൊക്കെ മനസ്സിലാക്കിയിട്ടുള്ളവനുമാണു്. ഞാൻ അങ്ങനെയുള്ളവനാണെന്നു അഭിമാനിക്കുന്നില്ല. 'മിസ്റ്റിക്'സാഹിത്യം സശ്രദ്ധം സാദരം ഞാൻ പഠിച്ചുതുടങ്ങിയിട്ടു് ഇപ്പോൾ ഏകദേശം പതിനഞ്ചു വർഷങ്ങൾ ആയിട്ടുണ്ടു്. അതെല്ലാം ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു എന്നു് മി കുഞ്ഞൻപിള്ളയേപ്പോലെ ഞാൻ അഭിമാനിക്കുന്നില്ല. ആ സാഹിത്യവുമായി കൂടുതൽ കൂടുതൽ അടുപ്പം എനിക്കു സിദ്ധിക്കുംതോറും അതെല്ലാം ഞാൻ മനസ്സിലാക്കിക്കഴിഞ്ഞില്ല എന്ന ബോധമാണു എനിക്കുണ്ടായിക്കൊണ്ടിരിക്കുന്നതു്. ഉദാഹരണമായി ടാഗ്രറുടെ കവിതകൾ മിക്കതും ഞാൻ പലപ്രാവശ്യം വായിച്ചിട്ടുണ്ടു്. ഗീതാഞ്ജലി എത്രപ്രാവശ്യം വായിച്ചിട്ടുണ്ടെന്നു എനിക്കറിഞ്ഞുകൂടാ ഞാൻ ഇപ്പോഴും അതു് വായിക്കുന്നുണ്ടു്. ഓരോപ്രാവശ്യം വായിക്കുമ്പോഴും ഞാൻ മനസ്സിലാക്കിക്കഴിഞ്ഞുഎന്നു് വിചാരിച്ചിരുന്ന കവിതകളിൽനിന്നു് നൂതനങ്ങളായ ദിവ്യാനുഭൂതികൾ എനിക്കു് സിദ്ധിക്കുന്നുണ്ടു്. ഇനിയും എത്രയോ സിദ്ധിക്കാനിരിക്കുന്നു എന്നും ഞാൻ വിശ്വസിക്കുന്നു. ഞാൻ അറിഞ്ഞിടത്തോളം ആ മാതിരി കവിതകളുടെ ഒരു പ്രത്യേകതയാണതു്. അതുകൊണ്ടു് മിസ്റ്റിക്‌കവിതകൾ മുഴുവൻ മനസ്സിലാക്കിയവനല്ല ഞാൻ. പക്ഷെ, മിസ്റ്റിക്കു്സാഹിത്യം എന്താണെന്നു മി. കുഞ്ഞൻപിള്ളയുടെ ഈ സഹായദാനത്തിനു് വളരെമുൻപു തന്നെ, ഞാൻ മനസ്സിലാക്കിയിട്ടുണ്ടെന്നു അദ്ദേഹം ധരിച്ചാൽ കൊള്ളാം.

ഞാൻ ആത്മാലാപം എഴുതിത്തുടങ്ങിയതു ഈ കാലത്തല്ല. ഈ "വികൃതി" വളരെ മുൻപേതന്നെ തുടങ്ങിയതാണു്- പക്ഷേ, അന്നു് അതു ഇംഗ്ലീഷിലായിരുന്നു: അതിലൊന്നാണു ഒരു 'മലയാളരാജ്യം' വാർഷികപ്പതിപ്പിൽ ഒരിക്കൽ പ്രസിദ്ധംചെയ്ത "Fatal cowardice". ഈ അടുത്തകാലത്തു് ആത്മാലാപം മലയാളത്തിൽതന്നെ ആയാലെന്താണു എന്നെനിക്കു തോന്നി. ഒന്നെഴുതി. അതു എഴുതിയ അവസരത്തിൽ അതു മാസികകളിൽ പരസ്യംചെയ്തു. മി. കുഞ്ഞൻപിള്ളയേപ്പോലുള്ളവരെ ഉപദ്രവിക്കണമെന്ന ദ്രോഹചിന്ത അശേഷമില്ലായിരുന്നു എങ്കിലും, അതു എഴുതിക്കഴിഞ്ഞപ്പോൾ സഹൃദയലോകം അതിനേ എങ്ങനെ സ്വീകരിക്കുമെന്നു് അറിയാൻ കൗതുകം തോന്നി ചിത്രവാരികയിലേക്കു ലേഖനസഹായം ചെയ്യണമെന്നു തദധിപന്മാർ എന്നോടാവശ്യപ്പെട്ടിട്ടു വളരെ കാലം കഴിഞ്ഞിരുന്നു. ഒന്നും അയച്ചുകൊടുക്കുന്നതിനു എനിക്കു സൗകര്യപ്പെട്ടിരുന്നില്ല 'ആത്മാലാപം'കൊണ്ടു് ആ വീഴ്ച ഒരിക്കലെങ്കിലും പരിഹരിക്കാമല്ലോ എന്നു കരുതി ഒരെഴുത്തോടുകൂടി അവക്കയച്ചുകൊടുത്തു പരിശോധിച്ചു സ്വീകാര്യമെന്നു തോന്നുന്നെങ്കിൽ സ്വീകരിക്കണമെന്നാണു ഞാൻ എഴുതിയിരുന്നതു്. അതു തിരസ്കരിക്കപ്പെട്ടിരുന്നു എങ്കിൽ ഞാൻ അതിൽ അശേഷം പരിഭവിക്കുകയോ വളരെ ആശ്ചര്യപ്പെടുകയോ ചെയ്യുകയില്ലായിരുന്നു. ചിത്രവാരികയുടെ അധിപന്മാർ മി. കുഞ്ഞൻപിള്ളയ്ക്കു കാണാൻ കഴിയാത്ത ചില അർത്ഥങ്ങൾ അതിൽ കണ്ടു എന്നു തോന്നുന്നു. അവർ അതു പ്രസിദ്ധം ചെയ്യുകയും, ആമാതിരി പ്രബന്ധങ്ങൾ ഇനിയും പ്രസിദ്ധംചെയ്യാൻ സന്നദ്ധരാണെന്നു എന്നേ ധരിപ്പിക്കുകയും ചെയ്തു.

ആക്ഷേപങ്ങളും പ്രതിഷേധങ്ങളും അങ്ങുമിങ്ങും ഉയന്നു. അതുകൊണ്ടു ഞാൻ പിന്നീടൊരിക്കൽ ആത്മാലാപം അയച്ചപ്പോൾ ഈ അർത്ഥം വരത്തക്കരീതിയിൽ എഴുതിയിരുന്നു— "ആത്മാലാപപ്രസിദ്ധീകരണംകൊണ്ടു നിങ്ങളുടെ വാരികയുടെ പ്രചാരത്തിനു ഹാനി തട്ടും എന്നു ഭയം തോന്നുമ്പോൾ അതിൽനിന്നു വിരമിച്ചുകൊള്ളണം." പക്ഷെ അതും പ്രസിദ്ധീകൃതമായി.

ഞാൻ ഇത്രയും പറഞ്ഞതിൽനിന്നു രണ്ടു കാര്യങ്ങൾ സ്പഷ്ടമാകുമെന്നു വിശ്വസിക്കുന്നു. എന്റെ ആത്മാലാപംകൊണ്ടു സഹൃദയന്മാരേ മനഃപൂർവം ഉപദ്രവിക്കണമെന്നുള്ള ദ്രോഹചിന്ത എനിക്കു് അശേഷം ഇല്ലായിരുന്നു യഥാർത്ഥത്തിൽ, അതിന്റെ മുദ്രണത്തിനും പ്രസിദ്ധീകരണത്തിനും വേണ്ടിവരുന്ന ചെലവു നഷ്ടപ്പെടാൻ തക്കധനസ്ഥിതി എനിക്കു എന്നെങ്കിലും ഉണ്ടാകുമെങ്കിൽ അന്നു മി. കുഞ്ഞൻപിള്ള നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ അതു പ്രസിദ്ധം ചെയ്തു വാങ്ങിച്ചു വായിക്കാൻ മനസ്സുള്ളവർ വല്ലവരുമുണ്ടെങ്കിൽ അവക്കു കൊടുക്കണമെന്നേ ഞാൻ ഉദ്ദേശിച്ചിരുന്നുള്ളു. നഷ്ടപ്പെടാൻ എന്ന വാക്കുകൊണ്ടുതന്നെ അങ്ങനെ വല്ലവരെപ്പേരുമുണ്ടാകുമെന്നുള്ള ആശ എനിക്കില്ലെന്നും വ്യക്തമാണല്ലോ.

രണ്ടാമതായി, ഒരു നൂതനപ്രസ്ഥാനത്തിന്റെ ജനയിതാവു എന്ന നിലയിൽ കീർത്തി സമ്പാദിക്കാനുള്ള ഒരുദ്യമമല്ലായിരുന്നു ഇതു് എന്നും മുൻപറഞ്ഞതിൽനിന്നു സ്പഷ്ടമാകുമല്ലോ. കീർത്തിസമ്പാദിക്കുവാൻ സാധിക്കുകയില്ലെന്നുമാത്രമല്ല ഗണനീയമായ ദുഷ്കീർത്തിയും ആക്ഷേപവും ഉണ്ടാകുമെന്നും മി. കുഞ്ഞൻപിള്ളയെ എനിക്കു നേരിട്ടു പരിചയമില്ലെങ്കിലും അദ്ദേഹം പ്രതിനിധീകരിക്കുന്ന സഹൃദയജനവിഭാഗത്തെ ഏതാണ്ടറിയാവുന്ന എനിക്കു തീർച്ചതന്നെയായായിരുന്നു. ഈ ആക്ഷേപത്തെയും ദുഷ്കീർത്തിയേയും ഞാൻ ഭയപ്പെട്ടില്ലെന്നും, ഇപ്പോഴും അശേഷം ഭയപ്പെടുന്നില്ലെന്നും മാത്രം മി. കുഞ്ഞൻപിള്ള മനസ്സിലാക്കിയാൽ മതി.

ഇനി ഞാൻ എന്റെ പ്രബന്ധത്തിനു കൊടുത്ത ബാഹ്യരൂപത്തേപ്പററിയാണു ഒരു വാക്കു പറയുവാനുള്ളതു്. "പദ്യങ്ങളുടെ ഭംഗിവരുത്താൻ ടാഗ്രർ മഹാകവിയുടെ ചില ഇംഗ്ലീഷുകൃതികൾ ഇങ്ങനെ അച്ചടിച്ചു കണ്ടിട്ടുണ്ടു്" എന്നു മി. കുഞ്ഞൻപിള്ള പറയുന്നു. ഇതു മഹാകവി ടാഗ്രർ കേട്ടാൽ എന്തുപറയുമോ ആവോ! ഇദ്ദേഹം കണ്ടുപിടിച്ചിരിക്കുന്ന ഈ കാരണം ആകട്ടെ,

## മൈസൂർ ദശരാ ഘോഷയാത്ര.



ഈയാണ്ടത്തെ ദശരാ ഘോഷയാത്ര മൈസൂർ മഹാരാജാ തിരുമനസ്സിലെ പിതാവിന്റെ പ്രതിമ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മണ്ഡപത്തിന്റെ സമീപം എത്തിയപ്പോൾ എടുത്ത ഫോട്ടോ.

Courtesy, Palace Studio, Mysore.

ടാഗ്ഗറിനും അദ്ദേഹത്തിന്റെ കൃതികളുടെ പ്രസാധകന്മാർക്കുപോലും അറിയാൻ കഴിഞ്ഞിട്ടില്ലാത്ത ഒന്നാണ്. അതുപോകട്ടെ, ഞാൻ അംഗീകരിച്ചരൂപത്തിൽ ടാഗ്ഗറിന്റെ ഒരു കവിതയും അച്ചടിച്ചു ഞാൻ കണ്ടിട്ടില്ല നീട്ടിയും കുറുക്കിയും അച്ചടിച്ചു കാണുന്നതെല്ലാം ഒരു രീതിയാണെന്നു ന്യായശാസ്ത്രപണ്ഡിതനായ മി. കുഞ്ഞൻപിള്ള തീർമാനിച്ചതും അല്പം സാഹസമായിപ്പോയി എന്നു പറയാതെ തരമല്ല.

എന്റെ 'ആത്മാലാപം' സാവധാനത്തിൽ ആശയങ്ങളുടെ ഗ്രഹണത്തിനു വേണ്ട വിരാമങ്ങളോടുകൂടി വായനക്കാർ വായിക്കണമെന്നുകരുതിയാണു അതിനനുസരിച്ചുള്ള വിരാമചിഹ്നങ്ങളും വരികളും ഞാൻ ഉപയോഗിച്ചതു്. അല്ലാതെ ആ രൂപത്തിലെഴുതിയാൽ ആരെങ്കിലും അതു പദ്യമാണെന്നു തെററിദ്ധരിച്ചുകൊള്ളുമെന്നോ അതിനു പദത്തിന്റെ ഭംഗി സിദ്ധിക്കുമെന്നോ കരുതിയല്ല. അതിൽ ഒരു ചിഹ്നമോ ഒരു വരിയോ നിരുദ്ദിഷ്ടമായോ നിരർത്ഥകമായോ ഞാൻ ഉപയോഗിച്ചിട്ടില്ല

ഏതെങ്കിലും ഒരു കവി തന്റെ കവിതയ്ക്കു നൾകിയിട്ടുള്ള ബാഹ്യരൂപത്തോടു് 'ആത്മാലാപ'ത്തിന്റെ ബാഹ്യരൂപത്തിനു സാദൃശ്യം കല്പിച്ചേ മതിയാകൂ എന്നു മി. കുഞ്ഞൻപിള്ളയ്ക്കു നിർബന്ധമുണ്ടെങ്കിൽ, അദ്ദേഹം ടാഗ്ഗറിനെയും മാക്മില്ലൻ കമ്പനിയെയും വെറുതേവിട്ടിട്ടു്, പ്രാസവൃത്താദിനിബന്ധനകളെ പരിത്യജിച്ചു കവിതകൾ എഴുതിയ വാൾട്ട്വിററ്മാനേയോ, ആധുനികകവികളായ ആബർക്രോംബി, ജോസഫ് ക്യാംബെൽ തുടങ്ങിയുള്ളവരിൽ ആരെയെങ്കിലുമോ സമീപിക്കുകയായിരിക്കും കൂടുതൽ പ്രയോജനപ്രദം.

ഇംഗ്ലീഷിൽ ഈ രൂപത്തിലുള്ള കവനങ്ങൾക്കു ഒരു സ്ഥാനം കിട്ടിയിട്ടുണ്ടു്. അതിന്റെ ആശാസ്യതയെപ്പററി എതിരഭിപ്രായക്കാരും ഇല്ലാതില്ല. ഈരൂപംതന്നെയാണു ഞാൻ എന്റെ Fatal Cowardice നും കൊടുത്തതു്. മൂന്നുനാലുകൊല്ലങ്ങൾക്കു മുൻപു കൽക്കട്ടായിൽനിന്നു മസുംദാർ ആദിയായ മഹാകലാകാരന്മാർ പുറപ്പെടുവിച്ചുകൊണ്ടിരുന്ന 'ശില്പി' എന്ന കലാസഞ്ചികയിൽ കാണുവാനിടയായ 'Unto the unknown Land' എന്ന ഒരു ഗംഭീരചിത്രത്തെ ആധാരമാക്കി ഞാൻ ഇതേരൂപത്തിൽതന്നെ ഇംഗ്ലീഷിൽ ഒരു കവിത എഴുതുകയും, അതിന്റെ അട്ടത്തലക്കത്തിൽ പ്രസിദ്ധപ്പെടുത്തുകയും ഉണ്ടായി പത്രാധിപർ ഒരു കുറിപ്പിൽ അതിന്റെ വൃത്തപരമായ സുഭഗതയെപ്പററി സംശയവും രേഖപ്പെടുത്തി.

അതുകൊണ്ടു എനിക്കു പറയാനുള്ളതു് ഞാൻ ഈ രൂപം ഈ ഇടക്കാലത്തു പുത്തനായി സ്വീകരിച്ചതല്ലെന്നും, ഇംഗ്ലീഷിൽ സ്വീകൃതമായിക്കണ്ടതും, എനിക്കു സ്വീകാര്യമായി തോന്നിയതും, ഞാൻ സ്വീകരിച്ചതുമായ രൂപം മലയാളത്തിലും പ്രയോഗിച്ചുനോക്കുക മാത്രമായിരുന്നു എന്നുമാണ്.

ഇനി ആത്മാലാപത്തിനു അർത്ഥമുണ്ടോ എന്ന കാര്യത്തെപ്പററിയാണു സമാധാനം പറയേണ്ടിയിരിക്കുന്നതു്. ഒട്ടുറെ ഗ്രന്ഥാർത്ഥകവിതകൾ വായിച്ചു അതിന്റെയൊക്കെ അർത്ഥം മനസ്സിലാക്കിയ മി. കുഞ്ഞൻപിള്ളയ്ക്കു യാതൊരർത്ഥവും കാണാൻ കഴിയാഞ്ഞതുകൊണ്ടാണു് അതു സർവ്വാബദ്ധമാണെന്നു അദ്ദേഹം വിധിക്കുന്നതു്. സഹൃദയലോകം ഉൽകൃഷ്ടമായ മിസ്റ്റിക സാഹിത്യമെന്നു സമ്മതിച്ചിട്ടുള്ള ഏതാനും കവിതകളുടെ അർത്ഥം മി: കുഞ്ഞൻപിള്ളയ്ക്കു ശരിയായി പറയാൻ കഴിയാതെവരുമെന്നും അങ്ങനെ, ഒരു കൃതി മിസ്റ്റിക്സാഹിത്യം ആണോ അല്ലയോ എന്നു നിർണ്ണയിക്കാൻ അദ്ദേഹം ഉപയോഗിക്കുന്ന മാനദണ്ഡത്തിന്റെ സാധുത്വം അത്യന്തം പ്രശ്നാർഹമാണെന്നും തെളിയിക്കാൻ എനിക്കു വലുതായ പ്രയാസംതോന്നുന്നില്ല. പക്ഷെ, അദ്ദേഹത്തെപ്പോലെതന്നെ ഞാനും പ്രയോജനശൂന്യമായ ഒരു സാഹിത്യസമരത്തിൽ പ്രവേശിക്കാൻ വിമുഖനാണു്. അതുകൊണ്ടു ആ മാർഗ്ഗം ഞാൻ സ്വീകരിക്കുന്നില്ല.

അദ്ദേഹത്തിന്റെ ആക്ഷേപത്തിനു, അദ്ദേഹം അംഗീകരിച്ചിട്ടുള്ള ന്യായശാസ്ത്രത്തിലെ വേറൊരുന്യായംകൊണ്ടു ആദ്യമായി സമാധാനം പറയാം. "സാമാന്യക്കാർക്കാർക്കും അതു് മനസ്സിലാകയില്ല" എന്ന പ്രസ്താവന നിഷേധിക്കപ്പെടാൻ അതു് മനസ്സിലായ ഒരു സാമാന്യക്കാരൻമാത്രം ഉണ്ടായാലും മതിയാകും. എനിക്കു മി. കുഞ്ഞൻപിള്ളയെ ധരിപ്പിക്കുവാനുള്ളതു്, ആത്മാലാപത്തിന്റെ അർത്ഥം മനസ്സിലാക്കിയവരായി അദ്ദേഹത്തിന്റെ നിർവ്വചനപ്രകാരമുള്ള സാമാന്യക്കാർ കുറെ ഉണ്ടെന്നാണു്.

അദ്ദേഹം മിസ്റ്റിക്കവിതയെപ്പററി എനിക്കുപദേശിച്ചുതന്നിട്ടുള്ള ഒരു തത്വത്തെ

## മൈസൂർ ദശരാ ഘോഷയാത്ര.



ഘോഷയാത്രയുടെ മുൻഭാഗത്തുള്ള ആനയും അമ്പാരിയും.

Courtesy, Palace Studio, Mysore.

പ്പററിക്കൂടി ഒരുവാക്ക പറഞ്ഞിട്ട എന്റെ ആത്മാലാപത്തിന്റെ അത്ഥത്തിലേക്ക ഞാൻ പ്രവേശിച്ചുകൊള്ളാം

അദ്ദേഹം പറയുന്നു, "ആത്മാവിന്റെ അവ്യക്തമായ അനുഭവങ്ങളെ അവ്യക്തമായേ രേഖപ്പെടുത്താൻ സാധിക്കു എന്നു നമുക്കൊക്കെ അറിയാം." മിസ്റ്റിക് കവിത, അപ്പോൾ, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ആത്മാവിന്റെ അവ്യക്താനുഭവങ്ങളുടെ അവ്യക്തരേഖകളാണു്.

ഇതു ഞാൻ അറിഞ്ഞിട്ടില്ലാത്ത ഒരു തത്വമാണെന്നു സമ്മതിക്കാതെ തരമില്ല. പക്ഷെ, എന്റെ നിർഭാഗ്യംകൊണ്ടായിരിക്കാം, ഈ പാഠം പഠിക്കുവാൻ എനിക്കുമനസ്സുവരുന്നില്ല. ഈ ധാരണയോടുകൂടിയാണു അദ്ദേഹം ഒട്ടേറെഗ്രന്ഥാത്ഥകവിതകൾ വായിച്ചതെങ്കിൽ, അതൊക്കെ അദ്ദേഹം മനസ്സിലാക്കിയതിൽ എനിക്കു വലിയ ആശ്ചയ്യവും തോന്നുന്നില്ല.

ശരിയായ ഒരു മിസ്റ്റിക് കവിതയ്ക്കു ആധാരമായി നില്ക്കുന്ന ആത്മീയാനുഭവം ഒരിക്കലും അവ്യക്തമായിരിക്കയില്ല, നേരേമറിച്ചു് അത്യന്തം വ്യക്തമായിരിക്കും. മിസ്റ്റിക് കവിതകളിൽ കാണുന്ന അവ്യക്തതയ്ക്കു കാരണം ആത്മീയാനുഭവങ്ങളുടെ അവ്യക്തതയല്ല. ഒരുതരത്തിൽ അവയുടെ സുവ്യക്തതയാണെന്നുതന്നെയും പറയാം അതീന്ദ്രിയമായ ഒരനുഭവത്തെ ഐന്ദ്രിയികങ്ങളായ അനുഭവങ്ങളെമാത്രം ചിത്രീകരിക്കാൻ പര്യാപ്തമായ ഭാഷയിൽ ചിത്രീകരിക്കേണ്ടിവരുന്നതിലാണു അവ്യക്തതയുണ്ടാകുന്നതു്. അങ്ങിനെ ഏതൊരു മിസ്റ്റക് കവിതയും അവാച്യമായ ഒരു ദിവ്യാനുഭൂതിയുടെ വാഗ്രൂപവും, അതുകൊണ്ടുതന്നെ അനന്മത്ഥവുമായ ഒരു പ്രകടനമായി ഭവിക്കുന്നു കേവലം അന്യമായ ഈ രൂപത്തെ ഭേദിച്ചു ആ അനുഭൂതിയുടെ യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുന്നതിലാണു വായനക്കാർക്കു വൈഷമ്യം നേരിടുന്നതു്. എന്നാൽ അന്യമെങ്കിലും ആ പ്രത്യേക അനുഭവത്തെ ദ്യോതിപ്പിക്കുന്നതിനു ഏററവും അനുയോജ്യമായ വാഗ്രൂപത്തേയാണു മിസ്റ്റിക് കവികൾ സാധാരണ അംഗീകരിക്കാറുള്ളതു്. അതുകൊണ്ടു ആമാതിരി അനുഭവങ്ങൾ അസ്പഷ്ടമായിട്ടെങ്കിലും ഉണ്ടായിട്ടുള്ള സഹൃദയന്മാക്കു അത്ഥഗ്രഹണം സാധ്യമായും ഭവിക്കുന്നു. ആ കവിതകളോടു അടുക്കുന്തോറും അനന്തമായ ഒരു ജ്യോതിർമണ്ഡലത്തിൽ അവർ പ്രവേശിക്കുന്നതായി അനുഭവപ്പെടുകയും ചെയ്യുന്നു.

എന്റെ ആത്മാലാപങ്ങളുടെ അത്ഥത്തെപ്പററി ഇനി പറഞ്ഞുകൊള്ളട്ടെ. അവയ്ക്കത്ഥമുണ്ടു്. ഓരോ വാക്കിനും ഞാൻ അർത്ഥം കല്പിച്ചിട്ടുണ്ടു്.

എന്റെ ആത്മാവു അനുഭവിച്ചതു മുഴുവൻ, അതിന്റെ നിരക്ഷരഭാഷയിൽ ആലാപിച്ചതു മുഴുവൻ, ആ വാക്കുകളിൽ കലന്നിട്ടില്ല. കലത്താൻ ഞാൻ ആത്മാത്ഥമായി ശ്രമിച്ചിട്ടുണ്ടു്. അവ്യാഖ്യേയങ്ങളായ ആ അനുഭവങ്ങളെ വ്യാഖ്യാനിക്കാൻ ഞാൻ മുതിരുന്നില്ല അവയെ ഗ്രഹിക്കുവാൻ സഹായിക്കുന്ന കേവലം ചില സൂചനകൾ മാത്രമേ ഞാൻ ഇവിടെ രേഖപ്പെടുത്തുവാൻ വിചാരിക്കുന്നുള്ളു.

I

പരമസൌന്ദയ്യത്തിന്റെ സാക്ഷാൽകാരം - നിത്യമായ ആനന്ദാനുഭൂതി അസമ്മിശ്രമായ സത്യത്തിൽകൂടിയല്ലാതെ സാധ്യമല്ല. സത്യത്തിനു അലങ്കാരങ്ങൾ ആവശ്യമില്ല. അലങ്കാരങ്ങൾ തേടി അലയുന്നവനു വഴിപിഴയ്ക്കുന്നു, ലക്ഷ്യം തെററുന്നു. സത്യത്തിൽ സവ്വ ചമല്ക്കാരങ്ങളും നിർല്ലീനമായിരിക്കുന്നു.

II & III

അഖണ്ഡമായ ശാന്തിയാണു് ആത്മാവിന്റെ യാഥാത്ഥ്യം. എന്നാൽ മനുഷ്യൻ ആ അവിഛിന്നമായ ശാന്തിയെ തിരഞ്ഞു അശാന്തനും തപ്തനും ആകുന്നു. ജീവിതം മുഴുവൻ അതിനെ തിരയുന്നു—ബഹിർമുഖവും, അപഗ്രഥനനിരതവും, താപജനകവുമായ ബുദ്ധികൊണ്ടു് ശൈശവത്തിലും വാദ്ധക്യത്തിന്റെ പാരമ്യത്തിലും ദുഃഖാനുഭവങ്ങളുടെ ആക്രമണാവസരങ്ങളിലും, ആ പ്രാപഞ്ചികവ്യവഹാരവിചക്ഷണമായ ബുദ്ധിയുടെ അഹംകാരം ഇല്ലാതിരിക്കുകയോ ശമിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ, അവൻ അന്വേഷിച്ചുഴലുന്ന ആ അഖണ്ഡശാന്തിയുടെ സാമീപ്യം അല്പാല്പം അസ്പഷ്ടമായി അവൻ അനുഭവിക്കുന്നുണ്ടു്.

ബഹിർമ്മുഖമായ ആ ബുദ്ധി അന്തർമ്മുഖമാകുമെങ്കിൽ, ആ നിമിഷത്തിൽ സംഭ്രമജനകമായ നാനാത്വം, അശാന്തിയും, താപവും നീങ്ങും അഖണ്ഡമായ ശാന്തിയിൽ—അവന്റെ യാഥാത്ഥ്യത്തിൽ—അവൻ ലയിക്കും. ജീവിതം ആനന്ദലീലയാകും-

IV

നശ്വരങ്ങളായ സകല ഐഹികബന്ധങ്ങളും അററു്, അനിശ്ചിതവും അജ്ഞേയവുമായ ഭാവിയേ ആത്മാവു് അഭിമുഖീകരിക്കുന്നു. ആ ഗംഭീരമുഹൂത്തത്തിൽ ശുദ്ധശൂന്യത അതിനേ വലയം ചെയ്യുന്നു. അഭൌമമായ ഒരു മഹാഭയം സകല ഭൌമങ്ങളായ ഭയങ്ങളേയും ഗ്രസിക്കുന്ന പ്രാപഞ്ചികങ്ങളായ മഹാദുഃഖങ്ങളുടേയും അവയുടെ പാരമ്യമായ മരണത്തിന്റേയും യാഥാത്ഥ്യം അപ്പോൾ വെളിവാകുന്നു, — അനന്തതയിൽ ലയിക്കാനുള്ള മാഗ്ഗങ്ങളാണവ—ആ നാശം നിത്യതയുടെ കവാടമാണു്,—ആ ഭീകരക്ഷോഭം പരാശക്തിയുടെ പ്രേമലീലയാണു് — അതിനുവേണ്ടി കരയുന്നു.

... ... ...

കേവലം സൂചനകൾ മാത്രമാണിതു്, വ്യാഖ്യാനമല്ല, അത്ഥസംഗ്രഹവുമല്ല. എന്റെ ആത്മാലാപത്തിനു് അത്ഥമുണ്ടെന്നു മനസ്സിലാക്കുന്നതിനും, ആ അർത്ഥമെന്തെന്നു് ഗ്രഹിക്കുന്നതിനും ഈ സൂചനകൾ സഹായിക്കുമെന്നു ഞാൻ ആശിക്കുന്നു.

എനിക്കു സഹൃദയന്മാരായ വായനക്കാരോടു അവസാനമായി ഇത്രയുംമാത്രമേ പറയാനുള്ളു. ആരേയും ഉപദ്രവിക്കണമെന്നുള്ള ദ്രോഹചിന്ത എനിക്കില്ല. എന്റെ ഹൃദയത്തിൽ തോന്നുന്നതേ ഞാൻ എഴുതാറുള്ളു. അതെല്ലാം നിങ്ങൾക്കു രസിച്ചു എന്നു വരുകയില്ലായിരിക്കാം. അതിൽ കലഹിക്കരുതു്. നിങ്ങളേ രസിപ്പിക്കണമെന്നു എനിക്കു മോഹമുണ്ടു്. എങ്കിലും അതിനായി എന്റെ ഹൃദയത്തിൽ തോന്നാത്തതു് എഴുതാനോ, തോന്നുന്നതു് എഴുതാതിരിക്കാനോ ഞാൻ ശക്തനല്ല. ക്ഷമിക്കണം.

എന്റെ ആത്മാലാപത്തോടു നിങ്ങൾക്കു കഠിനമായ വിപ്രതിപത്തിയാണുള്ളതെങ്കിൽ, നിങ്ങൾ പണംകൊടുത്തു വരുത്തുന്ന പത്രഗ്രന്ഥങ്ങളിൽ അതു് പ്രസിദ്ധം ചെയ്യാതിരിക്കാൻ എനിക്കു കഴിയും. എന്റെ ആത്മാവു് അതിനാലാപിക്കുവാനുള്ളതു രഹസ്യമായി ആലാപിച്ചു തൃപ്തിപ്പെട്ടുകൊള്ളും. യഥാത്ഥം അങ്ങനെയല്ല, മി. കുഞ്ഞൻപിള്ള സ്വയം അഭിമാനിക്കുന്നതുപോലെ നിങ്ങളുടെ പ്രതിനിധിയും അല്ല എങ്കിൽ, സൌകയ്യമുള്ളപ്പോഴൊക്കെ എന്റെ വിനീതമായ ആത്മാവിന്റെ ആലാപങ്ങൾ നിങ്ങളേയും കൂടി കേൾപ്പിക്കുകയും ചെയ്യാം.

# ആ രഹസ്യം.

(ഇടപ്പള്ളി, രാഘവൻപിള്ള.)

ഹാ! രോമഹഷദമാരഹസ്യം
ആരോടുംഞാനുരിയാടുകില്ല!

എങ്കരൾപാടുമാമൗനഗാനം
എങ്കിലുംലോകമറിഞ്ഞുപോയി!
ലജ്ജാവനമ്രമെന്നാസ്യ,മെന്ത്-
നിജ്ജഗത്തിന്നൊഞാൻവിശ്വസിപ്പൂ?
ചിത്രമെൻജീവരഹസ്യത്തെ ഞാ-
നെത്രനിഗ്രഹനംചെയ്യുന്നാലും
അദ്ധ്യായമോരോന്നുമെന്റെമുന്നിൽ
തത്തൽസ്വരൂപമെടുത്തുനില്പൂ!!

* * *

ആരുമറിയാത്തുറക്കറയിൽ
ധാരയായ്കണ്ണീർചൊരിഞ്ഞുകൊണ്ടും
ആകാശസൌധംരചിച്ചുടച്ചും
ആനന്ദസ്വപ്നത്തെയുമ്മവച്ചും
സദ്രസംപുഞ്ചിരിപ്പൂപൊഴിച്ചും
നിദ്രാവിഹീനംഞാൻമേവിടുമ്പോൾ
കല്യാംഗിയാകുന്ന കാവ്യലക്ഷ്മി
റല്ലാതെനോക്കിഹസിക്കുമെന്നെ!
എന്നുൾത്തടത്തിൻതുടിപ്പുപോലെ
പൊന്നുഷത്താരം ചലിച്ചുനിൽക്കും;
മാമകചിന്തകളെന്നപോലെ
മാമലക്കൂട്ടമുയർന്നുകാണും;
ഓമനസ്വപ്നങ്ങളെന്നമട്ടിൽ
വ്യോമത്തിൽമേഘങ്ങളോടിപ്പോകും
അല്ലിനോടുള്ളോരെന്നാവലാതി
യെല്ലാംകിളികളെടുത്തുപാടും;
അന്തരാത്മാവിൻരഹസ്യമെല്ലാം
ബന്ധുരസൂനത്തിൽ ദൃശ്യമാകും;
ശുദ്ധമാണെൻ പ്രേമമെന്നമട്ടിൽ
മൂടൽമഞ്ഞെങ്ങുംപരന്നിരിക്കും!!

* * *

ഹാ! രോമഹഷദമാരഹസ്യം
ആരോടുംഞാനുരിയാടുകില്ലാ!!

ജീവചരിത്രം.

# മാഡം മേരി ക്യൂറി.

കെ. ജി. പരമേശ്വരപ്പണിക്കർ ബി. എ.

ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തൊന്നു മേ മാസം ഇരുപത്തൊന്നാം തീയതി വാഷിംഗ്ടണിലെ 'ശ്വേതമന്ദിര' (White House)ത്തിൽ ഫ്രഞ്ചു്സ്ഥാനപതി, പോളിഷ്മന്ത്രി, ക്യാബിനററ് അംഗങ്ങൾ, ജഡ്ജിമാർ, ശാസ്ത്രജ്ഞന്മാർ തുടങ്ങിയവരുൾപ്പെട്ട ഒരു ജനാവലി തിങ്ങിക്കൂടിയിരുന്നു. അന്നത്തെ സദസ്സിൽ ആദ്ധ്യക്ഷം വഹിച്ച അമേരിക്കൻ പ്രസിഡൻറു്, തൻെറ മുമ്പിൽനിന്ന അസിതാംബരധാരിണിയും കൃശാംഗിയുമായ ഒരു സ്ത്രീരത്നത്തോടായിട്ടു്, എല്ലാവരും കേൾക്കത്തക്കവിധത്തിൽ, ഏതാണ്ടു താഴെവരുംപ്രകാരം പ്രസ്താവിച്ചു:— "മാനവസമുദായത്തിനുവേണ്ടി അനശ്വരമായ ഒരു സമ്പത്തു സമ്പാദിക്കുന്നതിനു നിങ്ങൾക്കാണു ഭാഗ്യമുണ്ടായതു്. ഐക്യനാടുകളിലെ വനിതകൾ നിങ്ങൾക്കുതരുവാനായി ഈ ചെറിയ കുപ്പി നിറച്ചു റേഡിയം എന്നെ ഏല്പിച്ചിരിക്കുന്നതു ഞാനിതാ സസന്തോഷം നിങ്ങളുടെ കൈകളിൽ സമർപ്പിക്കുന്നു. ഇങ്ങനെ ഒരു ലോഹം ഉണ്ടെന്നറിയുന്നതിനും, അതു ലഭിക്കുന്നതിനും ഞങ്ങൾ നിങ്ങളോടു കടപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഞങ്ങൾ ഇതു നിങ്ങൾക്കു തരുന്നു. മനുഷ്യരുടെ കഷ്ടതകളെ നിവാരണം ചെയ്യാൻതക്ക പല വിജ്ഞാനസരണികളും തുറക്കുന്നതിനു നിങ്ങൾക്കു അതുപകരിക്കുമെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു" ഈ പ്രശംസയ്ക്കു പാത്രീഭവിച്ച വനിതാമണി മാഡംക്യൂറിയല്ലാതെ മററാരുമായിരുന്നില്ല.

അനിതരവനിതാസാധാരണമായ പരിശ്രമശീലംകൊണ്ടും, അസുലഭമായ ധിഷണാവിലാസംകൊണ്ടും, അഗാധമായ ശാസ്ത്രീയപാണ്ഡിത്യപ്രകർഷംകൊണ്ടും വിശ്വവിഖ്യാതി നേടിയ മാഡംക്യൂറിയുടെ നാമം ലോകമുള്ളകാലത്തോളം അഭംഗമായി നിലനിൽക്കും. റേഡിയം എന്ന അപൂർവ്വലോഹത്തോടു് ആ മഹതിയുടെ നാമവും അവിഭാജ്യമായ രീതിയിൽ സംഘടിതമായിരിക്കുന്നു എന്നുതന്നെ പറയാം. നോബൽസമ്മാനം നേടിയവർ പലരുമുണ്ടെങ്കിലും അതു രണ്ടുപ്രാവശ്യം സാധിക്കുവാൻ ഭാഗ്യം ലഭിച്ച ഏകവ്യക്തി മേരിക്യൂറിയാണെന്നറിയുമ്പോൾതന്നെ അവൾക്കു ലോകത്തിൽ കൈവന്ന ഔന്നത്യം എത്രമാത്രമാണെന്നു ഊഹ്യമാണല്ലോ. ആ മഹതിയുടെ നിര്യാണത്തിൽ ലോകത്തിനു ഏററവും മഹനീയയായ ഒരു സ്ത്രീരത്നമാണു അപരിഹാര്യമായ വിധത്തിൽ നഷ്ടപ്പെട്ടിട്ടുള്ളതു്.

ഒരു പോളിഷ്പ്രൊഫസ്സരുടെ പുത്രിയായി വാർസോനഗരത്തിൽവച്ചു് 1867-ൽ മേരി ഭൂജാതയായി. പ്രാഥമികവിദ്യാഭ്യാസം ആ നഗരത്തിൽതന്നെയാണു നടത്തപ്പെട്ടതു്. വിദ്യാഭ്യാസം തുടരുന്നതിനായി കൗമാരപ്രായത്തിൽ തന്നെ ആ ബാലിക പാരീസ്സിലെത്തി സോർബോണിലെ ഫാക്കൽട്ടി ഓഫ് സയൻസിൽ (Faculty of Science) ചേർന്നു. ഇവിടെ വച്ചാണു്, പിൽക്കാലത്തു അവരുടെ ഭർത്തൃപദം അലങ്കരിച്ച പ്രൊഫസ്സർ പീയറിയെ അവർ ആദ്യമായി കണ്ടതു്. വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം പാരീസ്സിനു സമീപമുള്ള സേവ്റ (Sevres) യിലെ ബാലികാ ഹയ്യർ നോർമൽ സ്കൂളിലെ ഒരദ്ധ്യാപികയായി മേരി നിയമിതയായി. പ്രൊഫസ്സർ പീയറിയെ സോർബോണിലെ ശക്തിതന്ത്ര (Physics) പ്രൊഫസ്സറായിട്ടും നിയമിച്ചു. അദ്ധ്യാപനം, അദ്ധ്യയനം, ഗവേഷണം ശിശുപരിചരണം



മാഡംക്യൂറി.

എന്നിങ്ങനെ വിവിധകൃത്യങ്ങളിൽ വ്യാപൃതയായി മേരി തൻെറ സമയം വിനിയോഗിച്ചു. ഗവേഷണശാലയിൽ അവൾക്കു ഭർത്താവിൻെറ നിതാന്തസഹായസഹകരണങ്ങൾ ലഭിച്ചിരുന്നു. ഒരു അദ്ധ്യാപികയെന്ന നിലയിൽ ഡി. എസ്സ്. സി. ബിരുദം അത്യന്താപേക്ഷിതമായിരുന്നതിനാൽ, അതു സമ്പാദിക്കുന്നതിലേയ്ക്കായി തൻെറ അഞ്ചു കൊല്ലത്തെ ഗവേഷണഫലങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രബന്ധം അവർ സമർപ്പിച്ചു. റേഡിയോ ആക്ററിവിററി സംബന്ധിച്ചു് അവർചെയ്ത ഗവേഷണങ്ങളെ ആ പ്രബന്ധത്തിൽ പൂർണ്ണമായി പ്രകാശിപ്പിച്ചിരുന്നു. അതിൽ അടങ്ങിയിരുന്ന മൂലതത്വങ്ങളുടെ വൈപുല്യം കണ്ടു പരീക്ഷകന്മാർ വിസ്മയഭരിതരായിത്തീർന്നു. ആ ശാസ്ത്രജ്ഞയുടെ മുമ്പിൽ തങ്ങൾ വെറും വിദ്യാർത്ഥികൾ മാത്രമാണെന്നു അവർക്കു തോന്നിപ്പോയി. സയൻസിൻെറ ചരിത്രത്തിൽ, വ്യക്തിസമർപ്പിതങ്ങളായ പ്രബന്ധങ്ങളെ നോക്കുന്നപക്ഷം ഏററവും ഉന്നതമായ സ്ഥാനം മേരിക്യൂറിയുടെ ഈ പ്രബന്ധത്തിനു തന്നെയാണെന്നു ഐകകണ്ഠ്യേന തീരുമാനിക്കുകയും ചെയ്തു.

മാഡം ക്യൂറിയെ വിശ്വവിശ്രുതയാക്കിത്തീർത്ത റേഡിയത്തിൻെറ കണ്ടുപിടിത്തമാണു് അവരുടെ ജീവിതത്തിലെ ഏററവും പ്രധാനമായ സംഭവം. 1896-ൽ പ്രൊഫസ്സർ ബക്കറൽ നടത്തിയ ചില പരീക്ഷണങ്ങളുടെ ഫലമായി, യുറേനിയം യൗഗികങ്ങൾക്കു് എക്സ്റേയോടു സമാനമായ ശക്തിയേറിയ കിരണപ്രസാരത്തിനു കഴിവുണ്ടെന്നു കണ്ടുപിടിക്കപ്പെട്ടു. ഈ ഉപജ്ഞാനമാണു് ക്യൂറികൾക്കു മാർഗ്ഗദർശനം ചെയ്തതു്. രണ്ടുകൊല്ലത്തെ നിരന്തരപരിശ്രമത്തിൻെറ ഫലമായി യുറേനിയത്തെക്കാൾ മുന്നൂറുമടങ്ങു ശക്തിയുള്ള ഒരു ബിസ്മത്ത്‌യുത അവർ ശേഖരിച്ചു. അതിൽനിന്നും നിക്കൽലോഹത്തോടു സാമ്യമുള്ള ഒരു ലോഹം മേരി വേർതിരിച്ചെടുത്തു. ജ്ഞാതങ്ങളായ എല്ലാ പരീക്ഷണങ്ങൾക്കും വിധേയമാക്കിയശേഷം 189–-ജൂലൈ മാസത്തിൽ, സ്വദേശബഹുമാനാർത്ഥം പൊളോണിയം (Polonium) എന്നു നാമകരണംചെയ്യപ്പെട്ട ഒരു പുതിയലോഹം താൻ കണ്ടുപിടിച്ചിരിക്കുന്നുവെന്നു് അവർ പ്രഖ്യാപനം ചെയ്തു. ഈ ലോഹം നിലവിലുണ്ടോ എന്നുള്ളതിനെപ്പററി അന്നു തർക്കമുണ്ടായെങ്കിലും, താമസിയാതെ ഉണ്ടെന്നുതന്നെ സമാഹിതമായി.

പൊളോണിയത്തിൻെറ കണ്ടുപിടിത്തംകൊണ്ടുമാത്രം മേരിക്യൂറിയോ അവരുടെ ഭർത്താവോ തൃപ്തിപ്പെട്ടില്ല. യുറേനിയം ധാതുക്കളിൽ ശക്തിയേറിയ ഒരു വസ്തു ഇനിയും അടങ്ങിയിരിക്കണമെന്നു് അവർ അനുമാനിച്ചു. ആ വസ്തു വേർതിരിച്ചെടുക്കുന്നതിലായിരുന്നു അവരുടെ പിന്നത്തെ ശ്രമം മുഴുവനും. തങ്ങൾക്കു പരീക്ഷണത്തിനുലഭിച്ച വമ്പിച്ച പിച്ച്ബ്ളൻഡ് ക്രമപ്രകാരം മുഴുവനും തിളപ്പിച്ചും, അരിച്ചും, വററിച്ചും മററുമായി എത്രയും ചുരുങ്ങിയ ഒരളവാക്കി പരിണമിപ്പിച്ചു. ഈ ഘട്ടങ്ങളിൽ അവർ എന്തൊരു ശ്രദ്ധയാണു് പരീക്ഷണസാമഗ്രികളിൽ പതിപ്പിച്ചതെന്നു വർണ്ണിക്കുവാൻ പ്രയാസമാണു്. ഫിൽട്ടറിൽകൂടി നിർഗ്ഗളിച്ച ഓരോ ദ്രാവകബിന്ദുവും, അതിനോടു് പററിപ്പിടിച്ചിരുന്ന ഓരോ ഘനാണുവും സുസൂക്ഷ്മമായ പരിശോധനയ്ക്കുവിധേയപ്പെടുത്തുന്നതിൽ മേരി പ്രത്യേകം ശ്രദ്ധിച്ചു. ഇങ്ങനെകിട്ടിയ വസ്തുവിനു പൊളോണിയത്തെക്കാൾതന്നെ അനേകമടങ്ങു ശക്തിയുണ്ടെന്നു് അവൾക്കു ബോദ്ധ്യപ്പെട്ടു.

ഒരു രാത്രിയിൽ അവർ രണ്ടുപേരുംകൂടി ഗവേഷണശാലയിൽ പ്രവേശിച്ചപ്പോൾ തെല്ലൊന്നു സംഭീതരായി. അനേക സംവത്സരങ്ങൾക്കു മുമ്പു് അതു് ഒരു ശസ്ത്രക്രിയാശാലയായിരുന്ന കാര്യം അവർ അപ്പോൾ ഓർത്തു. ഒരുപക്ഷേ അന്നത്തെക്കാൾ ഭീകരമായ ഒരവസ്ഥയല്ലേ ഇപ്പോൾ ആ മുറിക്കുള്ളതെന്നുപോലും അവർ സംശയിച്ചുപോയി. ശവശരീരങ്ങൾക്കു പകരം തങ്ങളുടെ നിരീക്ഷണഫലം നിറച്ചുവച്ച ചെറുകുപ്പികളാണു ഭീതിദമായി അവർ കണ്ടതു്. ലോകത്തിലേക്കുവന്ന നാകതാരകൾപോലെ പ്രകാശിച്ച ആ ചെറുകുപ്പികൾ അവരെ കുറച്ചുനേരത്തേക്കു സംഭ്രമിപ്പിച്ചതിൽ അസ്വാഭാവികമായൊന്നുമില്ല. സംഭ്രമം നീങ്ങിയശേഷം എന്തൊരാഹ്ളാദമാണു് അവൾക്കുണ്ടായതു്! തങ്ങളുടെ ലക്ഷ്യം മിക്കവാറും സംപ്രാപ്തമായിപ്പോയെന്നു അവർ അറിഞ്ഞു. ഏതാനുംദിവസങ്ങൾകൂടി കഴിഞ്ഞു്, കഴിയുന്നിടത്തോളം വിയോജനങ്ങളെല്ലാം സാധിച്ചതിൻെറശേഷം, അ

വസാനമായി ഉപ്പുപോലെ സ്ഫാടികീയരൂപ (Crystalline) ത്തിലിരിക്കുന്ന ഒരു വസ്തു മേരിയുടെ ദൃഷ്ടിയിൽപെട്ടു. അതൊരു പുതിയ ധാതു (Element) വായിരിക്കണമെന്നു അപ്പോൾതന്നെ അവർ ഊഹിച്ചു. ആ വസ്തുവായിരുന്നു ശാസ്ത്രലോകത്തിൽ ഒരദൃഷ്ടപൂർവ്വപരിവർത്തനം വരുത്തിയ അപൂർവ്വ ലോഹവിശേഷം, റേഡിയം 1898 ക്രിസ്തുമസ്സുകാലത്തു മേരി തന്റെ കണ്ടുപിടുത്തത്തെ പ്രഖ്യാപനംചെയ്തു. വിശിഷ്ടമായൊരു പുതിയലോഹം ഒരു സ്ത്രീ—ഒരു അബല കണ്ടുപിടിച്ചതിൽ ശാസ്ത്രലോകം വിസ്മയിച്ചുപോയി. അതിന്റെ യുതി(Salts)കളെല്ലാംതന്നെ സ്വയംപ്രകാശകങ്ങളായി കാണപ്പെട്ടു. ഇരുളിൽ വിദ്യുദ്ദീപഗോളങ്ങൾപോലെ അവ പ്രകാശിച്ചു. എന്നുമാത്രമല്ല, എപ്പോഴും തീക്ഷ്ണമായ ചൂടും അവ വമിച്ചിരുന്നു. ആയിരം ടൺ വെള്ളത്തെ ഒരുകൊല്ലത്തേക്കു തിളപ്പിച്ചുകൊണ്ടിരിക്കുവാനുള്ള ചൂടു് ഒരുടൺ റേഡിയത്തിനുണ്ടായിരിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇതേവരെ അറിയപ്പെട്ടിട്ടുള്ള വിഷദ്രവ്യങ്ങളിൽവച്ചു അതിതീക്ഷ്ണമാണു ഈ പുതിയ ലോഹത്തിന്റെ വിഷം. അതിന്റെ സാമീപ്യ തന്നെ അസഹ്യവേദന ജനിപ്പിക്കുന്ന വ്രണങ്ങൾക്കു കാരണമാകും. പ്രൊഫസർ പീയറിയുടെ വിരലുകൾ മിക്കവാറും ഇതിന്റെ ശക്തിയാൽ തളർന്നുപോയി. റേഡിയശകലം അടങ്ങിയ ഒരു കുപ്പി കീശയിൽ സൂക്ഷിച്ചുകൊണ്ടു പോയതിനാൽ പ്രൊഫസർ ബക്കറലിന്റെ ഉദരത്തിനൊരു പൊള്ളൽ പററിപ്പോയി. രത്നങ്ങൾ, സ്ഫടികം ഇവയ്ക്കു നിറമേററുന്നതിനും, പരിസരവായുവിനെ വദ്യുൽസ്ഫുരിതമാക്കുവാനും റേഡിയത്തിനു ശക്തിയുണ്ടു്. സർവ്വോപരി, വിഷബീജങ്ങളെ കൊല്ലുന്നതിനും തദ്വാരാ, അർബുദം മുടങ്ങിയ മഹാവ്യാധികൾ ഭേദമാക്കുന്നതിനും റേഡിയത്തിനുള്ള ശക്തി കേവലം അവാച്യമത്രെ. ഈ ഒരു ശക്തിവിശേഷം അതിനുള്ളതുകൊണ്ടു ഇന്നു ലഭിക്കുന്ന റേഡിയം മുഴവനും ചികിത്സയ്ക്കായിട്ടു ആസ്പത്രികളിൽ വിനിയോഗിച്ചുവരികയാണു ചെയ്യുന്നതു്.

ദാമ്പത്യജീവിതത്തിന്റെ ആദ്യകാലത്തു പ്രൊഫസ്സർ ക്യൂറിയും മാഡംക്യൂറിയും വളരെ കഷ്ടസ്ഥിതിയിലായിരുന്നു. അവരുടെ ഗവേഷണങ്ങൾ അവ്യാഹതമായി തുടർന്നുകൊണ്ടുപോകുന്നതിനുള്ള ധനസ്ഥിതി അവർക്കില്ലായിരുന്നു. സഹായത്തിനു പലയിടത്തും അപേക്ഷിച്ചിട്ടും ഫലമുണ്ടായില്ല. എങ്കിലും അവരുടെ നിസ്തുല്യമായ ശ്രമങ്ങളുടെ വില ആളുകൾ കൂടുതൽകൂടുതൽ മതിക്കുവാൻ തുടങ്ങിയപ്പോൾ, അവരുടെ കഷ്ടസ്ഥിതികളും മാറിവന്നു ഇതരവസ്തുക്കൾ ചേരാതെ റേഡിയലോഹത്തെ ഏകീഭവിപ്പിച്ചെടുത്തു അതിന്റെ ഗുണധർമ്മങ്ങൾ (Properties) അറിയേണ്ട ഭാരം ഇനിയും ശേഷിച്ചിരുന്നു. അതിനാൽ, പരീക്ഷണത്തിനാവശ്യം വേണ്ട റേഡിയം സംഭരിക്കുന്നതിലേക്കായി ഏതാനും ടൺ പിച്ച്ബ്ലെൻഡ് വാങ്ങേണ്ട ആവശ്യം വന്നുകൂടി. ആസ്ത്രിയാഗവർമ്മെൻറു ഈ ആവശ്യം അറിഞ്ഞു സ്റ്റേററുവകയായി ജോക്കംസ്റ്റാളിലുണ്ടായിരുന്ന യുറേനിയംഖനിയിൽനിന്നും എടുത്ത അനേകംടൺ പിച്ച്ബ്ലെൻഡ് യുറേനിയവിയോജനത്തിനു ശേഷം, ഔദാര്യപൂർവ്വം മേരിക്കു സമ്മാനിച്ചു. അടുത്ത ഏതാനുംകൊല്ലത്തേക്കു റേഡിയം സംഭരിക്കുന്ന ജോലിയിൽതന്നെ മേരി വ്യാപൃതയായി. നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി 1910-ൽ റേഡിയലോഹം ഏകീഭവിപ്പിക്കുന്നതിനും അതിന്റെ ഗുണധർമ്മങ്ങൾ അഥവാ ശക്തിധർമ്മങ്ങൾ പരീക്ഷിച്ചറിയുന്നതിനും അവർക്കു സാധിച്ചു. ശാസ്ത്രലോകചരിത്രത്തിൽ സുവർണ്ണരേഖാങ്കിതമായ ഒരു സംവത്സരമാണു് ഇതു്.

ഈ വിജയത്തിനു ശേഷവും മേരി ഗവേഷണംതുടർന്നുകൊണ്ടേയിരുന്നു. റേഡിയലബ്ധിക്കുള്ള യത്നം തുടർന്നുകൊണ്ടിരിക്കുമ്പോൾ സംഗതിവശാൽ പൊളോണിയം എന്നൊരു ലോഹം അവർ കണ്ടുപിടിക്കയുണ്ടായി എന്നു മുമ്പു പറഞ്ഞല്ലോ. ഈ ലോഹം ഏകീഭവിപ്പിക്കുന്നതിലായിരുന്നു അവരുടെ ശ്രദ്ധ പിന്നീടു പതിഞ്ഞതു. അതു സമയപാതത്താൽ ഈയമായി രൂപാന്തരപ്പെടുമെന്നുണ്ടായിരുന്ന ഊഹം ശരിയാണോ എന്നു പരീക്ഷിക്കേണ്ട ഭാരവും അവർക്കുണ്ടായിരുന്നു. കിട്ടിയിടത്തോളം തെളിവുകൾ ഈ ഊഹത്തിനു് ഉപോൽബലകങ്ങളാണെങ്കിലും, ലോഹത്തിന്റെ വൈരളൃം—ഒരു ടൺ പിച്ച്ബ്ലെൻഡിൽ നിന്നു ഒരു മില്ലിഗ്രാം ലോഹം മാത്രമാണു കിട്ടുന്നതു—ഊഹത്തെ കൃത്യമായും ബലമായും സ്ഥാപിക്കുന്നതിനു ഒരു വിഘാതമായി നില്ക്കുന്നു.

റേഡിയോപജ്ഞാനപ്രഖ്യാപനത്തിനു ശേഷം മേരിക്യൂറിയുടെ ഖ്യാതി പെട്ടെന്നു ലോകമാസകലം പരന്നു. പാരിസ്സിലെ സുപ്രസിദ്ധമായ “ശാസ്ത്രപരിഷത്തി”ലെ (Academy of Science) ഒരംഗമാകുന്നതിനു അവരെ നാലുവശത്തുനിന്നും സ്നേഹിതവൃന്ദം പ്രേരിപ്പിച്ചു. പ്രൊഫസ്സർ പീയറി മുമ്പുതന്നെ പരിഷദംഗമായിരുന്നു. പതിവിനു വിരുദ്ധമായി ഒരു സ്ത്രീയെ പരിഷത്തിലേക്കു തിരഞ്ഞെടുക്കുന്നതിൽ തദംഗങ്ങൾ വലിയ പ്രതിഷേധം പ്രകടിപ്പിച്ചു. തീവ്രമായ വാദപ്രതിവാദങ്ങളും നടന്നു. ഏതായാലും മേരി ഇതിലൊന്നും പങ്കെടുക്കാതെ പിന്നിൽ നിന്നതേയുള്ളു. ഒടുവിൽ 1911 ജനുവരി 23-ാംനു- വോട്ടെടുപ്പു നടന്നപ്പോൾ, രണ്ടു വോട്ടിന്റെ പോരായ്കയാൽ മേരി പരാജിതയായതായി കാണപ്പെട്ടു. പ്രസ്തുതസംഭവത്തിനുശേഷം ഏകദേശം ഒരു കാൽ ശതാബ്ദം കഴിഞ്ഞിരിക്കുന്നുവെങ്കിലും, തന്റെ ഒരോമനസന്താനത്തിനു വരുത്തിവച്ച അപഖ്യാതി മായ്ച്ചുകളവാൻ ഫ്റാൻസിനു് ഇന്നും കഴിഞ്ഞിട്ടില്ല.

മേരിക്യൂറിയുടെ അസാധാരണ ബുദ്ധിവൈഭവത്തേയും അഗാധശാസ്ത്രപാണ്ഡിത്യത്തേയും, ലോകം മനസ്സിലാക്കി റേഡിയത്തെപ്പററി പ്രൊഫസ്സർ ബക്കറൽ കേട്ടപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു: “ഞാനതിനെ ഇഷ്ടപ്പെടുന്നു; എങ്കിലും എനിക്കതിനോടല്പം അസൂയയുണ്ടു.” 1904-ൽ ശക്തിതന്ത്ര (Physics)ത്തിനുള്ള നോബൽസമ്മാനം പ്രൊഫസ്സർ ഹെൻറിബെക്കറൽ, പ്രൊഫസ്സർ പീയറിക്യൂറി, മാഡം മേരിക്യൂറി എന്നീ മൂന്നുപേർക്കായിട്ടാണു നൽകപ്പെട്ടതു്. 1911-ൽ രസതന്ത്ര (Chemistry) ത്തിനുള്ള നോബൽസമ്മാനം മേരിക്കു ലഭിച്ചു. 1906-ൽ അവരുടെ ഭർത്താവിന്റെ ദാരുണനിര്യാണത്തിനു ശേഷം മേരിയെ പാരീസ് സർവ്വകലാശാലയിലെ പ്രഫസ്സറായി നിയമിച്ചു. അവരുടെ പരീക്ഷണങ്ങൾ തുടർന്നുപോകുന്നതിനു ഇതു അനല്പമായ പ്രോത്സാഹനമായിരുന്നു. റേഡിയോആക്റ്റിവിററി സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്നതിനായി ഒരു ചെറുസംഘം വിദ്യാർത്ഥികളെ അവർ തിരഞ്ഞെടുത്തു. ഇവരെ കൂടാതെ അനേകം സഹായികളും അവർക്കു സർവ്വകലാശാലയിലുണ്ടായിരുന്നു. അവർക്കു വാർദ്ധക്യമായപ്പോഴേക്കും അവരുടെ കണ്ടുപിടിത്തങ്ങളുടെ നിരവദ്യമാഹാത്മ്യം അറിഞ്ഞു പലരും ഗണ്യമായ സംഭാവനകൾ അയച്ചു് അവരുടെ ഗവേഷണശ്രമങ്ങളെ സഹായിച്ചു. പാരീസ്സിൽതന്നെ ക്യൂറിറേഡിയം ഇൻസ്റ്റിററ്യൂട്ടു് സ്ഥാപിച്ചു അവരുടെ നേതൃത്വത്തിൽ ഗവേഷണങ്ങൾ നടത്തപ്പെട്ടു. അമേരിക്കയിലെ വനിതകൾ ഈ മഹതിക്കു സമ്മാനിച്ച ഒരു ഗ്രാംറേഡിയം ഇൻസ്ററിററ്യൂട്ടിന്റെ നടത്തിപ്പിനു അത്യന്തം സഹായകമായിത്തീർന്നു ഒരു കിടയററ പരീക്ഷണവദഗ്ദ്ധയായിരുന്ന ആ സ്ത്രീരത്നത്തിന്റെ ഗവേഷണങ്ങൾക്കുള്ള പ്രത്യേകതകൾ വേണ്ട മുൻകരുതലുകളും അണുപോലും തെററാത്ത സൂക്ഷ്മതയുമായിരുന്നു. ഉത്സാഹത്തോടുകൂടി അവിശ്രമം ജോലിചെയ്യുന്നതിനു അവർക്കൊരു മടിയുമുണ്ടായിരുന്നില്ല. സയൻസിന്റെ പുരോഗതിക്കായി, പേരും പെരുമയും സമ്പാദിക്കണമെന്ന മോഹം തിരെയില്ലാതെ, ചെയ്തുപോന്ന പ്രയത്നങ്ങൾ പല അവസരങ്ങളിലും ആരോഗ്യഹാനികരങ്ങളായിത്തീർന്നിരുന്നു. എങ്കിലും തന്റെ പുത്രിയും പുത്രീഭർത്താവും ശാസ്ത്രലോകത്തിൽ ശോഭിക്കുന്നതു കാണുവാൻ അവർ ജീവിച്ചിരുന്നു. യഥാർത്ഥത്തിൽ ലോകോപകാരിണിയായ ആ സ്ത്രീരത്നം 67-ാമത്തെ വയസ്സിൽ, കഴിഞ്ഞ ജൂലൈ മാസത്തിൽ ദിവംഗതയായി.

റേഡിയത്തിന്റെ കണ്ടുപിടുത്തം തുടങ്ങിയ മാഡംക്യൂറിയുടെ ശാസ്ത്രീയഗവേഷണഫലങ്ങൾ വൈദ്യലോകത്തിനു അളവററ സഹായംചെയ്തതുകൂടാതെ, കേംബ്രിഡ്ജ് ശാസ്ത്രജ്ഞന്മാരുടെ പരമാണുവിഭജനനേട്ടങ്ങൾക്കു മാർഗ്ഗംതെളിക്കയും ചെയ്തു. ഈ ഗവേഷണശാഖയിൽ കേംബ്രിഡ്ജിലെ സുപ്രസിദ്ധമായ കാവെൻഡിഷ് ലാബറട്ടറിയും പാരിസ്സിലെ ക്യൂറിഇൻസ്റ്റിററ്യൂട്ടും തമ്മിൽ സ്നേഹപൂർവ്വമായ ഒരു മത്സരം നടന്നുവരുന്നതുപോലെ കാണുന്നു. ക്യൂറിഇൻസ്റ്റിററ്യൂട്ടു പല നേട്ടങ്ങളും നേടിയിട്ടുണ്ടു്. കഥാനായികയുടെ പുത്രിയായ ഐറീൻക്യൂറിയും അവരുടെ ഭർത്താവായ എഫ്. ജോലിയട്ടും, ഒട്ടും അപ്രധാനമല്ലാത്ത ഒരുഭാഗം അവയിൽ വഹിച്ചിട്ടുമുണ്ടു. ഏകദേശം എട്ടുമാസങ്ങൾക്കുമുമ്പു മാത്രമാണു ഈ ശാസ്ത്രജ്ഞദമ്പതികൾ കൃത്രിമമായി റേഡിയോആക്റ്റീവ് വസ്തുക്കൾ ഉണ്ടാക്കിയതു്. ആദ്യത്തെ ദമ്പതികളുടെ നിര്യാണംമൂലം ശാസ്ത്രലോകത്തിനുണ്ടായിട്ടുള്ള നഷ്ടം ഈ രണ്ടാമത്തെ ദമ്പതികൾ ഏറെക്കുറേയെങ്കിലും പരിഹരിക്കുമെന്നാശിക്കാം.

---

# എനിക്കും തടിക്കണം.

പി. കെ. രാജരാജവർമ്മ.

നമ്മുടെ ഭൂഗോളത്തിൽ സ്ഥാനംപിടിച്ചിട്ടുള്ള മഹാജനങ്ങളിൽ പലരും എന്റെ ബഹുമാനത്തിനു പാത്രമായിട്ടുണ്ടെങ്കിലും തടിയന്മാർക്കാണു് ഞാൻ പ്രഥമസ്ഥാനം കൊടുക്കുന്നതു്. അതെന്താണു് എന്നു നിങ്ങൾ ചോദിച്ചാൽ, അതിനു ശരിയായ സമാധാനം പറയാൻ ഞാൻ തയാറാണു്. ന്യൂട്ടനാണു് ആദ്യമായി ആകർഷണശക്തി കണ്ടുപിടിച്ചതെങ്കിലും ഇപ്പോൾ ഞാനും അതു കണ്ടുപിടിച്ചിട്ടുണ്ടു്. കൊളമ്പസ ആണു് ആദ്യം അമേരിക്കയിൽ പോയതെങ്കിലും എനിക്കും ഇപ്പോൾ അമേരിക്കയിൽപോകാൻ സാധിക്കും. സംശയമുള്ളവർ വഴിച്ചെലവിനുള്ള പണം തന്നു പരീക്ഷിച്ചുനോക്കട്ടെ. എന്നാൽ, അനവധി മനുഷ്യർ ദിനംദിനം തടിച്ചു വരുന്നെങ്കിലും, പഠിച്ചപണി പതിനെട്ടുംപ്രയോഗിച്ചിട്ടും എനിക്കു് ഒരിഞ്ചുപോലും തടിക്കുവാൻ സാധിച്ചിട്ടില്ല. അപ്പോൾ, ന്യൂട്ടനേയും കൊളമ്പസ്സിനേയുംകാൾ കൂടുതൽ തടിയന്മാരേ ബഹുമാനിക്കുന്നതു് സ്വാഭാവികമല്ലയൊ?

തടിക്കുന്നതിനുള്ള വിദ്യകൾ എല്ലാ തടിയന്മാരും പറഞ്ഞുതരും. പക്ഷേ, ശരിയായുള്ള ആ വിദ്യ ഒരു കച്ചവടരഹസ്യം പോലെ അവർ സൂക്ഷിച്ചുവച്ചുകൊണ്ടു് കള്ളവിദ്യകളല്ലേ മററുള്ളവർക്കു ഉപദേശിക്കുന്നതു് എന്നു ഞാൻ ബലമായി സംശയിക്കുന്നു. "അമൃതപ്രാശം കഴിച്ചാൽ തടിക്കും" എന്നു് ഒരു തടിയൻ അഭിപ്രായപ്പെട്ടു. അതു വാസ്തവമാണെന്നു എനിക്കും തോന്നി. "അതൊന്നും ആവശ്യമില്ല. അണ്ടിപ്പരിപ്പുകഴിച്ചാൽ ധാരാളം മതിയാകും" എന്നു മററൊരുതടിയൻതീർച്ച പറഞ്ഞു.

"എന്തു്? അണ്ടിപ്പരിപ്പോ?" എന്നു ഞാൻ ആശ്ചര്യത്തോടുകൂടി ചോദിച്ചു

"അതെ. ചുട്ടുതല്ലിയ അണ്ടിപ്പരിപ്പു്. അതു ദിവസവും ഒരു പാതി കഴിച്ചാൽ എന്നേപ്പോലെ തടിക്കും." എന്നു അദ്ദേഹം സത്യംചെയ്തു.

അമൃതപ്രാശവും അണ്ടിപ്പരിപ്പും അതിനിടയിലുള്ള സകല മരുന്നുകളും ഞാൻ കഴിച്ചു. "ഇപ്പോൾ കുറെയെങ്കിലും തീർച്ചയായും തടിച്ചിരിക്കും" എന്നു വിചാരിച്ചു നെഞ്ചിന്റെ വീതിയും കയ്യിന്റെ വണ്ണവും വാരിയെല്ലുകളുടെയിടയിലുള്ള മാംസളതവും പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പഴയ സ്നേഹിതൻ ആഗതനായി. "ഇപ്പോൾ ക്ഷീണം വളരെ ഭേദമുണ്ടു്. ദേഹം വളരെ നന്നായിരിക്കുന്നു." എന്നു അദ്ദേഹം പറയും എന്നുതന്നെ ഞാൻ വിചാരിച്ചു. പക്ഷേ അദ്ദേഹം എന്നെ ആപാദചൂഡം നോക്കിക്കൊണ്ടു് ഒരുമിനിട്ടുനേരം നിന്നതിനുശേഷം പറഞ്ഞതു് ഇപ്രകാരമായിരുന്നു. "അപ്പോൾ, ഇവിടെയൊക്കെയുണ്ടായിരുന്ന ടൈഫോയിഡ് നിങ്ങൾക്കും പിടിപെട്ടോ? ഞാൻ അതറിഞ്ഞില്ലല്ലോ!"

"എന്തു ടൈഫോയിഡ്? നിങ്ങൾ എന്താണു പറയുന്നതു്?" എന്നു ഞാൻ ചോദിച്ചു.

"നിങ്ങൾക്കു ടൈഫോയിഡ് പിടിച്ചില്ലേ? പിന്നെ എന്താണു് ഇത്ര ക്ഷീണിച്ചിരിക്കുന്നതു്? ഞാൻ കഴിഞ്ഞ പ്രാവശ്യം കണ്ടതിന്റെ പകുതിയേ ഉള്ളല്ലോ നിങ്ങളുടെ ദേഹം!" എന്നുപറഞ്ഞു് അദ്ദേഹം അനുകമ്പ നിറഞ്ഞൊഴുകുന്ന ഒരു നോട്ടംനോക്കി. ഞാൻ കുപ്പികളും ഭരണികളും എല്ലാം എടുത്തുറോഡിൽഎറിഞ്ഞു്, ചിന്താകുലനായ കാലംകഴിച്ചു

അപ്പോളാണു്, സൂര്യോദയത്തിനുമുമ്പു ദിവസവും നാലുമൈൽ ഓടിയാൽ തടിക്കാതെയിരിക്കുകയില്ലെന്നു മൂന്നു മുൻസിപ്പൽകോർട്ടു വക്കീലന്മാർ എന്നോടു ഉറപ്പു പറഞ്ഞതു്. ആദ്യത്തേദിവസം രണ്ടു നായ്ക്കൾ വഴിയിൽവച്ചു എന്നേ അനുഗമിച്ചതുമൂലം നാലുമൈലിൽ എത്രയോ കൂടുതൽ ദൂരം ഇത്രയും ചുരുങ്ങിയസമയംകൊണ്ടു ഓടിത്തീർത്തു. പത്തുദിവസം കാൽ അനക്കാൻ പാടില്ലാതെ കിടപ്പായി. പതിനൊന്നാംദിവസം പിന്നെയും ഓട്ടംതുടങ്ങി. ഒരു പോലീസുകാരൻ എന്നെ പിടിച്ചുനിർത്തുകയും, രണ്ടുമിനിട്ടുനേരം മുഖത്തു സൂക്ഷിച്ചുനോക്കിയിട്ടു, "നടക്കണം സ്റ്റേഷനിലേക്കു്" എന്നു ഉത്തരവിടുകയും ചെയ്തു.

"ഉം? എന്തിനു?" എന്നു ഞാൻ ചോദിച്ചു.

"നടക്കുന്നോ ഇല്ലയോ? മര്യാദയ്ക്കു പറയുമ്പോൾ കേട്ടോണം" എന്നായി അയാൾ.

കാര്യം നല്ല പന്തിയല്ലെന്നു എനിക്കു തോന്നി. ഞാൻ ഒരു സിഗററു അയാൾക്കു സമ്മാനിക്കുകയും, എന്നേപ്പററി ഒന്നും സംശയിക്കേണ്ടതില്ലെന്നും തടിക്കാനുള്ള ആഗ്രഹംകൊണ്ടു വ്യായാമം എടുക്കുകയായിരുന്നു എന്നും അയാളേ മനസ്സിലാക്കുകയും ചെയ്തു

അയാൾ ചിരിച്ചു "സാറേ, ഇതുകൊണ്ടൊന്നും സാറു തടിക്കുകയില്ല. തടിക്കണമെന്നുണ്ടെങ്കിൽ പോലീസിൽ ചേരണം. കമ്മീഷണരാഫീസിലേക്കു ഒരപേക്ഷ അയച്ചാട്ടെ. ഇപ്പോൾ ബി. ഏ. ക്കാരേയും എടുക്കുന്നുണ്ടു്"

പക്ഷേ, അന്വേഷിച്ചപ്പോൾമാത്രമാണു് എനിക്കു മനസ്സിലായതു് പോലീസിൽ ചടച്ചവർക്കു സ്ഥലംകൊടുക്കില്ലെന്നു്. സ്വല്പം തടിച്ചാലുടൻ പൊയ്ക്കൊള്ളാം എന്നു ഞാൻ പറഞ്ഞെങ്കിലും അതിനും കമ്മീഷണർ സമ്മതിക്കുകയില്ലത്രെ. ചേതമില്ലാത്ത ഈ ഉപകാരംകൂടി ചടച്ചവർക്കു ചെയ്യുകയില്ലെന്നാണു"!

അങ്ങനെയിരിക്കുമ്പോൾ ആണു്, "ക്രൂനിസിസ്സം നിങ്ങൾ നോക്കാത്തതെന്തു്?" എന്നു ഒരു സ്നേഹിതൻ ചോദിച്ചതു്.

"അതിനെന്താണു വില? കുപ്പിക്കു നാലഞ്ചുരൂപാ വരുമോ?" എന്നു ഞാൻ ചോദിച്ചു.

അയാൾ ചിരിച്ചു. "ഫേയ്! അതു മരുന്നുമല്ലാ, അതിനു ചിലവുമില്ലാ. എന്നുതന്നെയല്ലാ, ഇപ്പോൾ ഉള്ള ചിലവുതന്നെ കുറയ്ക്കുകയും ചെയ്യാം. ഈ സാമ്പത്തികാധഃപതനകാലത്തു ഇത്രയും നല്ല മറെറാരു പ്രയോഗം ഇല്ല" എന്നു അയാൾ മറുപടി പറഞ്ഞു.

ഒരുവെടിക്കു രണ്ടുപക്ഷി. തടിക്കുകയും ചെയ്യാം, ചിലവുംകുറയും. ഏതായാലും ഈ വിദ്യ ഒന്നു പരിക്ഷിച്ചുകളയാം എന്നു തീർച്ചപ്പെടുത്തി അന്നു നല്ല മഞ്ഞുകാലമായിരുന്നു നേരം പ്രഭാതമായപ്പോൾ ഞാൻ എഴുനേററു്, തണുത്തുവിറച്ചുകൊണ്ടു്, പച്ചവെള്ളം നിറച്ചിരുന്ന ഒരു തൊട്ടിയിൽ ഒടിഞ്ഞു് ഇരിപ്പായി. ഒരു കയ്യുകൊണ്ടു വയറു തിരുമ്മുകയും ചെയ്തിരുന്നു. ഞാൻ അറിയാതെതന്നെ "നാരായണ, നാരായണ" എന്നു ജപിച്ചുപോയി. പുനർജ്ജന്മം എന്നു ഒന്നുണ്ടെന്നും, കഴിഞ്ഞജന്മത്തിൽ ഞാൻ അസാമാന്യമായ പാപം ചെയ്തിരുന്നു എന്നും, അതിനുള്ള ശിക്ഷയാണു ഇതെന്നും എല്ലാം എന്റെ ഉള്ളിൽ തോന്നി. തണുപ്പുകൊണ്ടു ദേഹം മരവിച്ചുതുടങ്ങി. എനിക്കു തടിക്കുകയുംവേണ്ട, ഒന്നും വേണ്ട എന്നു ഞാൻ നിശ്ചയിച്ചു എങ്കിലും അഭിമാനം വിട്ടുകൊടുക്കുന്നതെങ്ങനെ? ആദ്യത്തെ ദിവസംതന്നെ തോറേറാടിയാൽ ആളുകൾ എന്തു പറയും? ഇതെല്ലാം വിചാരിച്ചു കുറേനേരംകൂടി അതനുഭവിച്ചു അതുകഴിഞ്ഞു ഊണുകഴിക്കാൻ പോയപ്പോൾ ആണു് എന്റെ ക്ഷമ തിരെ നശിച്ചതു്. വേവിക്കാത്തതും ചുമന്നതും ആയ ഉണക്കൽ ചോറു ഒന്നും കൂട്ടാതെ ഭക്ഷിക്കണംപോലും. അതിൽപിന്നെ ക്രൂനിസിസ്സ്ററുകാരെ കണ്ടാൽ ഞാൻ ഓടിഒളിക്കും.

നല്ല ആഹാരങ്ങൾ ധാരാളംകഴിച്ചാൽ മാത്രമേ തടിക്കുകയൊള്ളൂ എന്നാണു് ഒരു കൂട്ടരുടെ ഉപദേശം. കരയുകയും കൂവുകയും അമറുകയും ചെയ്യുന്ന സാധനങ്ങൾ ഭക്ഷിച്ചാലേ "ഉശിരു" ഉണ്ടാവുകയുള്ളുവത്രേ. അനങ്ങാതെയിരിക്കുന്ന മത്തങ്ങായും വാഴക്കായും പോലും വയററിൽ ചെന്നുകഴിഞ്ഞാൽ ചിലപ്പോൾ മുറുമുറുക്കുന്നു. അപ്പോൾ സ്വതേതന്നെ ഓടിച്ചാടി നടക്കുന്നവയേ ഉള്ളിലേക്കു തള്ളിവിട്ടാലത്തെ കഥ എനിക്കു ആലോചിക്കാൻകൂടിവയ്യാ. പോരെങ്കിൽ We are what we eat എന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. അതനുസരിച്ചു വെള്ളപ്പാൻകാലമാകുമ്പോൾ "കൊക്കരേകൊ ഓ" എന്നു ഞാൻ കൂവിത്തുടങ്ങുകയേ വിശക്കുമ്പോൾ "ഇംമ്ഹേ ഏ" എന്നു കരയുകയോചെയ്യുങ്കിൽ അതു വലിയ 'അലോക്യ'മായിത്തീരുകയും ചെയ്യും. അയ്യോ!

# കൂടാതെ കഴികയില്ല!

## —അഴകേറിയ, മസൃണ ശരീരം

അതിനെ, പ്രകൃതിയിൽനിന്നു കിട്ടുന്ന പരിശുദ്ധതൈലങ്ങൾ കൊണ്ടുണ്ടാക്കിയിട്ടുള്ളതും അതിസന്തോഷമുളവാക്കുന്നതും ആയ ഈ സോപ്പുപയോഗിച്ചു പുലർത്തിക്കൊള്ളുവിൻ.

സുന്ദരമായ ശരീരശോഭയെ കവിഞ്ഞു ഒരു ആകർഷകത്വമില്ലം. മനോഹരമായ മെയ്‌വിലാസത്തിനു, അത്യന്താപേക്ഷിതമായ ഒന്നാമത്തെ കാര്യം പരിപൂർണ്ണമായ ശുചിത്വമാകുന്നു എന്നു ഏതു വിദഗ്ദ്ധനും അറിവുള്ളതാണല്ലോ. ആ ശുചിത്വം ഉപരിഭാഗത്തുമാത്രം പോരാത്തതും രോമകൂപങ്ങളുടെ ഉള്ളിൽവരെ ചെന്നെത്തേണ്ടതും ആകുന്നു. പരിശുദ്ധങ്ങളായ തൈലങ്ങളാൽ ഉണ്ടാക്കപ്പെട്ടിരിക്കുന്ന '501' ടോയ്‌ലറ്റുസോപ്പുപയോഗിച്ചാൽ ഇതു തീർച്ചയായും സാധിക്കുന്നതുമാണ്. നുരയേറിയ അതിന്റെ പത സൗമ്യമായും എന്നാൽ തീർച്ചയായും തൊലിയിലുള്ള സകല മലിനതകളേയും അകറ്റുന്നു. ശരീരത്തിനു അതിമനോഹരമായ ഒരു മസൃണത്വവും സൂക്ഷ്മമായ ഒരു മാലതീസൗരഭ്യവും ഉണ്ടാക്കുകയും ചെയ്യുന്നു.

തീക്ഷ്ണങ്ങളായ രാസദ്രവ്യങ്ങൾ ചേർന്നിട്ടേയില്ലാത്ത ഈ 501-ടോയ്‌ലറ്റുസോപ്പിന്റെ വില, അതിന്റെ വിശിഷ്ടഗുണങ്ങളോർക്കുമ്പോൾ, എത്രയോ തുച്ഛമാണ്.

### മൃഗങ്ങളുടെ കൊഴുപ്പുകൾ ചേർന്നിട്ടേയില്ല.

ടോംകോ ടോയ്‌ലറ്റു സോപ്പുകളിൽ താഴെപ്പറയുന്ന സാധനങ്ങൾ ചേരുന്നു:—ഹമ്മാം, പിച്ചിപ്പൂതൈലം, ഫ്യൂഗെർ, കാർണേഷൻ, ലവൻഡർ, ഹെന്നാ, ഖുസ് ഖസ്, മോടി, ജയൻഡികൊളോൺ, ജയ്.

TOMCO

**Tomco Sales Dept**
**P. O. Box 31, Madras.**




**THE TATA OIL MILLS Co. Ltd., TATAPURAM.**


വേണ്ടവേണ്ടാ! എനിക്കു ഇങ്ങനെ തടിക്കണ്ടാ.

അതു പറഞ്ഞപ്പോൾ ആണു എനിക്കു ഒന്നുതോന്നുന്നതു്. ഈ ലോകത്തിൽ തടിയന്മാർക്കു മാത്രമേ സ്ഥാനമുള്ളോ? മഹാത്മാഗാന്ധി തടിയനാണോ? ബാബുരാജേന്ദ്രപ്രസാദ് ചടച്ചആളല്ലേ? സർ പി. സി. റേയുടെ ദേഹത്തു എല്ലും തൊലിയും അല്ലാതെ വല്ലതും ഉണ്ടോ? ഇവരെ ഒക്കെ അനവധി തടിയന്മാർ മഹാന്മാരായി കരുതുന്നില്ലേ? വലിയ ഉദ്യോഗസ്ഥന്മാരുടെയിടയിലും മെലിഞ്ഞവർ ധാരാളം ഉണ്ടല്ലോ. ഡാക്ടർമാർ, എഞ്ചിനീയർമാർ, ഭർത്താക്കന്മാർ, അമ്പിട്ടന്മാർ, ഡ്രൈവർമാർ, വക്കീലന്മാർ മുതലായി സകലമാനപേരുടെയിടയിലും മെലിഞ്ഞ ആളുകൾ, ഔന്നത്യം പ്രാപിച്ചിട്ടുണ്ട്. പിന്നെ എന്തിനാണ് ഞാൻ ഇത്ര ബുദ്ധിമുട്ടുന്നതു്? ഇവരുടെയെല്ലാം കമ്പനി ഉപേക്ഷിച്ചു തടിയന്മാരുടെകൂടെ കൂടാൻ ശ്രമിക്കുകയോ? എന്തു ഭോഷത്വം! വേണ്ടാ. എനിക്കു തടിക്കണ്ടാ. പോരെങ്കിൽ, കുഞ്ചൻനമ്പ്യാർകൂടി പറഞ്ഞിരിക്കുന്നതു്, "പൊണ്ണത്തടിയനെയെന്തിനുകൊള്ളാം? വല്ല പുരയ്ക്കൊരു തൂണിനുകൊള്ളാം" എന്നല്ലേ? തടിയന്മാരെ! നിങ്ങളെപ്പററി പലതും എഴുതാൻ എനിക്കു തോന്നുന്നു. ഞാൻ എഴുതുകയും ചെയ്യും. അതു് അരുതെന്നുണ്ടെങ്കിൽ നിങ്ങൾ ഒരുകാര്യംചെയ്യണം. തടിക്കാനുള്ള ശരിയായവിദ്യ ഉടൻ എന്നെ അറിയിക്കണം.

---

# ക്രിസ്തുവിൻെറകാലത്തു യൂദേയാദേശത്തിൻെറ സ്ഥിതി:

മയ്യനാട്ട്, എ. ജോൺ, ബി. എ.

(തുടർച്ച)

സ്വജനങ്ങളെ വെറുക്കുകയും വിജാതീയരോടു വളരെ മൈത്രിയോടുകൂടി വർത്തിക്കുകയും ചെയ്തു ഈ പ്രഭുവർഗ്ഗത്തിൻെറ സന്മാർഗ്ഗനിഷ്ഠയിലുള്ള ശൈഥില്യവും ലോകായതികത്വവും ഫരിസ്യരുടെ കർക്കശമായ വിദ്വേഷത്തിനു പാത്രീഭവിച്ചിരുന്നു. തങ്ങളുടെ വേദത്തിൻെറ പവിത്രതയെ പരിപാലിക്കുന്നതിലും സദ്ദൂച്യരുടെ പാഷണ്ഡതയിൽനിന്ന് അതിനെ സംരക്ഷിക്കുന്നതിലും അവർ അതിയായ ജാഗ്രത പ്രദർശിപ്പിച്ചു. അതിനായി അവർ വേദമാകുന്ന നിധിക്കുചുററും ഭാഷ്യങ്ങളാകുന്ന അനവധി പ്രാകാരങ്ങളെ നിർമ്മിക്കുകയും അവ ഈശ്വരകല്പനകളായ വേദനിധികളെപ്പോലെ തന്നെ പരിപാവനങ്ങളും സർവാദരണീയങ്ങളുമാണെന്നു ഘോഷിക്കുകയും ചെയ്തു. അവരുടെ ഈ സിദ്ധാന്താഭാസങ്ങൾക്കു യുക്തികതയുടെ ഛായ നൽകുന്നതിനായി സകല ദിവ്യശാസനങ്ങൾക്കും മോശതന്നെ വ്യാഖ്യാനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്നു അവർ വാദിച്ചു. പരമ്പരാഗതമായ ഈ വ്യാഖ്യാനങ്ങളെ ശേഖരിച്ചു വേദവിധികൾക്കു ഒരു ഭാഷ്യസംഹിത നിർമ്മിക്കുകയെന്നുള്ളതു് അവരുടെ പരമലക്ഷ്യമായിത്തീർന്നു. ഈ അനുശാസനങ്ങളെ കൂലംകഷമായി ചർച്ച ചെയ്തു ക്രോഡീകരിക്കുന്നതിനായി പണ്ഡിതസംഘങ്ങൾ രൂപവത്കരിക്കപ്പെട്ടു. സ്വാതന്ത്ര്യനാശത്തിനുശേഷം യഹൂദജനങ്ങൾക്കു വേദഗ്രന്ഥങ്ങളുടെ മൂലഭാഷയായ ഹെബ്രൂ ദുർഗ്രഹമായിത്തീർന്നിരുന്നതിനാൽ അവർ ഈ വ്യാഖ്യാനങ്ങളെ ദൈവവചനങ്ങളായിത്തന്നെ സ്വീകരിച്ചു. ഇക്കാലത്തു യഹൂദന്മാർക്കുണ്ടായിരുന്ന മതസംബന്ധമായ അറിവു മുഴുവനും അവർക്കു ഈവിധം ഈ ഫരിസ്യപണ്ഡിതന്മാരിൽ നിന്നു ലഭിച്ചതു മാത്രമായിരുന്നു. തൽമ്മൂദ (Talmud) എന്ന യഹൂദപുരാണഗ്രന്ഥസമുച്ചയത്തിൽ ഫരിസ്യരുടെ മതസിദ്ധാന്തങ്ങൾ യഥാസ്ഥിതി വർണ്ണിക്കപ്പെട്ടിട്ടുണ്ടു്. ദൈവത്തെപ്പററിയോ ആത്മാവിനെപ്പററിയോ, മനുഷ്യജന്മത്തിൻെറ പരമോദ്ദേശത്തെപ്പററിയോ മററു സനാതനസത്യങ്ങളെപ്പററിയോ ഉള്ള നിരൂപണങ്ങളോ ചിന്തകളോ അവയിൽ അടങ്ങിയിരുന്നില്ല. ശുഷ്കങ്ങളും നിരർത്ഥകങ്ങളുമായ അനുഷ്ഠാനവിധികളെക്കുറിച്ചുള്ള സുദീർഘങ്ങളും തീക്ഷ്ണങ്ങളുമായ വാദപ്രതിവാദങ്ങളും വേദപ്രമാണങ്ങളെപ്പററിയുള്ള അസംബന്ധങ്ങളായ വ്യാഖ്യാനങ്ങളുംകൊണ്ടു അവ നിറഞ്ഞിരുന്നു. ഫരിസ്യന്മാർ അവരുടെ വേദപ്രമാണത്തിൻെറ പരിശുദ്ധിയെ സംരക്ഷിക്കുന്നതിൽ അന്യാദൃശമായ ശുഷ്കാന്തി പ്രദർശിപ്പിച്ചിരുന്നുവെന്നുള്ളതിനു സംശയമില്ല. എന്നാൽ അവരുടെ ശ്രദ്ധ മുഴുവനും പതിഞ്ഞിരുന്നതു് ദേവാലയനികുതിയുടെ താരിപ്പു കൃത്യമായി നിർണ്ണയിക്കുന്നതിലും അനവധി പ്രക്ഷാളനവിധികൾ നിർവചിക്കുന്നതിലും ശബ്ബത്താചാരക്രമങ്ങൾ നിഷ്കർഷിക്കുന്നതിലുമായിരുന്നു. അവരുടെ സിദ്ധാന്തപ്രകാരം ഒരു യഹൂദനു പരിശുദ്ധനായിത്തീരണമെങ്കിൽ അവൻ ഫരിസ്യരുടെ നിയമങ്ങൾ അക്ഷരംപ്രതി അനുഷ്ഠിക്കേണ്ടിയിരുന്നു.

അർത്ഥശൂന്യങ്ങളായ നിയമങ്ങളുടെ കാഠിന്യം ജനങ്ങൾക്കു പൊതുവെ ദുസ്സഹമായിത്തീർന്നു. സദ്ദൂച്യർ അവയെ പരസ്യമായിത്തന്നെ അവഗണിച്ചു. ഫരിസ്യരാകട്ടെ പ്രത്യക്ഷത്തിൽ അവയെ അനുസരിച്ചുവെങ്കിലും ഈ നാട്യംകൊണ്ടു അവരുടെ ദാംഭികത്വത്തെയും മതഭ്രാന്തിനെയും മറയ്ക്കുകയത്രെ ചെയ്തതു്. അക്കാലത്തെ ഫരിസ്യമതത്തിൻെറ യഥാർത്ഥസ്ഥിതിയെ ആച്ഛാദനം ചെയ്തിരുന്ന യവനികയെ തൽമ്മൂദിൽ അടങ്ങിയിരിക്കുന്ന പുരാണഗ്രന്ഥങ്ങളുടെ കർത്താക്കന്മാർ അപാവരണം ചെയ്തിട്ടുള്ളതിനാൽ നമുക്കു അതു ഒരു കണ്ണാടിയിലെന്നതുപോലെ സ്പഷ്ടമായിക്കാണാവുന്നതാണു്. തങ്ങളുടെ ബാഹ്യവ്യാപാരങ്ങളെ ക്രമപ്പെടുത്തി ജനസാമാന്യത്തിൻെറ ഭയഭക്തിബഹുമാനങ്ങളെ സമാർജ്ജിക്കുന്നതിനായി ഈ ദാംഭികന്മാരാൽ അനുഷ്ഠിക്കപ്പെട്ട ആചാരവിധികളുടെ ബീഭത്സതയും ദുഷ്ഫലങ്ങളും ഊഹാതീതങ്ങളത്രെ. ഇവയിൽ പലതും പരിഹാസയോഗ്യങ്ങളും ബാലിശങ്ങളുമായിരുന്നു. ഉദാഹരണമായി അവർ നടക്കുമ്പോൾ, നടത്തയുടെ ഗൗരവം വർദ്ധിപ്പിക്കുന്നതിനു പാദങ്ങൾ തമ്മിലുരുമ്മത്തക്കവണ്ണം കാലടികൾ വളരെയടുപ്പിച്ചടുപ്പിച്ചു വയ്ക്കുമായിരുന്നു. സ്ത്രീമുഖദർശനം തങ്ങൾക്കു ഹിതമല്ലെന്നു കാണിക്കാനായി അവർ അധോമുഖരായി നടക്കുകയും തന്നിമിത്തം പലപ്പോഴും ഭിത്തികളിലും മററും ചെന്നുമുട്ടുകയും ചെയ്തിരുന്നു. മററുചിലർ കുറേക്കൂടി ഭക്തിനടിച്ചു അവരുടെ ഉത്തമാംഗം ചാക്കുകൊണ്ടു പൊതിയുകയും തെരുവീഥികളിൽക്കൂടി കുരുടന്മാരെപ്പോലെസഞ്ചരിക്കുകയും ചെയ്തിരുന്നു.

ഈ ചിത്രം പരിഹാസസാഹിത്യത്തിനു അനുരൂപവും അതിശയോക്തിപരവുമാണെന്നു വായനക്കാർ ശങ്കിക്കുന്നുവെങ്കിൽ അതിൻെറ യാഥാർത്ഥ്യത്തെപ്പററി അവർക്കു ബോദ്ധ്യമാകുന്നതിനും കപടഭക്തിയഹൂദരുടെ ഇടയിൽ എങ്ങനെ ഒരു ശാസ്ത്രീയമായ കല വിദ്യയായിപ്പരിണമിച്ചുവെന്നു ഗ്രഹിക്കുന്നതിനും അവർ തൽമ്മൂദിലെ ഏതാനും ഭാഗങ്ങൾ വായിച്ചുനോക്കിയാൽമതിയാകും. വേദവിധികൾ അനുഷ്ഠിക്കുക സുകരമല്ലാതെവരുമ്പോൾ അവയെ അവഗണിക്കുന്നതിനു പല ഉപായങ്ങളും ഫരിസ്യർ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഉദാഹരണമായി ശബ്ബത്തിവസം ഒരു ചുമടു് 1500-വാര ദൂരത്തിലധികം ഒരുവനു കൊണ്ടുപോകാൻ പാടില്ലെന്നു വിധിയുണ്ടായിരുന്നു. എന്നാൽ ഈ നിയമപ്രകാരമുള്ള ദൂരത്തിൻെറ പരമാവധിയിൽ എന്തെങ്കിലും ആഹാരസാധനം തലേ രാത്രി നിക്ഷേപിച്ചിരുന്നാൽ അവനു് ഇരട്ടിദൂരം ആ ചുമടുകൊണ്ടുപോകുന്നതിനു അനുവാദമുണ്ടായിരുന്നു. ഒരു ഫരിസ്യനു് അവൻെറ മൃഗങ്ങളിലൊന്നു ചാകാൻപോകുന്നുവെന്നു തോന്നിയാൽ ശബ്ബത്താചാരവിധിയെ ലംഘിക്കാതെ അതിനെ കൊല്ലുന്നതിനു ഒരു ഉപായമുണ്ടു്. അതിനെക്കൊന്നിട്ടു അതിൻെറ മാംസം ഒരുകഷണം അവൻ വിഴുങ്ങണം. അങ്ങനെചെയ്താൽ ശബ്ബത്തിവസം ജന്തുഹിംസചെയ്തുവെന്നുള്ള അപരാധത്തിൽനിന്നു അവനു മോചനം സിദ്ധിക്കും. വേണ്ടിവന്നാൽ ശബ്ബത്തിവസം ക്രയവിക്രയം ചെയ്യുന്നതിനു അവനു അനുവാദമുണ്ടു്. പക്ഷെ വിലകൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതു അടുത്തദിവസം മാത്രമേ ആകാമായിരുന്നുള്ളു. നിയമലംഘനാപരാധംകൂടാതെ യഹൂദർക്കു വളരെ രഹസ്യമായിച്ചെയ്യുന്നതിനു റാബികൾ എന്ന ഗുരുക്കന്മാരാൽ അനുവദിക്കപ്പെട്ടിട്ടുള്ള അഴിമതികളും ദുഷ്പ്രവൃത്തികളും അനവധിയാണു്. അവയെല്ലാം ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല.

യഥാർത്ഥമായ മതത്തിനും സന്മാർഗ്ഗത്തിനും ഈ അനാചാരങ്ങൾമൂലമുണ്ടായ അപകർഷം ജനസാമാന്യത്തെ പൊതുവെ ബാധിച്ചിട്ടുണ്ടായിരുന്നുവെങ്കിലും അവയ്ക്കു അതീതരായിരുന്ന യോഗ്യന്മാർ പലരും യൂദേയായിൽ ഉണ്ടായിരുന്നുവെന്നുള്ളതിനു സംശയമില്ല. അസ്സീഡിയൻസ്സ് എന്ന ആ പരമഭക്തന്മാരുടെ വിശ്വാസവും സൽഗുണങ്ങളും പാരമ്പര്യമായി സിദ്ധിച്ചിരുന്ന ഉത്തമന്മാരായ അനേകം വേദശാസ്ത്രവിശാരദന്മാർ അക്കാലത്തു പരിലസിച്ചിരുന്നു. ഏതാദൃശരായ പല മഹാന്മാരുടെയും പേരുകളും അവരെപ്പററിയുള്ള സ്മൃതികളും നാം സുവിശേഷഗ്രന്ഥങ്ങളിലും തൽമൂദിലും കാണുന്നുണ്ടു്. അവരിൽ ഹില്ലേൽ അഗ്രഗണ്യനാണു്. അദ്ദേഹത്തിൻെറ ദാരിദ്ര്യവ്രതവും ചാരിത്രശുദ്ധിയും ധർമ്മതിഷ്ണതയും ഔദാര്യവും സുവിഖ്യാതങ്ങളാണു്. അദ്ദേഹത്തിൻെറ ഉപദേശങ്ങളിൽ പലതും ക്രിസ്തുവിൻെറ ധർമ്മശാസനങ്ങളോടു മിക്കവാറും സാമ്യം വഹിക്കുന്നവയായിട്ടുണ്ടു്. എങ്കിലും, "വിദ്യാഭ്യാസമില്ലാത്ത യാതൊരു മനുഷ്യനും സദ്വൃത്തനായിരിക്കാൻ കഴിയുകയില്ല."സാധാരണജനങ്ങളിൽ ആരുംതന്നെ ഭക്തന്മാരായ തീർന്നിട്ടില്ല. എന്നും മററുമുള്ള അദ്ദേഹത്തിൻെറ തത്വങ്ങൾ ക്രൈസ്തവോചിതമല്ലാത്ത ഔദ്ധത്യത്താൽ മലിനമായിരുന്നു.

അവസാനമായി നമുക്കു പ്രതിപാദിക്കാനുള്ളതു എസ്സേനികൾ എന്ന അതിവിശിഷ്ടരായ ആ യഹൂദസംഘക്കാരെപ്പററിയാണു് ഡെഡ്സിയുടെ പശ്ചിമതീരത്തു ദിവ്യകോപാഗ്നിയാൽ ദഹിപ്പിക്കപ്പെട്ട ആ വിപുലമായ സികതാരണ്യത്തിൻെറ നടുവിൽ ചക്ഷുഃപ്രീതികരമായ ഒരു മരുപ്പച്ച(Oasis) സ്ഥിതിചെയ്യുന്നുണ്ടു്. ഒരു ഹരിതാംബരത്താൽ എന്നവണ്ണം തുംഗഗുല്മലതാദികളാൽ പരിവേഷ്ടിതമായ ആ ഉപവനാന്തരത്തിൽ "ജനനമരണമില്ലാത്ത നിത്യമായ ഒരു ജനസംഘം" നിവസിച്ചിരുന്നു. സ്ത്രീകളും ശിശുക്കളും അവരുടെ ഇടയിൽ ഒരിക്കലും കാണപ്പെട്ടിരുന്നില്ല. സുദീർഘമായ പരിക്ഷണത്തിനുശേഷം യുവാക്കന്മാർക്കു മാത്രമേ ആ സംഘത്തിൽ പ്രവേശനം അനുവദിക്കപ്പെട്ടിരുന്നുള്ളു. അതിൽ അംഗമായിത്തീരുന്നവനു പ്രവേശനദിവസം

സംഘവസ്ത്രമായ ശ്വേതാംബരവും, വിവിധങ്ങളായ പ്രക്ഷാളനകർമ്മങ്ങൾക്ക് ആവശ്യമായ തോർത്തുമുണ്ടും, കോടാലിയുടെയും മൺവെട്ടിയുടെയും ഉപയോഗം ചെയ്യുന്നതും സൂര്യരശ്മിയുടെ നൈർമ്മല്യത്തിനു ബാധകമായിത്തീരാവുന്ന എല്ലാ മലിനപദാർത്ഥങ്ങളെയും വെട്ടിമൂടുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ ഒരു ആയുധവും നൽകപ്പെടുന്നു. അതികക്ലേശമായ ഒരു ശിക്ഷണത്തിനു സംഘാംഗങ്ങൾ വിധേയരായിരുന്നു. നിർവിശങ്കമായ അനുസരണവും പരിപൂർണ്ണമായ മത്സ്യമാംസപരിവർജ്ജനവും സ്വയംകൃതശാരീരദണ്ഡനവും അവർക്കു നിർബന്ധിതമായിരുന്നു. നിയമലംഘനത്തിന് അവർക്കു നൽകപ്പെട്ട ഏകശിക്ഷ സംഘബഹിഷ്കരണമത്രെ. അങ്ങനെ ബഹിഷ്കരിക്കപ്പെട്ട മനുഷ്യൻ തൃണാശനം മാത്രംകൊണ്ടു ജീവിച്ചു ക്രമേണ ദേഹവിയോഗം ചെയ്യണമെന്നായിരുന്നു സംഘനിയമപ്രകാരമുള്ള കഠോരവിധി.

ഈ കഠിനമായ തപോജീവിതത്തിൽ എസ്സേനികളെ ആശ്വസിപ്പിച്ചിരുന്ന പ്രത്യാശകളും ആദർശങ്ങളും എന്തായിരിക്കാം? ഈ പ്രശ്നത്തിനു സമാധാനം പറയാൻ നമുക്കു നിവൃത്തിയില്ല. സംഘരഹസ്യങ്ങൾ ഒരിക്കലും വെളിക്കുപറയാൻ പാടില്ലെന്നുള്ള ഒരു ഘോരനിയമം സംഘാംഗങ്ങളുടെ വക്ത്രങ്ങളെ ബന്ധിച്ചിരുന്നു. അവർ സൂര്യനെ ആരാധിച്ചിരുന്നുവെന്നും ശരീരമാകുന്ന കാരാഗൃഹത്തിൽ താൽകാലികമായി ബന്ധിക്കപ്പെട്ടിരുന്ന ഒരു വിശിഷ്ടാത്മാവിൽ വിശ്വസിച്ചിരുന്നുവെന്നും മാത്രമേ നമുക്കു ഇപ്പോൾ അവരെപ്പററി അറിയാവൂ. ദേവാലയത്തിലെ ബലികർമ്മങ്ങളെയും മാംസഭോജനത്തെയും അവർ അത്യന്തം വെറുത്തിരുന്നു. അവരുടെ മൗനവ്രതം യാതൊരു കാരണവശാലും ഭഞ്ജിക്കപ്പെടാവുന്നതായിരുന്നില്ല. അവരുടെ ജീവിതോദ്ദേശ്യമെന്തായിരുന്നുവെന്ന് ആർക്കും നിശ്ചയമില്ല. അവരുടെ സംഘം ദീർഘകാലം നിലനിന്നില്ലെന്നുള്ളതുകൊണ്ടും അപ്രായോഗികമായ അവരുടെ സിദ്ധാന്തങ്ങൾക്കു ജനങ്ങളുടെ ഇടയിൽ രഞ്ജനയും പ്രചാരവും ഒരിക്കലും സിദ്ധിച്ചിട്ടില്ലെന്നുള്ളതുകൊണ്ടും യഹൂദമതചരിത്രത്തിൽ അവർക്കുള്ള സ്ഥാനം തിരെ അഗണ്യമാണ്.

യഹൂദജനസാമാന്യത്തിന്റെ ചിന്തകളെയും ആദർശങ്ങളെയും അറിയണമെന്നാഗ്രഹിക്കുന്നവർ അക്കാലത്തു രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ വായിച്ചുനോക്കേണ്ടതാണു. ഇനോഖിന്റെ പുസ്തകത്തിൽനിന്ന് ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. "അക്കാലത്തു സജ്ജനങ്ങൾക്കായി അത്ഭുതകരമായ ഒരു പരിവർത്തനമുണ്ടാകും. പകലത്തെ വെളിച്ചം നിഴലും രാത്രിയുംകൂടാതെ അവർക്കായി പ്രകാശിക്കും. ......മഹാനായരാജാവിനുവേണ്ടി ആദ്യത്തേതിനെക്കാൾ വിശാലവും ശോഭമാനവുമായ ഒരു പുതിയ ദേവാലയം സ്ഥാപിക്കപ്പെടും. ആ സ്ഥലത്തു നീതിയുടെ അക്ഷയമായ ഒരു ഉറവു ഞാൻ കാണുന്നു. അതിൽനിന്നു വിജ്ഞാനത്തിന്റെ അനവധി നദികൾ എല്ലാഭാഗത്തേക്കുംപ്രവഹിക്കും...." ഇതിനേക്കാൾ ഭൗതികമായ സൌഭാഗ്യം യഹൂദന്മാർക്കു അന്യത്ര പ്രതിശ്രുതമായിട്ടുണ്ട്. "ശക്തനായ ദൈവത്തിന്റെ ജനങ്ങൾ സൌവർണ്ണവും രാജതവുമായ ജലാശയങ്ങളിൽസ്നാനംചെയ്യും. അവരുടെ വസ്ത്രങ്ങൾ പാടലവർണ്ണമായിരിക്കും. എല്ലാഭൂഖണ്ഡങ്ങളുംമഹാസമുദ്രങ്ങളും അവയുടെ നിക്ഷേപങ്ങളെ അവരുടെ പാദങ്ങളിൽ വർഷിക്കും. വിശുദ്ധന്മാർ അനന്തമായ ആനന്ദത്താൽ പരിവൃതരായി വിജയിക്കും. ആട്ടിൻകുട്ടിയും കടുവായും സമീപവർത്തികളായിനിന്നു മേയും..." തദാനീന്തനഗ്രന്ഥങ്ങളിൽനിന്ന് ഇത്തരം ആശയങ്ങളെ ധാരാളമായി ഉദ്ധരിക്കാവുന്നതാണ്. എസ്ദ്രാസ്സിന്റെ നാലാംപുസ്തകവും സോളമന്റെ സംകീർത്തനങ്ങളും അലക്സാൻഡ്രിയായിലെ യഹൂദഗ്രന്ഥകാരന്മാരും യഹൂദന്മാരുടെ ഏതാദൃശങ്ങളായ ആശയങ്ങൾക്കും പ്രത്യാശകൾക്കും സാക്ഷ്യംവഹിക്കുന്നു. തല്ക്കാലസ്ഥിതിയിൽ അസംതൃപ്തവും ഉത്കൃഷ്ടതരമായ ഒരു ലക്ഷ്യത്തെയും സംപൂർണ്ണമായ ജന്മസാഫല്യത്തെയും പ്രാപിക്കുന്നതിന് ഉത്കണ്ഠിതവുമായിരിക്കുന്ന ഒരു ജനസഞ്ചയത്തിന്റെ ഭാവനകളെയും സങ്കല്പങ്ങളെയും നാം സർവത്ര കാണുന്നു. എന്നാൽ ഈ ഭാവനകളും സങ്കല്പങ്ങളുമെല്ലാം ഐഹലൗകികങ്ങളും ഭൗതികങ്ങളുമായ ഐശ്വര്യാനന്ദങ്ങളിൽമാത്രം അധിഷ്ഠിതമായിരിക്കുന്നു.

ഈ ഭൗതികാശയങ്ങളെ അതിവർത്തിച്ചു ചിന്തിക്കുകയും ജീവിക്കുകയും ചെയ്തിട്ടുള്ള മഹാത്മാക്കൾ അക്കാലത്തു തീരെ ഇല്ലാതിരുന്നില്ല. നാശോന്മുഖവും ലോകായതികവുമായ ഈ ഇസ്രായേൽ ജനവർഗ്ഗത്തിന്റെ ഇടയിൽ ആത്മീയപ്രബുദ്ധതയും ഐശ്വരചൈതന്യവുംകൊണ്ടു ലോകോത്തരമായ ക്രൈസ്തസാമ്രാജ്യത്തിന്റെ പൗരപദം പ്രാപിക്കുന്നതിന് സർവഥാ യോഗ്യരായ പല മഹാന്മാരുമുണ്ടായിരുന്നു. ഈ വിശുദ്ധന്മാർ ദിവ്യസത്യങ്ങളെപ്പററിയുള്ള നിരന്തരവും ഭക്തിപൂർവകവുമായ ധ്യാനത്താൽ ദീർഘദർശനവേദാഗമത്തിൽ രൂപവത്കൃതമായിരിക്കുന്ന സാക്ഷാത്തായ മിശിഹായുടെ ചിത്രം സൂക്ഷ്മമായി ദർശിച്ചിരുന്നു.

ആദിമമനുഷ്യന്റെ അധഃപതനസമയത്തുതന്നെ സ്ത്രീയുടെ ബീജത്തിൽനിന്നു ലോകോദ്ധാരണത്തിനായി ഒരുവൻ അവതീർണ്ണനാകുമെന്നു ദൈവം ആദാമിനോടു പ്രതിശ്രുവം ചെയ്തിരുന്നു. അതിനുശേഷം സെമ്മിന്റെ വംശത്തിൽനിന്നു അബ്രഹാമിന്റെ ഗോത്രക്കാരായ ഒരുക്കൂട്ടം ജനങ്ങളെയും ആ കൂട്ടത്തിൽനിന്നു യൂദായുടെ ശാഖയേയും അദ്ദേഹം വേർതിരിച്ചു. ലോകോദ്ധാരകനായ മ്ശിഹാ അവതരിക്കാനിരുന്നതു് ആ ശാഖയിലായിരുന്നു. മ്ശിഹായുടെ അവതാരം സമീപിക്കുന്തോറും വേദാഗമങ്ങളിൽ അന്തർഹിതമായിരുന്ന അദ്ദേഹത്തിന്റെ ചിത്രം ഉത്തരോത്തരം സ്പഷ്ടതരമായ് ബ്ഭവിക്കുന്നു. മോശ അദ്ദേഹത്തെ ഒരു ദീർഘദർശിയായും പ്രഭാവത്തിൽ തനിക്കു തുല്യനായും ദർശിക്കുന്നു. ദാവീദിന്റെ ദൃഷ്ടിയിൽ അദ്ദേഹം ഒരു രാജാവും തന്റെ പ്രതാപമഹിമകൾക്കെന്നെപോലെ ദുരദൃഷ്ടങ്ങൾക്കും അവകാശിയായ ഒരു പുത്രനമാണ്. സങ്കീർത്തനകാരനു അദ്ദേഹത്തിന്റെ നാമധേയംപോലും വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. എല്ലാകാലങ്ങളുടെയും രാജാവായ ഈ ആദ്യന്തവിഹീനൻ, ദൈവത്തിന്റെ അഭിഷിക്തൻ—ക്രിസ്തു—മ്ശിഹാ, എന്നിങ്ങനെ വിളിക്കപ്പെടണം. ദിവ്യാവതാരത്തെപ്പററിയുള്ള ഈ സൂചനയെ ദീർഘദർശികളിൽ ഓരോരുത്തരും അനസ്യൂതമായി പോഷിപ്പിച്ചുകൊണ്ടിരുന്നു. ബെത്ലേം അദ്ദേഹത്തിന്റെ ജനനസ്ഥലവും ഗലീലേയാ അദ്ദേഹത്തിന്റെ സ്വദേശവും ഒരു കന്യക അദ്ദേഹത്തിന്റെ ജനനിയുമായിരിക്കണം. അദ്ദേഹം സുവിശേഷങ്ങളെ ഹൃദയത്തിൽ ശുദ്ധിയും എളിമയുമുള്ളവർക്കായി ഉപദേശിക്കും. അദ്ദേഹം ഗർദ്ദഭാരൂഢനായി സീയോനിൽ പ്രവേശിക്കും. അദ്ദേഹം നിന്ദിക്കപ്പെടുകയും നിരസിക്കപ്പെടുകയും ആട്ടിൻകുട്ടിയെപ്പോലെ വധത്തിനായി ആനയിക്കപ്പെടുകയും ചെയ്യും. അദ്ദേഹത്തിന്റെ വസ്ത്രം ഭാഗിക്കപ്പെടുകയും മേലങ്കിക്കായി നറുക്കിടുകയും അദ്ദേഹത്തിന്റെ കരങ്ങളും പാദങ്ങളും ആവിദ്ധമാവുകയും വിനാഗിരികൊണ്ടു് അദ്ദേഹത്തിന്റെ അധരങ്ങൾ ആസിക്തമാകയും ചെയ്യും. തന്റെ പുനരുത്ഥാനത്തിന്റെ മാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്നതിനു മാത്രമായി അദ്ദേഹം ഖലോചിതമായ മരണത്തിന് അധീനനാകും. യഹോവായുടെ വലതുഭാഗത്തു് ഉപവിഷ്ടനായി അദ്ദേഹം മനുഷ്യഹൃദയമാകുന്ന സാമ്രാജ്യത്തെ എന്നെന്നേയ്ക്കും ഭരിക്കുന്നതിനായ അദ്ദേഹത്തിന്റെ ആത്മാവ് അഗാധഗർത്തത്തിൽനിന്നും ശരീരം ജീർണ്ണതയിൽനിന്നും പ്രത്യുദ്ധരിക്കപ്പെടും.

ക്രിസ്തുവിനെപ്പററിയുള്ള ദീർഘദർശനങ്ങൾ ഈവിധം സുനിശ്ചിതമായ ഒരു ദശയെ പ്രാപിക്കുമ്പോൾ ഒടുവിലത്തെ ദീർഘദർശിയായ മാലാക്കി രംഗപ്രവേശനംചെയ്യുന്നു. യേശുവിന്റെ മുന്നോടിയായ യോഹന്നാനെപ്പററി പ്രവചിച്ചിട്ട് അദ്ദേഹം ദീർഘദർശനചിത്രം പൂർത്തിയാക്കുന്നു. ഈ മുന്നോടി ലേവ്യവംശത്തിൽ ജാതനാകും. അദ്ദേഹം പുരോഹിതന്മാരുടെ ദുഷ്യങ്ങളെയും വിജാതീയസ്ത്രീകളുമായുള്ള അവരുടെ വിനിന്ദ്യസംസർഗ്ഗത്തെയും പ്രതിഷേധിക്കും. സൂര്യോദയംമുതൽ അസ്തമയംവരെ അർപ്പിക്കപ്പെടുന്ന ഒരു അഭിനവബലിയെ അദ്ദേഹം പ്രഖ്യാപനംചെയ്യും. അദ്ദേഹം ലേവ്യന്മാരിൽനിന്നു വേർതിരിഞ്ഞു ജീവിക്കുകയും മ്ശിഹായുടെ മുൻഗാമിയായി അദ്ദേഹത്തിനു മാർഗ്ഗസജ്ജീകരണം ചെയ്യുകയും ചെയ്യും. "അപ്പോൾ നിങ്ങൾ അന്വേഷിക്കുന്ന രക്ഷകനും നിങ്ങൾ ആഗ്രഹിക്കുന്ന വേദാഗമത്തിലെ ദൈവദൂതനുമായ അദ്ദേഹം തന്റെ ദേവാലയത്തിൽ വരും. കണ്ടാലും, അദ്ദേഹം വരുന്നു, എന്നു സ്വർഗ്ഗീയസൈന്യങ്ങളുടെ നാഥൻ പറയുന്നു.

ഈ വിധം യഥാർത്ഥ ഇസ്രായേൽക്കാരായ ഏവരും ഈശ്വരാവതാരമായ മശിഹായുടെയും അദ്ദേഹത്തിന്റെ മുന്നോടിയുടേയും ആഗമനത്തെ ഉത്കണ്ഠാപൂർവം പ്രതീക്ഷിച്ചിരുന്നു.

---

THE MALAYALA RAJYAM
CHITRAVARIKA.
19th NOV. 1934. Vol. VII No 11

# ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

## അനവധി സർട്ടിഫിക്കററുകൾ ലഭിച്ച ആരോഗ്യപ്രദ എന്ന

## കാമബാണരസായനം



രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മററെല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന്ന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ദുരഭ്യാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചൂടിൽ, അസ്ഥിയുരുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിന്നു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലർന്നുപോകുക, ഉഷ്ണപ്പുണ്ണു മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന്ന് ഓജസ്സും തേജസ്സും നൽകി, കോമളസൌകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന്ന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുകുഴിഞ്ഞു്, കവിളൊട്ടി, തോൾ ഇടിഞ്ഞുതാണു് കയ്യും കാലും മെലിഞ്ഞു്, വിളറിവെളുത്തു് എല്ലുതോലുമായി, വിളവുകൾക്കു കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നാലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോടു് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു
വില രൂപാ 2.
(അഞ്ചൽകൂലി പുറമെ.)

## പിത്തകുലാന്തകൻ.

### പിത്തരോഗികൾക്കു് ഒരു വലിയ അനുഗ്രഹം.



അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പു്, ദേഹം എല്ലായ്പ്പോഴും വിയർക്കുക, ശരീരത്തിനു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണു്. കണ്ണിന്റെ മലക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി പരിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കതന്നെവേണ്ടണം ശരീരത്തിനു തളർച്ചു ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക, ഉറക്കത്തിൽ ദുസ്സ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പു്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണു്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു
വില രൂപാ 2.

## മഹാതിക്തകഘൃതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചതും മാംസം, ത്വക്ക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാഡീവ്രണം, അർബ്ബുദം ഭഗന്ദരം, ഗണ്ഡമാല, പാദദാഹം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിനു മുകളിലുണ്ടാകുന്ന രക്തദുഷ്ട്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അർശസ്സ്, ശ്വാസംമുട്ടു്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശു് (തപാലിൽ ൩ ണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.